# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ഡിസംബർ 2024 | വാല്യം 51 ലക്കം 8 | പേജ് 12 | വില 10.00 രൂപ

**UNITY** Monthly | December 2024 | Volume 51 Issue 9 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00


**പത്താമത് അഖിലേന്ത്യ വിദ്യാർത്ഥി സമ്മേളനം...**






ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ(എഐഡിഎസ്ഒ) നവംബർ 28,29,30 തീയതികളിൽ ഡൽഹി തൽക്കത്തോറ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച പത്താമത് അഖിലേന്ത്യാ വിദ്യാർത്ഥി സമ്മേളനം പ്രമുഖ ചരിത്രകാരൻ പ്രൊഫ.ഇർഫാൻ ഹബീബ് ഉദ്ഘാടനം ചെയ്യുന്നു.

വാർത്ത 12-ാം പേജിൽ

## ഒരു രാജ്യം ഒരു തിരഞ്ഞടുപ്പ്

# രാഷ്ട്രീയാധികാരം കേന്ദ്രീകരിക്കാനുള്ള കുടില പദ്ധതി

**പാർലമെന്റിലേയ്ക്കും സംസ്ഥാന നിയമസഭകളിലേയ്ക്കും ഒരുമിച്ച് തിരഞ്ഞെടുപ് നടത്താൻ നിർദ്ദേശിക്കുന്ന 'ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്' എന്ന നയം മുൻരാഷ്ട്രപതി രാംനാഥ് കോവിന്ദ് അദ്ധ്യക്ഷനായ ഉന്നതതല കമ്മിറ്റി മുന്നോട്ടുവയ്ക്കുകയുണ്ടായി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രമന്ത്രിസഭ ഇത് അംഗീകരിച്ചിരിക്കുന്നു. അടുത്ത പാർലമെന്ററി സെഷനിൽ ബിൽ കൊണ്ടുവരാനാണ് ഗവൺമെന്റ് നീക്കം. എന്തിനാണ് ഈയവസരത്തിൽ ഇത്തരമൊരു പദ്ധതി? എന്താണ് ഇതിന്റെ പിറകിലെ ലക്ഷ്യം?**



പ്രധാനമായും മൂന്ന് വാദങ്ങളാണ് ഒരു രാജ്യം ഒരു തിരഞ്ഞടുപ്പ് പദ്ധതിയെ പിന്തുണക്കാൻ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത്. ചെലവ് ചുരുക്കുക, നയനടത്തിപ്പുകളിലെ തടസ്സങ്ങൾ ഒഴിവാക്കുക, സെക്യൂരിറ്റി സേനയെ മികച്ചനിലയിൽ വിന്യസിക്കാൻ സാധിക്കുക എന്നിവയാണവ. എന്നാൽ വസ്തുനിഷ്ഠ യാഥാർത്ഥ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ വാദങ്ങളിൽ വലിയ കഴമ്പില്ല എന്ന് മനസ്സിലാകും. ഒരുമിച്ച് തിരഞ്ഞെടുപ്പ് നടത്തുമ്പോൾ ചെലവ് കുറയും എന്നുപറയുന്നത് എന്തെങ്കിലും മുന്നനുഭവത്തിന്റെയോ തെളിവിന്റെയോ അടിസ്ഥാനത്തിലല്ല. അതുപോലെതന്നെ ഇടക്കിടെ തിരഞ്ഞെടുപ്പ് വന്നാൽ, പെരുമാറ്റച്ചട്ടങ്ങൾ തുടരെത്തുടരെ പാലിക്കേണ്ടിവരുന്നതുമൂലം നയപരിപാടികൾ ഫലപ്രദമായി നടപ്പാക്കാൻ പറ്റുന്നില്ല എന്നതും മതിയായ തെളിവുകളോടെയല്ല പറയുന്നത്. മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വരുമ്പോൾ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നതിന് താൽക്കാലികമായ തടസ്സങ്ങൾ ഉണ്ടെന്നേയുള്ളൂ. നിലവിലുള്ള പദ്ധതികൾക്ക് യാതൊരു തടസ്സവുമില്ല. തിരഞ്ഞെടുപ്പുകളുടെ എണ്ണം കുറയുന്നതുകൊണ്ട് സെക്യൂരിറ്റി അടക്കമുള്ള നടത്തിപ്പുമായി ബന്ധപ്പെട്ട് സേനയുടെ പ്രവൃത്തികൾ കുറയുന്നുവെന്നത് സത്യമാണ്. എന്നാൽ ഇന്ത്യയുടെ സെക്യൂരിറ്റി സംവിധാനത്തെ സംബന്ധിച്ചിടത്തോളം ഇതെല്ലാം അവരുടെ ദൈനംദിന ജോലികളുടെ ഭാഗമാണ്.

### യഥാർത്ഥ കാരണം

പ്രതിസന്ധിയിൽ ഉഴലുന്ന ഇന്ത്യയിലെ മുതലാളിവർഗ്ഗം ബഹുകക്ഷി ജനാധിപത്യത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ചിട്ടകളും ശീലങ്ങളും ലഘൂകരിക്കാനോ ഇല്ലാതാക്കാനോ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ രാഷ്ട്രീയാധികാരവും ബൂർഷ്വാ ഭരണകൂടത്തിന്റെ അഥവാ അതിന് വിധേയമായി നിൽക്കുന്ന ഒരു ഗവൺമെന്റിന്റെ കൈകളിൽ കേന്ദ്രീകരിക്കാനാണ് മുതലാളിവർഗ്ഗം ആഗ്രഹിക്കുന്നത്. ബഹുകക്ഷി സമ്പ്രദായം അത്തരം അധികാരകേന്ദ്രീകരണത്തിന് തടസ്സമാണ്. ബഹുകക്ഷി ജനാധിപത്യം ഉരുത്തിരിഞ്ഞുവരുന്നത് മുതലാളിത്തത്തിന്റെ

(ശേഷം 4-ാം പേജിൽ)

# രാഷ്ട്രീയ സദാചാരരാഹിത്യവും വർഗ്ഗീയവിദ്വേഷ പ്രചാരണവും മലീമസമാക്കിയ ഉപതിരഞ്ഞെടുപ്പ്

**പാ**ലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും വയനാട് ലോക്സഭാ മണ്ഡലത്തിലും ഇക്കഴിഞ്ഞ നവംബർമാസത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുകയുണ്ടായി. പാലക്കാടും ചേലക്കരയിലും എംഎൽഎ ആയിരുന്നവർ എംപിമാരായി തിരഞ്ഞെടുക്കപ്പെട്ടതുകൊണ്ടും വയനാട് എംപിയായി തിരഞ്ഞെടുക്കപ്പെട്ട രാഹുൽ ഗാന്ധി വയനാടിന് പകരം റായ്ബറേലി നിലനിർത്താൻ തീരുമാനിച്ചതുവഴിയും ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ടതാണ് തിരഞ്ഞെടുപ്പ്. കേരളം കണ്ട ഏറ്റവും വലിയ പ്രകൃതിദുരന്തത്തെ അതിജീവിച്ച വയനാട്ടിലെ ജനങ്ങളുടെമേലാണ് ഈ ഉപതിരഞ്ഞെടുപ്പ് പതിച്ചത്. ജനപ്രതിനിധികളായിരിക്കുന്നവരെ മൽസരിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചാൽ ഒഴിവാക്കാനാവുമായിരുന്ന തിരഞ്ഞെടുപ്പ് മൽസരങ്ങളായിരുന്നു പാലക്കാടും ചേലക്കരയും. രൂക്ഷമായ വിലക്കയറ്റം ഉൾപ്പെടെയുള്ള ജീവിതദുരിതങ്ങൾ പെരുകിക്കൊണ്ടേയിരിക്കുമ്പോൾ ഒരു തിരഞ്ഞെടുപ്പ് മൽസരത്തിന്റെ ചെലവും അദ്ധ്വാനവും ഒഴിവാക്കുക എന്നത് ഒരു രാഷ്ട്രീയപ്രസ്ഥാനത്തിന്റെയും പരിഗണനയിൽ വരുന്നില്ല. എവ്വിധവും പാർലമെന്ററി പദവികൾ നേടുക എന്ന ഒരൊറ്റ ലക്ഷ്യം മാത്രമുള്ള ഈ പ്രസ്ഥാനങ്ങളുടെ മുമ്പിൽ ജനങ്ങളുടെ ജീവിതയാതനകൾക്ക് എന്തുവില?

ഈ മൂന്നുമണ്ഡലങ്ങളിലും നടന്ന തിരഞ്ഞെടുപ്പ് പ്രചാരണം കേരളത്തിൽ അപകടകരവും ദൂരവ്യാപകവുമായ പ്രത്യാഘാതങ്ങൾക്കിടവരുത്തുന്ന ചില പ്രവണതകൾക്ക് വഴിതുറന്നിട്ടുണ്ട്. തികച്ചും അവസരവാദപരവും, കേവലം തിരഞ്ഞെടുപ്പ് നേട്ടങ്ങൾക്കുവേണ്ടി ഏത് നെറികെട്ട പ്രവർത്തനങ്ങളും ലജ്ജയില്ലാതെ നടത്തുന്നതിലേയ്ക്ക് അധഃപതിച്ചുപോയിരിക്കുന്നതുമായ സിപിഐ(എം)ന്റെ നടപടികളാണ് ഇതിൽ പ്രധാന പങ്കുവഹിച്ചിരിക്കുന്നത്. ഗൗരവാവഹമായ രാഷ്ട്രീയപ്രചാരണത്തിന്റെ വേദിയെ കഴമ്പുകെട്ട കോമാളിക്കളികളുടെ കൂത്തരങ്ങാക്കി മാറ്റുകയും ചെയ്തു.

പാർലമെന്ററി അധികാരച്ചൂതുകളിയുടെ നാണംകെട്ട നാടകങ്ങളായിരുന്നു പാലക്കാട്ടെ ഉപതിരഞ്ഞെടുപ്പിന്റെ കേന്ദ്രബിന്ദു. വലിയ പ്രതിഫലമുള്ള ജോലി ത്യജിച്ച് രാഷ്ട്രീയത്തിൽ വന്നത് പദവികൾക്കുവേണ്ടിത്തന്നെയാണെന്ന് പരസ്യമായി പ്രഖ്യാപിച്ച്, കോൺഗ്രസ്സിൽനിന്നും കാലുമാറിവന്ന ഒരാളെ ഇടതുമുന്നണിയെന്ന 'ആദർശാധിഷ്ഠിത മുന്നണി' ഒരുളുപ്പുമില്ലാതെ സ്ഥാനാർത്ഥിയാക്കി. യുഡിഎഫിനോട് നയപരമായി വിയോജിച്ചതുകൊണ്ടല്ല, സ്ഥാനാർത്ഥിത്വം നിഷേധിക്കപ്പെട്ടതുകൊണ്ടാണ് ഡോ.സരിൻ യുഡിഎഫ് പാളയം വിട്ടത്. ഇന്നലെവരെ പറഞ്ഞതെല്ലാം വിഴുങ്ങി എൽഡിഎഫ് അദ്ദേഹത്തെ വാരിപ്പുണർന്നു. ഉദരപൂരണത്തിനായി ചേരിമാറുന്ന 'കല' മഹത്തായ രാഷ്ട്രീയ പ്രവർത്തനമാണെന്ന് സ്ഥാപിക്കാൻ സിപിഐ(എം) വല്ലാതെ വിയർപ്പൊഴുക്കി. കാലുമാറി വന്ന ഒരാളെ സ്ഥാനാർത്ഥിയാക്കുക മാത്രമല്ല, അതിനെ ന്യായീകരിക്കാനായി സിദ്ധാന്തം ചമക്കുകയുംചെയ്ത് സംസ്ഥാനത്തിന്റെ രാഷ്ട്രീയ അന്തരീക്ഷത്തെ മലീമസമാക്കി.

ആദർശങ്ങൾക്കോ മൂല്യങ്ങൾക്കോ അല്ല സ്വാർത്ഥതാൽപ്പര്യങ്ങൾക്കാണ് പരമപ്രാധാന്യം എന്ന സന്ദേശമല്ലേ ഇവർ ജന

(ശേഷം 2-ാം പേജിൽ)

# ജനങ്ങളും ജനജീവിതത്തിലെ നീറുന്ന പ്രശ്നങ്ങളും തെല്ലും പരിഗണിക്കപ്പെടാതെപോയ ഉപതിരഞ്ഞെടുപ്പ് പ്രചാരണം

(1–ാം പേജിൽ നിന്ന്)

ങ്ങൾക്കിടയിൽ ആവർത്തിച്ചുറപ്പിക്കുന്നത്? സദാചാരരഹിതവും അവസരവാദപരവുമായ രാഷ്ട്രീയത്തിന്റെ പിറകിൽ അണിനിരക്കുന്നതിൽ ഒരു അധാർമ്മികതയും കാണാത്ത ജനതയെ വാർത്തെടുക്കാൻ ഇത് ഇടവരുത്തുകയല്ലേ? എത്ര വലിയ അപചയത്തിലേക്കാണ് നാട് കൂപ്പുകുത്തുന്നത്! ഉയർന്ന ധാർമ്മികതയും പ്രബുദ്ധതയുമുള്ളജനങ്ങളെസൃഷ്ടിച്ചുകൊണ്ട് മുതലാളിത്ത രാഷ്ട്രീയത്തിന് പ്രതിപ്രവാഹം സൃഷ്ടിക്കുക എന്ന പ്രാഥമികമായ ഇടതുരാഷ്ട്രീയ കടമയെ ഇക്കൂട്ടർ കുഴിച്ചുമൂടുകയാണ്. ജനാധിപത്യ സംസ്കാരം പോലും പുലരാത്ത ഒരിടത്ത് എങ്ങിനെയാണ് തൊഴിലാളിവർഗ്ഗ വിപ്ലവത്തിനായി ജനങ്ങളെ ഉണർത്താൻ കഴിയുക?

സ്ഥാനാർത്ഥി നിർണ്ണയത്തെച്ചൊല്ലിയുള്ള ബിജെപിയിലെ കലാപത്തിന്റെ തുടർച്ചയായിത്തന്നെ സംസ്ഥാനനേതാവ് സന്ദീപ് വാര്യർ ബിജെപി വിട്ട് കോൺഗ്രസ്സിൽ ചേർന്നു. ബിജെപിക്കുവേണ്ടി വർഗ്ഗീയവിഷം ചീറ്റിക്കൊണ്ടിരുന്ന സന്ദീപ് വാര്യർ ഏതുപാർട്ടിയിൽ ചേക്കേറുമെന്ന് ഉറപ്പില്ലാതിരുന്ന ആദ്യഘട്ടത്തിൽ, മാന്യദേഹത്തെ സ്വീകരിക്കാൻ ഇരു കൈകളും നീട്ടി സിപിഐയും സിപിഐ(എം)ഉം നിൽക്കുന്ന ജുഗുപ്സാവഹമായ കാഴ്ചയും കേരളം കണ്ടു. അദ്ദേഹം ബിജെപി വിട്ട് സിപിഐ(എം)ലേക്ക് വന്നാൽ അത് മതേതരത്വത്തെ ശക്തിപ്പെടുത്തുമെന്ന് പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റംഗം എ.കെ.ബാലൻ പ്രസ്താവിച്ചു. ഒടുവിൽ സന്ദീപ് വാര്യർ കോൺഗ്രസ്സിൽ ചേർന്നുകഴിഞ്ഞപ്പോൾ ഒരൊറ്റ ദിവസത്തിനുള്ളിൽ സിപിഐ(എം)ലെ മറ്റൊരു പ്രമുഖനേതാവിന് അദ്ദേഹം വർഗ്ഗീയ കാളിയനായി മാറി. കോൺഗ്രസ്സിനു മാത്രമേ സന്ദീപ് വാര്യരെപ്പോലുള്ള വർഗ്ഗീയവാദികളെ ഉൾക്കൊള്ളാനാകൂ എന്നും പ്രതികരിച്ചു. സിപിഐ(എം)ലേക്കു വരികയായിരുന്നെങ്കിൽ അദ്ദേഹം കറകളഞ്ഞ മതേതരവാദിയും കോൺഗ്രസ്സിലേക്കാണ് പോകുന്നതെങ്കിൽ അദ്ദേഹം വർഗ്ഗീയ കാളിയനും! 'നാല് വോട്ടിനുവേണ്ടി എന്തു നെറിവ്കേടും കാട്ടുന്ന പാർട്ടിയല്ല സിപിഐ(എം)' എന്ന പിണറായി വിജയന്റെ പ്രസ്താവന എത്ര കൃത്യം.

സിപിഐ(എം)നെതിരെ ഡോ. സരിനും കോൺഗ്രസ്സിനെതിരെ സന്ദീപ് വാര്യരും ഇതിനോടകം പറഞ്ഞതെല്ലാം വിഴുങ്ങി, രണ്ടുംകെട്ടനിലയിൽ അതേ പ്രസ്ഥാനങ്ങളുടെ കാൽക്കീഴിൽ വീഴുന്ന ചിത്രം കേരളം അകപ്പെട്ടിട്ടുള്ള ദുർഗന്ധം നിറഞ്ഞ വലതുരാഷ്ട്രീയത്തിന്റെ പരിണതികൾ മാത്രം. അപചയത്തിലമർന്ന കോൺഗ്രസ്സിന്റെ രാഷ്ട്രീയത്തിൽനിന്നും നേർബുദ്ധിയുള്ള ഒരാളും ഇതിൽനിന്ന് ഭിന്നമായത് പ്രതീക്ഷിക്കുന്നില്ല. എന്നാൽ തൊഴിലാളിവർഗ്ഗ ആദർശവും ഇടതുപക്ഷ രാഷ്ട്രീയവും പ്രസംഗിക്കുന്ന സിപിഐ(എം)ന്റെ അധഃപതനത്തിന്റെ ആഴമാണ് ഏവരെയും അത്ഭുതപ്പെടുത്തുന്നത്; ആശങ്കപ്പെടുത്തുന്നത്.

മതവികാരത്തെ ജ്വലിപ്പിക്കുന്നതിൽ മുൻകാലങ്ങളിലുണ്ടായിരുന്ന നേരിയ മറകൾപോലും എല്ലാ മുന്നണികളും നീക്കം ചെയ്തു. മുനമ്പം വിഷയത്തെ മുൻനിർത്തി, വഖഫ് നിയമവും അതിലൂടെ മുസ്ലീം വിരുദ്ധതയും ഉയർത്തി ജനങ്ങൾക്കിടയിൽ സ്പർദ്ധയും ഭിന്നതയും സൃഷ്ടിക്കുവാൻ നടന്ന ശ്രമവും ഞെട്ടലുളവാക്കുന്നതാണ്. കൈവശഭൂമി എന്തെങ്കിലും തരത്തിൽ തിരിച്ചുപിടിക്കാനോ ഭൂമിയിൽ അവകാശമുന്നയിച്ചു കൊണ്ടോ ഒരു മുസ്ലീം സംഘടനയും രംഗത്തുവന്നില്ലെന്നിരിക്കെ വിഷയത്തിൽ നിജസ്ഥിതി വിശദീകരിക്കാനും സ്ഥിതി വഷളാക്കാതെ കൈയൊതുക്കത്തോടെ കൈകാര്യം ചെയ്യാനും ബാധ്യതപ്പെട്ട സംസ്ഥാന സർക്കാരാകട്ടെ ബിജെപിക്ക് ഇടപെടാനും വർഗ്ഗീയവിദ്വേഷം വമിപ്പിക്കാനും യഥേഷ്ടം അവസരവും സമയവും നൽകി. മുനമ്പം സമരപ്പന്തലിൽ ബിജെപി സ്ഥാനാർത്ഥി ഉൾപ്പെടെയുള്ള നേതാക്കളുടെ സന്ദർശനം കൃത്യമായ കണക്കുകൂട്ടലോടെ ആസൂത്രണം ചെയ്തതായിരുന്നു. മുനമ്പം സമരത്തെ സംബന്ധിച്ച ചർച്ച പരമാവധി നീട്ടിക്കൊണ്ടുപോയി കോൺഗ്രസ്സിന്റെ പരമ്പരാഗത വോട്ടർമാരിൽ വിള്ളൽ സൃഷ്ടിക്കാൻ സിപിഐ(എം) ആവതും പരിശ്രമിച്ചു. പാലക്കാട് ഉപതിരഞ്ഞെടുപ്പിന്റെ തീയതി നീട്ടിവച്ച ഉടനെതന്നെ മുനമ്പം പ്രശ്നപരിഹാരത്തിനായി നിശ്ചയിച്ചിരുന്ന ചർച്ചയും നീട്ടിയത് അതുകൊണ്ടാണ്. സിപിഐ(എം)ന്റെ പ്രചാരണത്തിന്റെ കേന്ദ്രവിഷയം ന്യൂനപക്ഷ വർഗ്ഗീയതയായി ചുരുങ്ങിയതും ഇതേ വർഗ്ഗീയകണക്കുകൂട്ടലോടെ മാത്രമായിരുന്നു. പാലക്കാട് തിരഞ്ഞെടുപ്പിൽ ഒരു പ്രധാനഘടകമേ അല്ലാതിരുന്ന ജമാ അത്തെ ഇസ്ലാമി, എസ്ഡിപിഐ തുടങ്ങിയ വിഭാഗീയ ശക്തികൾക്കെതിരെമാത്രം വിമർശനത്തിന്റെ മുന കേന്ദ്രീകരിച്ചത് ഈ ലക്ഷ്യത്തോടെയായിരുന്നു. ലീഗ് സംസ്ഥാന പ്രസിഡണ്ടിനെതിരെ, വളരെ അസ്വാഭാവികമായ നടത്തിയ പ്രസ്താവനയും ഇതേ ഗണത്തിൽപ്പെടുന്ന ഒന്നായിരുന്നു.

ബിജെപിയുടെ ആഖ്യാനങ്ങൾക്ക് സ്ഥിരീകരണം നൽകിക്കൊണ്ട് ഭൂരിപക്ഷവർഗ്ഗീയ വികാരത്തെ തങ്ങൾക്ക് അനുകൂലമാക്കുക എന്നതായിരുന്നു സിപിഐ(എം)ന്റെ തിരഞ്ഞെടുപ്പ് തന്ത്രം. പാലക്കാട്ടെ ഇടതു സ്ഥാനാർത്ഥിയുടേതായി തിരഞ്ഞെടുക്കപ്പെട്ട രണ്ട് പത്രങ്ങളിൽ മാത്രമായി വന്ന പരസ്യം, ആപൽക്കരമായ നിലയിൽ വർഗ്ഗീയവികാരം ഉണർത്താൻ സിപിഐ (എം) രണ്ടും കൽപ്പിച്ച് ഇറങ്ങിയിരിക്കുന്നു എന്നതാണ് തെളിയിക്കുന്നത്. മുഖ്യമന്ത്രി ഹിന്ദുദിനപത്രത്തിന് നൽകിയ അഭിമുഖവും പി.ജയരാജന്റെ പുസ്തകവുമടക്കം ഭൂരിപക്ഷ പ്രീണനത്തിന്റെ തുറന്നമുഖമാണ് സിപിഐ (എം) പ്രദർശിപ്പിക്കു ന്നത്. ഒടുവിൽ തിരഞ്ഞെടുപ്പ് ഫലത്തെ സംബന്ധിച്ച സിപിഐ(എം) വിശകലനത്തിലും ഈ നിലപാട് ആവർത്തിച്ചു. ഇടതുപക്ഷരാഷ്ട്രീയത്തിന് കനത്ത പ്രഹരവും വർഗ്ഗീയ ശക്തികൾക്ക് വമ്പിച്ച സാധ്യതകളും സമ്മാനിച്ച മാമാങ്കമായി തിരഞ്ഞെടുപ്പ് മാറി. താൽക്കാലിക തിരഞ്ഞെടുപ്പ് നേട്ടങ്ങൾ മാത്രം ലാക്കാക്കി സിപിഐ (എം) നടത്തിക്കൊണ്ടിരിക്കുന്ന ഈ നീക്കങ്ങൾ അപരിഹാര്യമായ പ്രത്യാഘാതങ്ങൾ കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിൽ സൃഷ്ടിക്കും എന്നത് സത്യസന്ധരായ ഇടതുപക്ഷ വിശ്വാസികൾ തിരിച്ചറിയണം.

കൊടകര കുഴൽപ്പണ കേസിനെ സംബന്ധിച്ച പുതിയ വെളിപ്പെടുത്തലുണ്ടായത് തിരഞ്ഞെടുപ്പ് പ്രചാരണ വേളയിലായിരുന്നു. നാലു ചാക്കുകളിൽ നിറച്ച് പണം കർണാടകത്തിൽ നിന്ന് കൊണ്ടുവന്നെന്നും ബിജെപി ഓഫീസിൽ സൂക്ഷിച്ചുവെന്നും വെളിപ്പെടുത്തിയത് ബിജെപിയുടെ മുൻ തൃശ്ശൂർ ഓഫീസ് സെക്രട്ടറിയാണ്. തിരഞ്ഞെടുപ്പിനെ മുൻനിർത്തി പണം എത്തിച്ചുവെന്ന് അന്നത്തെ ഡിജിപി അനിൽ കാന്ത് തിരഞ്ഞെടുപ്പ് കമ്മീഷന് റിപ്പോർട്ട് നൽകിയിരുന്നുവെന്ന വാർത്തയും പുറത്തുവന്നു. കെ. സുരേന്ദ്രന്റെ മാത്രമല്ല, ശോഭാ സുരേന്ദ്രന്റെയും പങ്ക് പരാമർശ വിധേയമായി. എന്നാൽ തിരഞ്ഞെടുപ്പ് പ്രചാരണരംഗത്ത് കൊടകര കുഴൽപ്പണക്കേസ് ചർച്ചക്കെടുക്കാനും ബിജെപി രാഷ്ട്രീയത്തിന്റെ ഭയാനകമായ അപചയം ജനങ്ങളെ ബോധ്യപ്പെടുത്താനും ഒരു മുന്നണിയും മുൻകൈ എടുക്കാതിരുന്നത് ദുരൂഹമായ ഒന്നായി ജനങ്ങൾക്ക് അനുഭവപ്പെട്ടു; പ്രത്യേകിച്ച് എൽഡിഎഫ്.

സകല വിഭാഗം ജനങ്ങളുടെയും ജീവിതം, ദുരിതക്കയത്തിൽ നിലയില്ലാതെ കൈകാലിട്ടടിക്കുന്ന ഘട്ടത്തിലാണ് ഈ ഉപതിരഞ്ഞെടുപ്പ് നടന്നത്. എന്നാൽ ഒരു സ്ഥാനാർത്ഥിക്കും ഒരു മുന്നണിക്കും ഒരു രാഷ്ട്രീയപാർട്ടിക്കും സാധാരണ മനുഷ്യരുടെ യാതനകൾ പരിഗണനാ വിഷയമായില്ല. പതിവുപോലെ എല്ലാവരും ജനങ്ങൾക്കുംഅവരുടെപ്രശ്നങ്ങൾക്കുംനേരെ അവജ്ഞയോടെ മുഖം തിരിച്ചു. ജീവിത പ്രശ്നങ്ങളിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാൻ അടവുകൾ പതിനെട്ടും പയറ്റി. വിലക്കയറ്റം, നികുതി-ചാർജ് വർദ്ധനവുകൾ, തൊഴിലില്ലായ്മ, ജനങ്ങൾ അഭിമുഖീകരിക്കുന്ന ഗുരുതരമായ കടക്കെണി ഇവയൊന്നും എവിടെയും ചർച്ച ചെയ്യപ്പെട്ടില്ല. മാത്രവുമല്ല, ഈവക പ്രശ്നങ്ങൾ സ്വഭാവികമായ നിലയിൽപ്പോലും ചർച്ച ചെയ്യപ്പെടാതിരിക്കാൻ ആരോപണ-പ്രത്യാരോപണങ്ങളും അപകീർത്തികരമായ പ്രസ്താവനകളും വ്യക്തിഹത്യയും ബോധപൂർവ്വം സൃഷ്ടിച്ചെടുക്കുന്ന പ്രശ്നങ്ങളും കൊണ്ട് യഥാർത്ഥ പ്രശ്നങ്ങൾ സമർത്ഥമായി മറയ്ക്കപ്പെട്ടു. ജനങ്ങളുടെയും മാധ്യമങ്ങളുടെയും ശ്രദ്ധ തിരിക്കാൻ വിഷയങ്ങൾ ഉന്നയിക്കുന്നതിൽ മുന്നണികൾ തമ്മിലുള്ള മത്സരവും ഗംഭീരമായിരുന്നു. സിപിഐ(എം) നാടകീയമായി ഉയർത്തിക്കൊണ്ടുവന്ന നീലട്രോളിബാഗിലെ പണം കടത്ത്, പാലക്കാട്ടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ നിലവാരത്തെ മാത്രമല്ല, സിപിഐ(എം) എന്ന പാർട്ടിയുടെ ഗതികേടിനെയും അളക്കാൻ സഹായകരമായി.

ബിജെപിയും കോൺഗ്രസും തമ്മിൽ ധാരണയുണ്ടെന്ന് സിപിഐ(എം)ഉം, സിപിഐ(എം)ഉം കോൺഗ്രസും തമ്മിലാണ് ധാരണയെന്ന് ബിജെപിയും ബിജെപിയും സിപിഐ(എം)ഉം തമ്മിലാണ് ധാരണയെന്ന് കോൺഗ്രസും ആരോപിക്കുന്നു. കോർപ്പറേറ്റുകൾക്കുവേണ്ടി ജനങ്ങൾക്കെതിരെ നടപ്പാക്കുന്ന നയങ്ങളുടെ കാര്യത്തിൽ ഇവരെല്ലാം തമ്മിലുള്ള പരസ്പര ധാരണയാണ് ജനങ്ങൾക്ക് ബോധ്യപ്പെടുന്ന വസ്തുത.

പുനഃരധിവാസത്തെക്കുറിച്ചുള്ള ഗീർവാണങ്ങളല്ലാതെ ജീവിതം തിരിച്ചു പിടിക്കാൻ വേണ്ടതൊന്നും ചൂരൽമല ദുരന്തത്തിന്നിരയായ ജനങ്ങൾക്ക് ഇനിയും ലഭ്യമായിട്ടില്ല. ചികിത്സാരംഗം നേരിടുന്ന ഗുരുതരമായ പരിമിതികൾ മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ വ്യക്തമാക്കിയതാണ്. എല്ലാ ചികിത്സാ സൗകര്യങ്ങളുമുള്ള സർക്കാർ ആശുപത്രികൾ എല്ലാ താലൂക്കുകളിലും സ്ഥാപിക്കുക എന്നത് വയനാട്ടിലെ ജനങ്ങളുടെ ദീർഘകാല ആവശ്യമാണ്. പശ്ചിമഘട്ടത്തിലെ അനധികൃത ക്വാറികളും അനധികൃത നിർമ്മാണങ്ങളും നിർത്തിവയ്ക്കുക, വന്യമൃഗശല്യത്തിൽ നിന്നും പ്രദേശവാസികളെയും കൃഷിയും സംരക്ഷിക്കുക, വിളകൾക്ക് മിനിമം താങ്ങുവില ഏർപ്പെടുത്തി സർക്കാർ ഏറ്റെടുക്കുക തുടങ്ങി പ്രദേശത്തെ ജനങ്ങളുടെ സവിശേഷമായ ജീവത് പ്രശ്നങ്ങൾ നിരവധിയാണ്. ഇതൊന്നും തിരഞ്ഞെടുപ്പ് വേളയിൽ ചർച്ചയായില്ല. ജനങ്ങളുടെ ദുർബലമായ പ്രതിഷേധ ശബ്ദങ്ങൾക്ക് താരപ്പൊലിമയുള്ള പ്രചാരണത്തിന്റെ കോലാഹലങ്ങൾ മറികടക്കാനായില്ല.

ജനങ്ങളുടെ പ്രശ്നങ്ങൾ പേരിനുപോലും ചർച്ച ചെയ്യപ്പെട്ടില്ല എന്നത് തിരഞ്ഞെടുപ്പ് വേളകളിൽ പോലും നിറയുന്ന അരാഷ്ട്രീയതയുടെ പ്രതിഫലനമാണ്. എല്ലാ മുന്നണികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും അവനവന്റെ അണികളെ വിജ്രംഭിച്ചു നിർത്തുക മാത്രമേ വേണ്ടിയിരുന്നുള്ളൂ. മൂന്ന് മുന്നണികളും പ്രബലരാഷ്ട്രീയ പാർട്ടികളും ഇക്കാര്യത്തിൽ ഒരേ സമീപനമാണ്.

പോളിങ് ശതമാനത്തിൽ വന്ന ഇടിവ് ജനങ്ങളുടെ താൽപര്യ രാഹിത്യത്തിന്റെ സൂചനയാണ്. തിരഞ്ഞെടുപ്പ് ഫലവും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഭരണത്തോടും നയങ്ങളോടുമുള്ള എതിർപ്പിന്റെ പ്രതിഫലനമാണ്. ഇനിയെങ്കിലും ബിജെപിയും സിപിഐ (എം) ഇത് തിരിച്ചറിയണം. ജനങ്ങളുടെ ഏറ്റവും പ്രധാന വിഷയം ജീവിത പ്രശ്നങ്ങൾ തന്നെ. ബാക്കിയെല്ലാം അർഹിക്കുന്ന അവജ്ഞയോടെ തള്ളപ്പെടും. വോട്ടിങ്ങിൽനിന്ന് വിട്ടു നിൽക്കുന്നതോ ഭരണപക്ഷ പ്രസ്ഥാനങ്ങളുടെ പേക്കൂത്തുകളിൽ നിസ്സംഗരും നിരാശരമാകുന്നതുകൊണ്ടോ പ്രശ്നം പരിഹരിക്കപ്പെടില്ല. പോൾ ചെയ്ത വോട്ടുകളിൽ ഭൂരിപക്ഷം നേടുന്ന വ്യക്തിയോ മുന്നണിയോ അധികാരത്തിൽ എത്തും, ജന വിരുദ്ധ കുത്തകാനുകൂല നയങ്ങൾ തുടരും. പാർലമെന്ററി രാഷ്ട്രീയ കസർത്തുകൾക്കപ്പുറത്ത് ജനങ്ങളുടെ യഥാർത്ഥ ഡിമാന്റുകൾ നേടിയെടുക്കാനുള്ള യോജിച്ച പ്രക്ഷോഭങ്ങൾ വികസിപ്പിച്ചെടുക്കേണ്ടത് അടിയന്തരമായ ആവശ്യകതയാണെന്ന് ഈ സാഹചര്യം ഓർമ്മപ്പെടുത്തുന്നു. ഒപ്പം നമ്മുടെ രാഷ്ട്രീയ സാമൂഹ്യരംഗം മലീമസമാക്കുന്ന ശക്തികൾക്കെതിരായ ബൃഹത്തായ സാംസ്കാരിക മുന്നേറ്റം വളർത്തിയെടുക്കേണ്ടതിന്റെ പ്രാധാന്യവും. ■




# ദുരന്തത്തെ അതിജീവിച്ചവരെ ദുരിതങ്ങളിലേക്ക് തള്ളിവിടുന്ന സർക്കാരുകൾ

**2024** ജൂലൈ 30നാണ് വയനാട്ടിലെ മുണ്ടക്കൈ,ചൂരൽമല, പുഞ്ചിരിമട്ടം എന്നീ ഗ്രാമങ്ങളെ ഏറെക്കുറെ തുടച്ചുമാറ്റിയ ഉരുൾപൊട്ടൽ ദുരന്തം ഉണ്ടായത്. നാനൂറിലധികം പേരുടെ ജീവൻ നഷ്ടമാവുകയും, നൂറിലധികം പേരെ കാണാതാവുകയും ചെയ്ത, കേരളം കണ്ട ഏറ്റവും വലിയ പ്രകൃതിദുരന്തങ്ങളിൽ ഒന്നായിരുന്നു ഇത്. ഈ പ്രദേശങ്ങളിലെ നൂറുകണക്കിനു വീടുകളും കടകളും വാഹനങ്ങളും സ്കൂളുമടക്കം തകർന്നു. കൃഷിയും കന്നുകാലികളും ജീവിതമാർഗ്ഗവും നശിച്ചു. ഒറ്റ രാത്രി കൊണ്ട് സർവ്വതും നഷ്ടമായ ഇവിടത്തെ ജനത്തിന്റെ വേദനയിൽ മനഃസാക്ഷിയുള്ള ഏവരും പങ്കുചേർന്നതാണ്. നിരവധി സന്നദ്ധസംഘടനകൾ, ഔദ്യോഗികസേനാവിഭാഗങ്ങൾക്കൊപ്പം ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ പങ്കുകൊണ്ടിരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നഷ്ടപരിഹാരവും പുനരധിവാസസഹായവുമൊക്കെ വാഗ്ദാനം ചെയ്തിരുന്നു. മുഖ്യമന്ത്രി നിയമസഭയിൽ വെളിപ്പെടുത്തിയതനുസരിച്ച്, 514.14 കോടി രൂപ, ഒക്ടോബർ 5 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവനയായി ലഭിച്ചിട്ടുണ്ട്. 1200 കോടിയുടെ നഷ്ടമാണ് വയനാട്ടിൽ ഉണ്ടായതായി സംസ്ഥാനസർക്കാർ കണക്കാക്കുന്നത്.

പക്ഷേ, ദുരന്തം നടന്ന് മാസങ്ങളായിട്ടും വയനാട്ടിലെ ദുരന്തബാധിതർക്ക് പുനരധിവാസമോ, വാഗ്ദാനം ചെയ്ത നഷ്ടപരിഹാരമോ ലഭിച്ചിട്ടില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തങ്ങളോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ അവർക്ക് കഴിഞ്ഞ ഒക്ടോബർ 30ന് സൂചനാസമരം നടത്തേണ്ടിവന്നു. മാറ്റിപ്പാർപ്പിക്കേണ്ട കുടുംബങ്ങളുടെ എണ്ണം വെട്ടിച്ചുരുക്കുന്നു, കണ്ടെത്തിയ ഭൂമിയാകട്ടെ നിയമപ്രശ്നങ്ങൾ ഉള്ളതുമാണെന്ന് ദുരന്തബാധിതർ പറയുന്നു. 131 പേർക്ക് ഇനിയും യാതൊരു സഹായവും ലഭിച്ചിട്ടില്ല. മരിച്ചവരുടെയും കാണാതായവരുടെയും പട്ടിക സർക്കാർ പുറത്തുവിടണമെന്നും ഇവർ ആവശ്യപ്പെട്ടു.

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് സ്വമേധയാ എടുത്ത കേസിലും പുനരധിവാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണനയിലാണ്. വയനാട് ഉപതിരഞ്ഞെടുപ്പ് സമയമായതിനാൽ ഭരണമുന്നണിയും പ്രതിപക്ഷവും വിഷയം ഏറ്റെടുത്ത് കേന്ദ്രസർക്കാരിനെതിരെ ഹർത്താലടക്കം നടത്തുകയുണ്ടായി. ദുരന്തത്തെ ദേശീയദുരന്തമായി പ്രഖ്യാപിക്കണമെന്നതാണ് ഇരുകൂട്ടരും ആവശ്യപ്പെടുന്നത്. കേന്ദ്രസർക്കാർ മതിയായ സഹായം നൽകുന്നില്ലെന്നും സംസ്ഥാനത്തോട് പൊതുവിൽ കാണിക്കുന്ന വിവേചനം പോലെ തന്നെ ഇക്കാര്യത്തിലും വിവേചനപരമായ സമീപനം പുലർത്തുന്നുവെന്നും അവർ ചൂണ്ടിക്കാട്ടുന്നു. ഒക്ടോബറിൽ, ഈ വിഷയത്തിൽ കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിരുന്നു. എന്നാൽ, അവശ്യമായ എല്ലാ സഹായവും വയനാടിനുവേണ്ടി ചെയ്തതാണെന്നും ദുരന്തനിവാരണം പ്രാഥമികമായും സംസ്ഥാനത്തിന്റെ ഉത്തരവാദിത്തമാണെന്നുമാണ് കേന്ദ്രനിലപാട്. ദേശീയദുരന്തമായി പ്രഖ്യാപിക്കാൻ നിയമപരമായി സാധിക്കില്ലെന്നും അവർ പറയുന്നു. വാദവും മറുവാദവും എന്തുതന്നെയായാലും യാതൊരു സഹായമോ പുനരധിവാസമോ ലഭിക്കാത്ത അവസ്ഥയിലാണ് ദുരന്തബാധിതർ എന്നതാണ് യാഥാർത്ഥ്യം.

## കൈമലർത്തുന്ന കേന്ദ്രം

ദുരന്തശേഷം ആഗസ്റ്റ് 10ന് പ്രധാനമന്ത്രി നരേന്ദ്രമോദി തന്നെ നേരിട്ട് വയനാട്ടിൽ എത്തി ദുരന്തമേഖലകളും ദുരന്തത്തെ അതിജീവിച്ചവരേയും സന്ദർശിച്ചിരുന്നു. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50000 രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നഷ്ടപരിഹാരം വാഗ്ദാനം ചെയ്തിരുന്നു. വയനാടിനൊപ്പമുണ്ടാകും എന്നൊക്കെ പ്രഖ്യാപിച്ചു പ്രധാനമന്ത്രി മടങ്ങിപ്പോയിട്ട് നാളിതുവരെയായിട്ടും മതിയായ പരിഗണനയോ സഹായമോ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. ദേശീയദുരന്തമായി പ്രഖ്യാപിക്കാൻ നിയമപരമായി സാധിക്കില്ലയെന്ന് കേന്ദ്രം പറയുന്നു. ശരി, പക്ഷേ ഇത്രയധികം പേർ മരിക്കുകയും ഗ്രാമങ്ങൾ തന്നെ ഇല്ലാതാകുകയും ചെയ്ത, ഇത്രയും വ്യാപ്തിയുള്ള ഒരു ദുരന്തത്തിന് പരിഹാരമുണ്ടാക്കാൻ കേരളം പോലെ ഒരു ചെറിയ സംസ്ഥാനത്തിന് ഒറ്റയ്ക്ക് സാധിക്കില്ല എന്നത് വ്യക്തമല്ലേ? അവിടെ ആവശ്യപ്പെടാതെ തന്നെ സഹായിക്കേണ്ട ഉത്തരവാദിത്തം രാജ്യത്തിന്റെ ഭരണകൂടത്തിനില്ലേ? ബിജെപി ഭരിക്കുന്ന, അല്ലെങ്കിൽ അവർക്ക് രാഷ്ട്രീയ താൽപര്യങ്ങളുള്ള സംസ്ഥാനങ്ങളിൽ മോദി സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ കൂടി കാണുമ്പോൾ, കേരളത്തോട് വിവേചനം കാണിക്കുന്നു എന്ന ആരോപണത്തിൽ വസ്തുതയില്ല എന്ന് എങ്ങനെ പറയാനാകും? ദുരന്തത്തെക്കുറിച്ച് മുൻകൂട്ടി സംസ്ഥാനത്തിന് മുന്നറിയിപ്പ് നൽകിയിരുന്നു എന്ന പച്ചക്കള്ളം പാർലമെന്റിൽ പറഞ്ഞ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ നാളിതുവരെ ദുരന്തസ്ഥലം സന്ദർശിച്ചിട്ടു കൂടിയില്ല. കേന്ദ്രസർക്കാരിന്റെ വിവേചനപരമായ സമീപനത്തെ ന്യായീകരിക്കാനായി സംസ്ഥാനത്തെ ചില ബിജെപി നേതാക്കൾ തീർത്തും ജുഗുപ്സാവഹമായ ന്യായീകരണങ്ങളും നിരത്തിയിരുന്നു.

കേരളത്തിന്റെ ദുരന്തനിവാരണ ഫണ്ടിൽ തങ്ങൾ അനുവദിച്ച 291.2 കോടി രൂപയടക്കം 782.99 കോടി ഉണ്ടാകണമെന്നും, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അറിയിച്ചതനുസരിച്ച് 394.99 കോടി ഈ അക്കൗണ്ടിൽ ബാക്കിയുണ്ടെന്നുമാണ് കേന്ദ്രസർക്കാർ ഹൈക്കോടതിയെ അറിയിച്ചത്. ഇതിനുപുറമേ, 214.68 കോടി കൂടി ദേശീയ ദുരന്തനിവാരണ ഫണ്ടിൽ നിന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അവർ അറിയിച്ചു. എന്നാൽ വയനാട് ദുരന്തവുമായി ബന്ധപ്പെട്ടുമാത്രം ഒന്നും കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിനു ലഭിച്ചിട്ടില്ല എന്നായിരുന്നു ഹൈക്കോടതി നിയോഗിച്ച അമിക്കസ് ക്യൂറിയും കണ്ടെത്തിയത് എന്നാണ് റിപ്പോർട്ട്. ഇനി കേന്ദ്രത്തിന്റെ അവകാശവാദം അംഗീകരിച്ചാൽ തന്നെ, ഇത്രയും വലിയ ദുരന്തത്തെ നേരിട്ടവരെ മനുഷ്യോചിതമായ രീതിയിൽ പുനരധിവസിപ്പിക്കാൻ ഈ തുക മതിയാകുമോ എന്നതാണ് ചോദ്യം. അത് അപര്യാപ്തമാണെന്ന് ഏവർക്കുമറിയാം. കേരളം പോലെ വിഭവദാരിദ്ര്യമുള്ള ഒരു സംസ്ഥാനത്തിന് ഒറ്റയ്ക്ക് കൈകാര്യം ചെയ്യാനാകുന്ന വിഷയമല്ല ഇത്. ഇത്തരം അവസരങ്ങളിൽ സങ്കുചിതമായ താൽപര്യങ്ങൾക്ക് അതീതമായി വേണം ഒരു ദേശീയ സർക്കാർ ഇടപെടേണ്ടത്. ദുരന്തമുഖത്ത് വ്യോമസേനയടക്കമുള്ള സൈനികവിഭാഗങ്ങൾ നടത്തിയ സേവനം ഏറെ പ്രശംസിക്കപ്പെട്ടതാണ്. എന്നാൽ അനുവദിച്ച സഹായത്തിൽ 153.46 കോടി, ദുരന്തത്തിൽ വ്യോമസേന നൽകിയ സേവനങ്ങൾക്കുള്ള ബിൽ അടയ്ക്കാനാണെന്ന് കേന്ദ്രം പറയുന്നു. നേരത്തെ 2019 ലും പ്രളയകാലത്തെ സേവനത്തിന് 102 കോടിയുടെ ബിൽ വ്യോമസേന നൽകിയതായും അത് സംസ്ഥാനത്തിന്റെ ദുരന്തനിവാരണ ഫണ്ടിൽ നിന്നും അടയ്ക്കേണ്ട ബാധ്യതയുള്ളതായും റിപ്പോർട്ടുണ്ടായിരുന്നു. അതായത്, രാജ്യത്തിന്റെ സൈന്യം ജനങ്ങൾക്ക് ഒരു ദുരന്തമുഖത്ത് നൽകുന്ന സേവനം പോലും ഈ മുതലാളിത്തവ്യവസ്ഥിതിയിൽ സൗജന്യമല്ല എന്നതാണ് യാഥാർത്ഥ്യം. കേന്ദ്രത്തിന്റെ ഈ തെറ്റായ സമീപനം തിരുത്തി വയനാട്ടിലെ ദുരന്തബാധിതരായ ജനങ്ങൾക്ക് ആവശ്യമായ എല്ലാ സഹായവും നൽകണം. ഇതിൽ സങ്കുചിതരാഷ്ട്രീയതാൽപര്യങ്ങൾ കടന്നുവരാൻ പാടില്ല. കാരണം, അവരും ഈ രാജ്യത്തിന്റെ പൗരന്മാരാണ്. അതുൾക്കൊണ്ടുകൊണ്ട്, വയനാടിന്റെ പുനരധിവാസത്തിന് മതിയായ തുക കേന്ദ്രം നൽകണം. അത് കൃത്യമായി, സുതാര്യതയോടെ ചെലവഴിക്കപ്പെടുന്നു എന്നത് ഉറപ്പാക്കുകയും വേണം.

## വേണ്ടതു ചെയ്യാത്ത സംസ്ഥാന സർക്കാർ

മറുവശത്ത്, കേന്ദ്രസർക്കാരിനെ പഴിചാരി മുഖംരക്ഷിക്കാൻ ശ്രമിക്കുന്ന സംസ്ഥാനസർക്കാർ നാളിതുവരെ എന്താണ് വയനാടിനുവേണ്ടി ചെയ്തത്? ദുരന്തബാധിതരെ സഹായിക്കാൻ പണമൊരു പ്രശ്നമല്ല എന്നൊക്കെ മുഖ്യമന്ത്രി പറയാറുണ്ടെങ്കിലും സഹായം പലപ്പോഴും അവരിലേക്കെത്താറില്ല. ദുരന്തത്തിന്റെ ആദ്യദിനങ്ങൾ കഴിഞ്ഞ് ആളും ആരവവും ഒഴിയുമ്പോൾ പലപ്പോഴും ദുരന്തത്തെ അതിജീവിച്ചവർ വിസ്മരിക്കപ്പെടാറുണ്ട്. വയനാട്ടിലെ ദുരന്തബാധിതർ സമരത്തിനിറങ്ങിയത് കേന്ദ്രത്തിനെതിരെ മാത്രമായിരുന്നില്ല, സംസ്ഥാന സർക്കാരിന്റെ അവഗണനയ്ക്കെതിരെ കൂടിയായിരുന്നു. പുനരധിവാസത്തിന് യോഗ്യമായ ഭൂമി കണ്ടെത്താനുള്ള ആത്മാർത്ഥമായ പരിശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. കണ്ടെത്തിയ നെടുമ്പാല എസ്റ്റേറ്റിലേയും എൽസ്റ്റോൺ എസ്റ്റേറ്റിലേയും ഭൂമി ഇതിനോടകം നിയമതടസ്സത്തിലായിക്കഴിഞ്ഞു. കേന്ദ്രസഹായത്തിനായി സംസ്ഥാനം നൽകിയ റിപ്പോർട്ടിലെ ഊതിവീർപ്പിച്ച കണക്കുകൾ വിവാദമായതാണ്. ശവസംസ്കാരത്തിന് ഒരാൾക്ക് 75,000 വെച്ചും ദുരന്തമേഖലയിൽ ഭക്ഷണവും വെള്ളവും വിതരണം ചെയ്യാൻ 10 കോടി രൂപയും ഒക്കെ രേഖപ്പെടുത്തിയ കണക്കുകളാണ് സമർപ്പിച്ചത്. കേന്ദ്രത്തിന്റെ പുതിയ സഹായമാനദണ്ഡങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തിയതാണ് എന്നൊക്കെ സർക്കാർ ന്യായീകരിച്ചുവെങ്കിലും, സർക്കാരിന്റെ ഭാഗത്തു നിന്നും അർഹമായ സഹായം കിട്ടാത്ത ദുരന്തബാധിതർക്കു മുന്നിൽ ഇതൊക്കെ ചോദ്യചിഹ്നമായി. ദുരന്തബാധിതർക്ക് നേരിട്ട് സഹായമെത്തിക്കാനാണോ, ദുരന്തശേഷമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണോ സർക്കാർ മുൻതൂക്കം കൊടുക്കുന്നത് എന്ന ചോദ്യവുമുയരുന്നുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലും സംസ്ഥാന ദുരന്തനിവാരണ ഫണ്ടിലും ലഭ്യമായ തുക ഉപയോഗപ്പെടുത്തി അടിയന്തരമായ സഹായങ്ങൾ നൽകാൻ സർക്കാർ തയ്യാറാകുന്നില്ല എന്ന ആരോപണമുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കോടികളുടെ സംഭാവന എത്തിയിട്ടുണ്ട്. അത് അർഹരായവരിലേക്ക് സമയത്ത് എത്തുമോ എന്നത് സംസ്ഥാന സർക്കാർ ഉത്തരം പറയേണ്ട ചോദ്യമാണ്. മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ, ദുരന്തത്തിന്റെ ആദ്യനാളുകളിലെ മാധ്യമശ്രദ്ധ പിന്മാറുമ്പോൾ സർക്കാർ സംവിധാനങ്ങളും പടിയിറങ്ങുന്ന സ്ഥിതിയുണ്ട്. വയനാട്ടിലെ ദുരിതബാധിതർക്ക് സമരമുഖത്തേക്കിറങ്ങേണ്ടി വരുന്നതും സർക്കാർ സംവിധാനങ്ങളുടെ കൈത്താങ്ങ് ഒപ്പമില്ലാതാകുന്നതു കൊണ്ടല്ലേ? കേന്ദ്രവും സംസ്ഥാനവും പരസ്പരം പഴിചാരാതെ, ദുരന്തത്തെ അതിജീവിച്ച ജനതയെ കൈകോർത്ത് ചേർത്തുപിടിക്കുകയാണ് വേണ്ടത്.

ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർ അവശേഷിപ്പിച്ച കുടുംബാംഗങ്ങളുണ്ട്; ദുരന്തത്തെ അതിജീവിച്ചെങ്കിലും അതിന് ദൃക്സാക്ഷിയായതിന്റെയും, പരിക്കേറ്റതിന്റെയും, ഉറ്റവരെ നഷ്ടമായതിന്റെയുമൊക്കെ മുറിവുകൾ ശരീരത്തിലും മനസ്സിലും പേറുന്നവരുണ്ട്; പോകാനിടമില്ലാത്തവരുണ്ട്; കൃഷിയും കടകളും മറ്റ് ഉപജീവന മാർഗ്ഗങ്ങളും നഷ്ടമായവരുണ്ട്-അവരുടെയൊക്കെ ജീവിതങ്ങളെ സ്വാഭാവികതാളത്തിലേക്ക് കൊണ്ടുവരാൻ ഏറെ പരിശ്രമവും വൈദ്യ-മനഃശാസ്ത്ര സഹായവുമടക്കം ആവശ്യമാണ്. അവരെ പലയിടങ്ങളിലാക്കി അകറ്റാതെ ഒരുമിച്ചു കഴിയാനുള്ള അവസരമൊരുക്കേണ്ടതും ആവശ്യമാണ്. ആ ഉദ്ദേശ്യത്തോടു കൂടിയ ടൗൺഷിപ്പ് സ്ഥാപിച്ചുള്ള പുനരധിവാസം സർക്കാർ ലക്ഷ്യംവയ്ക്കുന്നു എന്നത് നല്ല കാര്യം തന്നെ. പക്ഷേ, അതോടൊപ്പം തന്നെ അത് സ്ഥാപിക്കുന്നതുവരെ അവർക്ക് എല്ലാത്തരത്തിലുമുള്ള പിന്തുണ നൽകി സംരക്ഷിക്കുന്നതും, എല്ലാം നഷ്ടപ്പെട്ടവരുടെ വായ്പകളടക്കം എഴുതിത്തള്ളാനുള്ള പരിശ്രമം നടത്തുന്നതും അടിയന്തരാവശ്യകതയാണ്. ഇതിൽ നിന്നും ഭരണസംവിധാനങ്ങൾ മുഖംതിരിക്കുകയാണെങ്കിൽ സമരമാർഗ്ഗത്തിൽ അടിയുറച്ചു നിന്ന് ആ അവകാശങ്ങൾ നേടിയെടുക്കുക തന്നെ വേണം. ആ ന്യായമായ സമരത്തിനൊപ്പം ജനാധിപത്യവിശ്വാസികളായ മനുഷ്യസ്നേഹികളൊക്കെ അണിചേരുകയും വേണം. ■

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്

# പാർലമെന്റിലെ കക്ഷി വൈവിധ്യങ്ങളെ ഇല്ലാതാക്കാനുള്ള ആസൂത്രിത നീക്കം

*(1–ാം പേജിൽ നിന്ന്)*

പ്രാരംഭ കാലത്തുണ്ടായിരുന്ന സ്വതന്ത്രമത്സരങ്ങളുടെ കാലത്താണ്. എന്നാൽ മുതലാളിത്തം കുത്തക സ്വാഭാവം ആർജ്ജിച്ചതോടെ ചെറുകിട സംരംഭങ്ങളെ വൻസ്രാവുകൾ വിഴുങ്ങി. രാഷ്ട്രീയ മേഖലയിൽ ചെറുകിടമൂലധനത്തെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ കക്ഷികളും ദുർബലമായി. ബഹുകക്ഷി ജനാധിപത്യത്തെ ഒന്നോ രണ്ടോ വലിയ പാർട്ടികൾ കൈയേറുന്നത് കുത്തകമുതലാളിത്തത്തിന്റെ താൽപര്യത്തിനനുസൃതമായാണ്. തുടക്കത്തിൽ മുതലാളിത്തത്തിന് താൽപര്യം ദ്വികക്ഷി സമ്പ്രദായമായിരുന്നു. ജനങ്ങൾക്ക് മുതലാളിത്തത്തിന്റെ സേവകരായ രണ്ടുകക്ഷികളിൽ ഒന്നിനെ തിരഞ്ഞെടുക്കാനുള്ള അവകാശമേയുള്ളൂ. യുഎസ്എയിലും യുകെയിലും മറ്റും നാം കാണുന്നതിതാണ്. ഇങ്ങനെയായാൽ മുതലാളിത്തത്തിന് ഒരിക്കലും വെല്ലുവിളി നേരിടേണ്ടിവരുന്നില്ല. നമ്മുടെ നാട്ടിലും വലിയൊരളവുവരെ ഇത്തരമൊരു സമ്പ്രദായം കൊണ്ടുവന്നിട്ടുണ്ട്. തിരഞ്ഞെടുപ്പുകാലത്ത് മാധ്യമങ്ങളും ഔദ്യോഗിക സംവിധാനങ്ങളും പ്രധാനമായും രണ്ടുകക്ഷികൾക്കോ മുന്നണികൾക്കോ ഇടയിലാണ് മത്സരം എന്നുവരുത്തിത്തീർക്കുന്നു, മറ്റുള്ളവരെയെല്ലാം തമസ്കരിക്കുന്നു. തിരഞ്ഞെടുപ്പിന്റെ രംഗത്ത് വന്നുകൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളും പെരുമാറ്റച്ചട്ടത്തിൽ വന്ന മാറ്റങ്ങളുമെല്ലാം ഇത്തരം ചെറിയ പാർട്ടികൾക്കെതിരെയുള്ളതാണ്. പാവങ്ങൾക്കും സാധാരണക്കാർക്കുംവേണ്ടി പൊരുതുന്ന വിപ്ലവരാഷ്ട്രീയ പാർട്ടികളെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് തടയുകയാണ് ഈ പരിഷ്കാരങ്ങളുടെ ലക്ഷ്യം.കെട്ടിവയ്ക്കാനുള്ള തുകവർദ്ധിപ്പിച്ചതും തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കിടയിൽ വിവരങ്ങൾ സമർപ്പിക്കുന്നതിനായി കൊണ്ടുവന്നിരിക്കുന്ന ദുഷ്കരമായ പ്രക്രിയകളും എല്ലാം തന്നെ വിപ്ലവപ്രസ്ഥാനങ്ങളെ മത്സരത്തിൽ പങ്കെടുക്കുന്നതിൽനിന്നും തടയാൻ വേണ്ടിയാണ്. ദ്വികക്ഷി സമ്പ്രദായം ജനങ്ങൾക്കുമുന്നിലുള്ള വിവിധ രാഷ്ട്രീയകാഴ്ചപ്പാടുകൾ അറിഞ്ഞ് ശരിയായ തിരഞ്ഞെടുപ്പ് നടത്താനുള്ള അവകാശത്തെ ഫലത്തിൽ ഇല്ലാതെയാക്കുന്നു. ഇങ്ങനെ മാധ്യമങ്ങൾ നിയന്ത്രിക്കുന്ന ഔദ്യോഗിക സംവിധാനങ്ങളുടെ പിന്തുണയോടെ നടത്തുന്ന കൃത്രിമമായ ധ്രുവീകരണം രാജ്യമാകെ ഏകാത്മകമായ രാഷ്ട്രീയാന്തരീക്ഷം സൃഷ്ടിക്കും. ഇത് ഇവരെല്ലാം കൊട്ടിഘോഷിക്കുന്ന ചടുലമായ ജനാധിപത്യത്തിന് നേർവിപരീതമാണ്.

അധികാര കേന്ദ്രീകരണത്തിനുള്ള മറ്റൊരു ശ്രമമായിരുന്നു 1960കളിലും 70കളിലും മുന്നോട്ടുവച്ച പ്രസിഡന്റ് ഭരണരീതി. നമ്മുടെ തിരഞ്ഞെടുപ്പ് സമ്പ്രദായത്തെ ബാധിച്ചിരിക്കുന്ന പുഴക്കുത്തുകളിൽനിന്നും രാജ്യത്തെ രക്ഷിക്കാൻ ഇതിനുകഴിയുമെന്ന് അക്കാലത്ത് പലരും വിശ്വസിച്ചിരുന്നു. എന്നാൽ അന്ന് ഈ ആവശ്യത്തിന് വലിയ സ്വീകാര്യത ലഭിച്ചില്ല. അമേരിക്കയുടെ ഉദാഹരണം എല്ലാവർക്കും ഒരു പാഠമായി ഉണ്ടായിരുന്നു. രണ്ട് പ്രമുഖ കക്ഷികളുടെ പ്രസിഡന്റുമാർ മാറിമാറിവരുന്നതുകൊണ്ട് ഗവൺമെന്റുനയങ്ങളിൽ വലിയ മാറ്റമൊന്നും അവിടെ ഉണ്ടാകുന്നില്ല. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ് ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചതുപോലെ ഇവയെല്ലാം ഇന്നത്തെ പ്രതിസന്ധിയിലാണ്ടുകിടക്കുന്ന മുതലാളിത്തം ഏതുവിധേനയും രാജ്യത്ത് ഫാസിസം സ്ഥാപിക്കാൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമാണ്. രണ്ടാംലോകമഹായുദ്ധത്തിനുശേഷം വലിപ്പച്ചെറുപ്പമില്ലാതെ എല്ലാ മുതലാളിത്തരാജ്യങ്ങളുടെയും പൊതുസ്വഭാവമായി ഫാസിസം മാറിയിരിക്കുന്നുവെന്ന് സഖാവ് ഘോഷ് പഠിപ്പിക്കുന്നു.

എന്നാൽ, ഇന്ത്യൻ സാഹചര്യത്തിൽ പ്രാദേശിക മൂലധനം വലിയ പങ്കുവഹിക്കുന്നത് കാരണം അത്ര എളുപ്പത്തിൽ ഇത് സാധ്യമായില്ല. എന്നാൽ ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് എന്ന പുതിയ പ്രചാരണത്തിലൂടെ വീണ്ടും അതേ ശ്രമമാണ് ഭരണവർഗ്ഗം നടത്തുന്നത്. തിരഞ്ഞെടുപ്പുകളെ പ്രധാനമായും മുതലാളിവർഗ്ഗത്തിന്റെ വിശ്വസ്തരായ രണ്ടുപാർട്ടികളോ അല്ലെങ്കിൽ രണ്ടുമുന്നണികളോ തമ്മിലുള്ള മത്സരമാക്കിമാറ്റി രാഷ്ട്രീയാധികാരം പരമാവധി കേന്ദ്രീകരിക്കുകയാണ് ഇതിനുപിന്നിലുള്ള ലക്ഷ്യം. പ്രാദേശിക മൂലധനത്തെ പ്രതിനിധീകരിക്കുന്ന പ്രാദേശിക പാർട്ടികളെയും മറ്റുനിരവധി വ്യത്യസ്ത പാർട്ടികളെയും ഇല്ലാതാക്കി, ജനങ്ങൾ ബിജെപിയെയോ അല്ലെങ്കിൽ കോൺഗ്രസ്സിനെയോ തിരഞ്ഞെടുക്കുന്ന അവസ്ഥയുണ്ടാക്കാനാണ് ഇത്.

## പ്രാദേശിക പാർട്ടികളുടെ പങ്ക്

ഇന്ത്യയിലെ രാഷ്ട്രീയ, സാമൂഹ്യ മേഖലയുടെ ഒരു സവിശേഷ ഘടകമാണ് പ്രാദേശിക മൂലധനം. ഈ പ്രാദേശിക മുതലാളിമാർക്ക് കുത്തകമൂലധനവുമായും ബഹുരാഷ്ട്രമൂലധനവുമായും കമ്പോളത്തെ ആസ്പദമാക്കി വൈരുദ്ധ്യങ്ങളുണ്ട്. അതുകൊണ്ടുതന്നെ പ്രാദേശികമൂലധനത്തെ പ്രതിനിധീകരിക്കുന്ന പ്രാദേശിക രാഷ്ട്രീയപാർട്ടികൾക്ക് ഇന്ത്യയിലെ തിരഞ്ഞെടുപ്പുകളിൽ വലിയ പ്രാധാന്യമുണ്ട്. പലസംസ്ഥാനങ്ങളിലും അധികാരത്തിലിരിക്കുന്നത് ഇത്തരം പ്രാദേശിക പാർട്ടികളാണ്. ബഹുകക്ഷി ജനാധിപത്യം ഇല്ലാതാക്കുന്നതിനും ഫാസിസം പൂർണ്ണമായും നടപ്പിലാക്കുന്നതിനും ഇത് വലിയ തടസ്സം സൃഷ്ടിക്കുന്നു.

എന്നാൽ, പടലപ്പിണക്കവും ഗ്രൂപ്പിസവും കാരണം കോൺഗ്രസ്സ് ദുർബലമായിനുശേഷം പ്രാദേശിക പാർട്ടികൾ ദേശീയ തലത്തിൽ സ്വാധീനമുണ്ടാക്കാൻവേണ്ടി ബിജെപിയുടെയോ കോൺഗ്രസ്സിന്റെയോ കൂടെ സഖ്യം ചേരുന്ന പ്രവണത വർദ്ധിച്ചിട്ടുണ്ട്. ഇതിനെ ഭരണവർഗ്ഗം പിന്തുണയ്ക്കുന്നു. ഇത്തരം സഖ്യങ്ങൾ ദ്വികക്ഷി സമ്പ്രദായത്തിലേയ്ക്കുള്ള പരിണാമം സുഗമമാക്കുന്നു.

## വൺ ഇന്ത്യ–വൺ ഇലക്ഷന് ആവശ്യമായ ഭരണഘടനാ ഭേദഗതികൾ

സ്വാതന്ത്ര്യം കിട്ടിയതിന് തൊട്ടുശേഷമുള്ള കാലയളവിൽ നമ്മുടെ നാട്ടിൽ പാർലമെന്റ്, നിയമസഭാ തിരഞ്ഞെടുപ്പുകൾ ഒരുമിച്ചായിരുന്നു നടന്നിരുന്നത്. ആ പാരമ്പര്യം എന്തുകൊണ്ട് തുടർന്നുകൂടാ എന്ന് ഒരു വാദം ഉയരുന്നുണ്ട്. നമ്മുടെ നാട്ടിൽ ഇന്ന് നിലനിൽക്കുന്ന വസ്തുനിഷ്ഠ യാഥാർത്ഥ്യംഅവഗണിക്കുകയാണെങ്കിൽഇതൊരു നല്ലവാദമായി തോന്നാം. എന്നാൽ യാഥാർത്ഥ്യമെന്താണ്. പലകാരണങ്ങൾകൊണ്ട് കേന്ദ്രഗവൺമെന്റോ സംസ്ഥാന ഗവൺമെന്റോ ഇടയ്ക്കുവച്ച് പിരിച്ചുവിടപ്പെടാം. കൂറുമാറൽ, പിന്തുണ പിൻവലിക്കൽ തുടങ്ങിയ പലകാരണങ്ങളും ഇതിന് ഉണ്ടാകാം. പല ഗവൺമെന്റുകളുടെയും കാലാവധി പലവിധത്തിലാണ്. ഇതുകൊണ്ടുതന്നെ പലയിടങ്ങളിലും ഇടക്കാല തിരഞ്ഞെടുപ്പ് അനിവാര്യമായിവരുന്നു. ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് എന്ന നയം വന്നാൽ ഇവയിൽ പലതും കാലാവധി തികയാതെതന്നെ പിരിച്ചുവിടേണ്ടിവരും. അങ്ങനെ ചെയ്യുന്നത് അന്യായമാണ് എന്നുമാത്രമല്ല, ഭരണഘടനാ വിരുദ്ധംകൂടിയാണ്. നമ്മുടെ ഭരണഘടന തയ്യാറാക്കിയ കാലത്ത്, അതേക്കുറിച്ചുള്ള ചർച്ചയിൽ 1949ൽ ശിബൺ ലാല സക്സേന പറഞ്ഞത് ശ്രദ്ധേയമാണ്. നമ്മുടെ ഭരണഘടനയനുസരിച്ച് എല്ലാ തിരഞ്ഞെടുപ്പുകളും ഒരുമിച്ച് നടക്കാനിടയില്ല. ഓരോ നിയമസഭയിലും അവിശ്വാസ പ്രമേയം വരുന്നതിനും അത്തരം നിയമസഭകൾ പിരിച്ചുവിടുന്നതിനും അനുസരിച്ച് അവയുടെ കാലാവധി മാറിക്കൊണ്ടിരിക്കും. അമേരിക്കയിലെപ്പോലെ കൃത്യമായ നാലുവർഷക്കാലാവധി നമ്മുടെ ഭരണഘടനയിൽ ഇല്ല. എല്ലാ സമയത്തും എവിടെയെങ്കിലും ഒരു തിരഞ്ഞെടുപ്പ് നടക്കുന്നുണ്ടാകും. മറ്റൊരിടത്ത് അദ്ദേഹം പറയുന്നു, നമ്മുടെ ഭരണഘടനപ്രകാരം അവിശ്വാസ പ്രമേയം വന്നാൽ നിയമസഭയെ പിരിച്ചുവിടാൻ സാധിക്കും. അതുകൊണ്ടുതന്നെ വിവിധ നിയമസഭകളിലേയ്ക്കും പാർലമെന്റിലേയ്ക്കുമുള്ള തിരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടക്കാനിടയില്ല.

അക്കാലത്ത് ഭരണഘടനാ സമിതിയിലെ മറ്റൊരു പ്രമുഖ അംഗമായിരുന്ന ആർ.കെ.സിദ്വ ചൂണ്ടിക്കാട്ടിയത് ഇങ്ങനെയാണ്, എല്ലാ സംസ്ഥാനങ്ങളും എടുത്താൽ നമുക്ക് നാലായിരത്തിലധികം അംഗങ്ങളുണ്ടാകും, പലയിടങ്ങളിലും ഉപതിരഞ്ഞെടുപ്പുകളും നടക്കും. തീർച്ചയായും എല്ലാ മാസവും ഒന്നുരണ്ടു തിരഞ്ഞെടുപ്പുകൾ നടക്കും, ചിലർ മരിച്ചുപോകും, ചിലർ ഉന്നത സ്ഥാനങ്ങൾ ലഭിച്ച് വിട്ടുപോകും, മറ്റുചിലർ എവിടേക്കെങ്കിലുമൊക്കെ പോകും. ഈ സമിതിയിൽത്തന്നെചുരുങ്ങിയകാലംകൊണ്ട് പല ഉപതിരഞ്ഞെടുപ്പുകൾ നടന്നു. നമ്മളായി ഉണ്ടാക്കിയതല്ല അവ, മറിച്ച് അവർ വരുന്ന സ്ഥലങ്ങളിൽ പലയിടത്തും ഉപതിരഞ്ഞെടുപ്പുകൾ നടക്കുകയുണ്ടായി. ഇത്തരം ഉപതിരഞ്ഞെടുപ്പുകൾ മൂലം കൂടുതൽ ചെലവ് വരുന്നുവെന്ന വാദത്തിന് സിദ്വ വലിയ വില കൽപ്പിച്ചില്ല. മറിച്ച്, ഇത്തരം തിരഞ്ഞെടുപ്പുകൾ സ്വതന്ത്രമായും നീതിപൂർവകമായും നടത്താൻ തിരഞ്ഞെടുപ്പ് കമ്മീഷനെ ശക്തിപ്പെടുത്തണം എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. സക്സേനയുടെയും സിദ്വയുടെയും "നമ്മുടെ ഭരണഘടനയിൽ എല്ലാ തിരഞ്ഞെടുപ്പുകളും ഒരുമിച്ച് നടക്കില്ല" എന്നവാക്കുകൾ ചൂണ്ടിക്കാട്ടുന്നത് ഭരണഘടനാ രൂപീകണവേളയിൽ അവർ അങ്ങനെ ഉദ്ദേശിച്ചിട്ടില്ല എന്നുതന്നെയാണ്. അതുകൊണ്ടുതന്നെ തിരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്തണമെങ്കിൽ നമ്മുടെ ഭരണഘടനയിലെ അഞ്ചുവകുപ്പുകളെങ്കിലും ഭേദഗതി ചെയ്യേണ്ടിവരും. ലോക് സഭയുടെ കാലവധി നിശ്ചയിക്കുന്ന 83–ാം വകുപ്പ്, നിയമസഭകളുടെ കാലാവധി നിശ്ചയിക്കുന്ന 172–ാം വകുപ്പ് എന്നിവയെല്ലാം ഇതിൽ ഉൾപ്പെടും.

## വൺ ഇന്ത്യ, വൺ ഇലക്ഷൻ: ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിന് ഭീഷണി

സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഇടപെട്ടുകൊണ്ട് എല്ലാവർക്കും ഒരേതരം തിരഞ്ഞെടുപ്പ് പ്രദാനം ചെയ്യാൻ വേണ്ടിയാണ് വൺ ഇന്ത്യ വൺ ഇലക്ഷൻ ലക്ഷ്യമിടുന്നത്. വൈവിധ്യമാർന്ന നമ്മുടെ രാഷ്ട്രീയ ഭൂപടത്തിൽ ഇതുവഴി ഒരു ഏകശിലാ സമാനമായ ഒരൊറ്റ പാർട്ടിയെ വളർത്തിക്കൊണ്ടുവന്ന് രാഷ്ട്രീയാധികാരം കേന്ദ്രീകരിക്കുമെന്ന് അവർ കണക്കുകൂട്ടുന്നു. മുതലാളിത്ത താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഒരു രാഷ്ട്രീയമായിരിക്കും അത് എന്നതിൽ സംശയംവേണ്ട. യഥാർത്ഥ ജനാധിപത്യ പ്രക്രിയ ഇല്ലായ്മചെയ്തുകൊണ്ട് ഏകാധിപത്യത്തിലേയ്ക്ക് നാടിനെ നയിക്കുകയാണ് ഇവർ.

പാർലമെന്റ് തിരഞ്ഞെടുപ്പുകാലത്ത് ദേശീയ വിഷയങ്ങൾക്കാണ് പ്രാമുഖ്യം ലഭിക്കുക. നിയമസഭാതിരഞ്ഞെടുപ്പിൽ സംസ്ഥാനത്തിന്റെ വിഷയങ്ങളും മറ്റ് പ്രാദേശിക വിഷയങ്ങളും തിരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കും. ഇവ രണ്ടും ഒരുമിച്ച് നടക്കുമ്പോൾ പ്രാദേശിക വിഷയങ്ങൾ അവഗണിക്കപ്പെടാനും അതുവഴി ഇന്ത്യയുടെ പാർലമെന്റിലെ കക്ഷിവൈവിധ്യങ്ങളെ ഇല്ലാതാക്കി സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും ഒരേ കക്ഷി അധികാരത്തിൽ വരാനും സാധ്യത വളരെയേറെയാണ്. ഇത് സംസ്ഥാന ഗവൺമെന്റുകളെ ദുർബലപ്പെടുത്തും. പ്രാദേശിക ആവശ്യങ്ങളെ അവഗണിക്കാനും സംസ്ഥാന താൽപര്യങ്ങൾക്ക് എതിരായ കേന്ദ്രനയങ്ങളെ ചെറുക്കാനുമുള്ള സംസ്ഥാനങ്ങളുടെ കഴിവ് ഇല്ലാതാക്കാനും ഇടയാക്കും. പ്രാദേശിക പാർട്ടികളുടെ പ്രാധാന്യം കുറഞ്ഞുവരും. സമ്പൂർണ്ണ ഫാസിസം നടപ്പിലാക്കുന്നതിന് തടസ്സമായിരുന്ന പ്രാദേശിക പാർട്ടികളും ദേശീയ കുത്തകമൂലധനവും തമ്മിലുള്ള വൈരുദ്ധ്യം ദുർബലമാകുന്നതോടെ ഫാസിസത്തിനുമുന്നിലുള്ള പ്രതിബന്ധങ്ങൾ നീങ്ങും.

ഇതിന്റെ രാഷ്ട്രീയ പ്രത്യാഘാതങ്ങളും നാം കൃത്യമായി മനസ്സിലാക്കേണ്ടതുണ്ട്. സ്വാതന്ത്ര്യാനന്തരം ഇന്ത്യയെ രൂപപ്പെടുത്തിയ വൈവിധ്യങ്ങളും ഫെഡറൽ ആശയങ്ങളും സംരക്ഷിക്കാൻ നാം ജാഗരൂകരായിരിക്കേണ്ടതുണ്ട്. തിരഞ്ഞെടുപ്പുകൾ ഓരോ സ്ഥലത്തും അതാതിന്റെ സമയത്തുതന്നെ നടക്കണം. അതായത് ഓരോ ഗവൺമെന്റുകളും കാലാവധി കഴിഞ്ഞോ അല്ലാതെയോ പുറത്തുപോകുന്നതിനനുസരിച്ച്. നിലവിൽ ഭരണഘടന അനുശാസിക്കുന്ന നിയമങ്ങൾക്കനുസരിച്ചുതന്നെ തിരഞ്ഞെടുപ്പുകൾ നടത്തണം.

## മറ്റൊരു പ്രധാനവശം

എല്ലാ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിലും ബിജെപി സർക്കാർ അടുത്തകാലത്തായി ഈ ഏകതയുടെ മുദ്രാവാക്യം ഉയർത്തുന്നുണ്ട്. തീർച്ചയായും ഭരണമുതലാളിവർഗ്ഗത്തിന്റെ താൽപര്യപ്രകാരമാണ് അവരത് ചെയ്യുന്നത്. അവരെപ്പോഴും ഒരു രാജ്യം എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. നാം യഥാർത്ഥത്തിൽ ഒരു രാഷ്ട്രമാണോ? ഒരുപിടി വരുന്ന പണക്കാരും ഭൂരിപക്ഷം പാവങ്ങളുമുള്ള നാട്. ജാതിയും

*(ശേഷം 5–ാം പേജിൽ)*

# പ്രാദേശികകക്ഷികളെ ദുർബ്ബലമാക്കി ദേശീയമൂലധനത്തിന്റെ മേധാവിത്വം ഉറപ്പാക്കി ഫാസിസ്റ്റ് വാഴ്ചയിലേയ്ക്ക് രാജ്യത്തെ നയിക്കുന്നു

*(4–ാം പേജിൽ നിന്ന്)*

മതവും പ്രദേശവും രൂപവും ഭാഷയും പലതരത്തിലുള്ള, അതിന്റെയൊക്കെപേരിൽ പലതരത്തിൽ വിഭജിക്കപ്പെട്ട ജനത. വർഗ്ഗീയതയും പ്രാദേശികവാദവും അമിത ദേശീയതയും അവരെ തമ്മിലടിപ്പിക്കുന്നു. ഇതാണോ ഒരു രാജ്യം? നമ്മുടെ നാടിന്റെ സാമൂഹ്യ ജീവിതത്തെ പലവിധ മതശാസനകളും പഴകിയ ചിന്തകളും ദുരഭിമാനവും മലീമസമാക്കിയതാണ്. സ്ത്രീ–പുരുഷ വിവേചനം, മതത്തിന്റെ പേരിലുള്ള വിവേചനം ഇതൊക്കെ ഇവിടെ സാധാരണമാണ്. ഈ യാഥാർത്ഥ്യത്തെക്കുറിച്ച് ഒരു ബോധവുമില്ലാത്ത ആളുകൾ മാത്രമേ ഇത് ഒരു രാഷ്ട്രമാണെന്ന് പറയൂ.

ഒരു രാജ്യം, ഒരു നികുതി എന്നുപറഞ്ഞുകൊണ്ടാണ് ജിഎസ് ടി കൊണ്ടുവന്നത്. ഇത് നമുക്കെല്ലാം ഒരു പാഠമാകേണ്ടതാണ്. ജിഎസ് ടി വന്നതോടെ നികുതി കൂടുതൽ സങ്കീർണമായി. വരുമാനത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റുകൾക്ക് കേന്ദ്രത്തോട് യാചിക്കേണ്ട അവസ്ഥ വന്നു. ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെ ജി എസ് ടി ദുർബലമാക്കി. സംസ്ഥാനങ്ങൾക്ക് സാപേക്ഷികമായി ഉണ്ടായിരുന്ന സാമ്പത്തിക സ്വാതന്ത്ര്യംകൂടി ജി എസ് ടി കവർന്നെടുത്തു. സമ്പദ്ഘടനയെ കൂടുതൽ കേന്ദ്രീകൃതമാക്കുകയായിരുന്നു ജിഎസ്ടി ചെയ്തത്.

1935ൽ, കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ ഏഴാം കോൺഗ്രസ്സിൽ ബൾഗേറിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായിരുന്ന ജോർജ്ജി ദിമിത്രോവ് പറഞ്ഞ കാര്യങ്ങൾ ഇവിടെ പ്രസക്തമാണ്" ഫാസിസം സ്ഥാപിക്കുന്നതിനുമുമ്പ് ബൂർഷ്വാ ഗവൺമെന്റുകൾ നിരവധി പാർലമെന്ററി ഘട്ടങ്ങളിലൂടെ കടന്നുപോകും. ഫാസിസ്റ്റ് അധികാരത്തിന് വഴിയൊരുക്കുന്ന പലവിധ പിന്തിരിപ്പൻ നടപടികൾ ഇക്കാലത്ത് അവർ കൈക്കൊള്ളും." *ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പിന്റെ* പിറകിലും ഇതേ ഉദ്ദേശമാണെന്നത് വ്യക്തമാണ്. ബൂർഷ്വാ ഭരണകൂടത്തിന്റെ കൈയിൽ സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ അധികാരം കേന്ദ്രീകരിക്കാനുള്ള നയനടപടികളാണ് ഇവയെല്ലാം.

## ഫാസിസം ഒരു 'അതിമാനുഷനെ' ഉയർത്തിക്കാണിക്കും

ഒരു രാജ്യം, ഒരു നേതാവ് എന്ന പരസ്യം അധികം വൈകാതെതന്നെ വരാൻ സാധ്യതയുണ്ട്. സഖാവ് ശിബ്ദാസ്ഘോഷ് 1948ൽത്തന്നെ ഇപ്രകാരം പറഞ്ഞിരുന്നു, ജനങ്ങളെ വർഗ്ഗസമരത്തിൽനിന്ന് അകറ്റാനും അവരിൽ ആശയക്കുഴപ്പം സൃഷ്ടിക്കാനുംവേണ്ടി വർഗ്ഗങ്ങൾക്കതീതമായ അത്തരം സംഘർഷങ്ങൾ ബാധിക്കാത്ത, ദൈവികമായ ഒരു അതിമാനുഷനെക്കുറിച്ചുള്ള അപദാനകഥകൾ ഫാസിസ്റ്റുകൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കും (on fascism). വർഗ്ഗസഹകരണം, വിവിധ വർഗ്ഗങ്ങളുടെ കൂട്ടായ്മ, വർഗ്ഗാതീതമായ ദേശീയ താൽപര്യം എന്നൊക്കെ പറയുമ്പോൾ, അതിനൊരു മൂർത്തരൂപം ജനങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കാൻ ഫാസിസ്റ്റുകൾ ശ്രമിക്കും. അതിനുവേണ്ടി അവർ ഒരു അതിമാനുഷന്റെ കഥ പ്രചരിപ്പിക്കും. ഈ അതിമാനുഷനാണ് ദേശീയ താൽപര്യത്തിന്റെ സാക്ഷാത്ക്കാരം. നശിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്തം ഒളിഞ്ഞും തെളിഞ്ഞും ഇത്തരം ആത്മീയ ആശയങ്ങളിൽ അഭയം തേടുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. (തിരഞ്ഞെടുത്ത കൃതികൾ, വോള്യം 2). ജനാധിപത്യതത്വങ്ങൾ കുഴിച്ചുമൂടി, അവിടെ ദേശീയതയെ പ്രതിനിധാനം ചെയ്യുന്നതെന്ന് പറയുന്ന സർവശക്തനായ ഒരു ഏകാധിപതിയുടെ രൂപം ഉയർത്തിപ്പിടിക്കുന്നു. അയാളുടെ വാക്കുകൾ വേദവാക്യംപോലെ പ്രചരിപ്പിക്കുന്നു.

**ഒരു രാജ്യം ഒരു തിരഞ്ഞടുപ്പ്**

ഇപ്രകാരം മുഴുവൻ ജനങ്ങളുടെയും നേതാവായ ഒരു സൂപ്പർമാൻ എന്നരീതിയിൽ നാസികൾ അഡോൾഫ് ഹിറ്റ്ലറെ ഉയർത്തിക്കാട്ടുന്ന പ്രചാരണവേലകൾ ചെയ്തിരുന്നു. ഫ്യൂറർ മിത്ത് സൃഷ്ടിക്കപ്പെടുന്നതിങ്ങനെയാണ്. ഇറ്റലിയിൽ സകലകലാ വല്ലഭനായി മുസ്സോളിനിയെ ഉയർത്തിക്കാട്ടി. ഏഷ്യയുടെ മോചനത്തിനുള്ള പ്രവാചകയെന്ന രീതിയിൽ ഇന്ദിരാഗാന്ധിയെ വിശേഷിപ്പിച്ചിരുന്നു. ബിജെപിയും ആർഎസ്എസും മതാന്ധതയും മൗലികവാദവും ആത്മീയതയുംപ്രചരിപ്പിക്കുന്നതിനോടൊപ്പം നരേന്ദ്രമോദിയുടെ അതിശയോക്തി നിറഞ്ഞ പ്രതിച്ഛായ സൃഷ്ടിക്കാനും കൊണ്ടുപിടിച്ചു ശ്രമിക്കുന്നുണ്ട്. മോദിതന്നെ അവകാശപ്പെടുന്നത് അയാളുടെ കർമ്മത്തിനുള്ള ഊർജ്ജം ഭൗതികശരീരത്തിൽനിന്നും വരുന്നതല്ല, മറിച്ച് ദൈവം ഒരു പ്രത്യേക ഊർജ്ജം തന്നിൽനിറച്ചിരിക്കുകയാണെന്നാണ്. തന്നിലൂടെ ദൈവം ചില കാര്യങ്ങൾ ചെയ്തുതീർക്കാനാഗ്രഹിക്കുന്നു, അതിനായി നിയുക്തനാണ് താൻ എന്നാണ്.

## ഒരു രാജ്യം, ഒരു സംസ്കാരം

ഒരു രാജ്യം, ഒരു സംസ്കാരം എന്നതായിരിക്കും അടുത്ത മുദ്രാവാക്യം. ഹിന്ദുത്വവാദികളുടെ ആദർശപുരുഷനായ എം.എസ്.ഗോൾവാൾക്കർ വിചാരധാരയിൽ എഴുതിയിരിക്കുന്നത്, "ഹിന്ദു രാഷ്ട്രമെന്നതുകൊണ്ട് നാം വിഭാവനം ചെയ്യുന്നത്, രാഷ്ട്രീയ സാമ്പത്തിക അവകാശങ്ങൾ മാത്രമല്ല. അടിസ്ഥാനപരമായി ഹിന്ദുരാഷ്ട്രമെന്നത് സംസ്കാരമാണ്. നമ്മുടെ പുരാതനവും പരിപാവനവുമായ സാംസ്കാരിക മൂല്യങ്ങൾ ആയിരിക്കും അതിന്റെ ജീവശ്വാസം. പുരാതന സംസ്കാരത്തിന്റെ സത്തയെ പുനരുജ്ജീവിപ്പിക്കുന്നതിലൂടെ നമ്മുടെ ദേശീയ ജീവിതത്തിന്റെ യഥാർത്ഥ ചിത്രം വെളിവാകുകയുള്ളൂ. നമ്മുടെ രാജ്യത്തെ ഇന്നു ഗ്രസിച്ചിരിക്കുന്ന അസംഖ്യം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അതുമാത്രമാണ് വഴി. നമ്മുടെ പുരാതന സംസ്കാരത്തിന് പുതുജീവൻ നൽകിയെടുക്കുക എന്നത് ദേശീയ സാഹചര്യത്തിൽ മാത്രമല്ല, അന്തർദ്ദേശീയ സാഹചര്യത്തിലും അടിയന്തരപ്രാധാന്യമാർജ്ജിച്ചിരിക്കുകയാണ്. നമ്മുടെ യഥാർത്ഥ ദേശീയതാ നിർമ്മാണം ആരംഭിക്കേണ്ടത് യഥാർത്ഥ മനുഷ്യനെ രൂപപ്പെടുത്തിക്കൊണ്ടാണ്. മാനുഷിക ദൗർബല്യങ്ങളെ അതിജീവിച്ച് ഹിന്ദു പൗരുഷത്തിന്റെ പ്രതീകമായി മാറാനുള്ള കരുത്ത് അവനിൽ നിറയ്ക്കണം. നമ്മുടെ മഹത്തായ ദേശീയതയുടെ സത്ത അതാണ്. ഭാരതത്തിന്റെ ദേശീയ പുനർനിർമ്മാണത്തിന്റെ മഹത്തായ പ്രക്രിയ സംഘ് തുടങ്ങിവച്ചിട്ടുണ്ട്. ഹിന്ദുക്കളുടെമേൽ ചരിത്രം അർപ്പിച്ചിട്ടുള്ള ദൈവികമായ കടമയാണത്." ഈ വാക്കുകളുടെ പിറകിലുള്ള യഥാർത്ഥ ലക്ഷ്യം തുറന്നുകാട്ടിക്കൊണ്ട് സഖാവ് ശിബ്ദാസ്ഘോഷ് പറഞ്ഞു: എല്ലാ മതങ്ങളുടെയും അടിസ്ഥാന സത്ത വ്യക്തിവൽക്കരിച്ചതോ അമൂർത്തമോ ആയ പ്രകൃത്യാതീത ശക്തികളിലുള്ള അന്ധമായ വിശ്വാസമാണ്. അവർ പ്രാകൃതിക പ്രതിഭാസങ്ങളെ നിയന്ത്രിക്കുന്നു എന്ന വിശ്വാസം. സാധാരണക്കാർ അവരുടെ ദുരിതത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്താതിരിക്കാൻ, ചൂഷകരും ഭരണവർഗ്ഗവും ജനങ്ങളെ മതത്തിന്റെ ലഹരിയിൽ മയക്കിക്കിടത്താൻ ഗൂഢാലോചന നടത്തുന്നു. ഫാസിസ്റ്റുകൾ ആത്മീയത പ്രചരിപ്പിക്കുന്നത് ഈ അന്ധവിശ്വാസങ്ങളെ നിലനിർത്താൻ വേണ്ടിയാണ്; മതത്തെയും രാഷ്ട്രീയത്തെയും കൂട്ടിക്കുഴയ്ക്കാനും. *(തിരഞ്ഞെടുത്ത കൃതികൾ, വോള്യം 4)*

*ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്* എന്നത് ഒരു വലിയ പദ്ധതിയുടെ ഭാഗമാണ് എന്നുനമ്മൾ കണ്ടു. ഇത് വെറും ഔദ്യോഗിക പരിഷ്ക്കാരമല്ല. മറിച്ച് രാഷ്ട്രീയാധികാരം കേന്ദ്രീകരിക്കാനും ഇന്ത്യയുടെ ജനാധിപത്യത്തെത്തന്നെ ഒട്ടാകെ മാറ്റിത്തീർക്കാനുമുള്ള ഒരു വിശാലമായ പദ്ധതിയുടെ ഭാഗമാണ്. പ്രാദേശികമായ വിഷയങ്ങളും ശക്തികളും ഉയർന്നുവരാനുള്ള സാധ്യതകൾ പരിമിതപ്പെടുത്തിയും കേന്ദ്രീകൃതമായ ഒരു ഗവൺമെന്റിന്റെമേലുള്ള ആശ്രയത്വം വർദ്ധിപ്പിച്ചുകൊണ്ട് *ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്* ഇന്ത്യൻ ജനാധിപത്യത്തിന്റെയും ഫെഡറൽ സംവിധാനത്തിന്റെയും അടിത്തറതന്നെ ദുർബലമാക്കും. നമ്മുടെ പാർലമെന്റിലെരാഷ്ട്രീയപ്രാതിനിധ്യത്തിന്റെ വൈവിധ്യങ്ങളെ ഇല്ലായ്മചെയ്തുകൊണ്ട് , ഭരണമുതലാളിവർഗ്ഗത്തിന്റെ താൽപര്യങ്ങളുമായി ഒത്തുപോകുന്ന ഒരൊറ്റ ഏകാധിപത്യ ഗവൺമെന്റുവരാനുള്ള വഴിയൊരുക്കും. ഇന്ത്യയിലെ കുത്തകമുതലാളിമാരുടെ പിന്തുണയോടെ ബിജെപി ഗവൺമെന്റ് കൊണ്ടുവരുന്ന ഈ പരിഷ്ക്കാരങ്ങൾ, എല്ലാ ജനാധിപത്യ മര്യാദകളെയും കീഴ്‌വഴക്കങ്ങളെയും തത്വങ്ങളെയും ഇല്ലായ്മചെയ്തുകൊണ്ട്, പരിപൂർണമായ രാഷ്ട്രീയാധികാരം കേന്ദ്രീകരിക്കാനും അതുവഴി സമ്പൂർണഫാസിസം നടപ്പിലാക്കാനുമുള്ള കുടിലമായ ബൂർഷ്വാ പദ്ധതിയുടെ ഒരു ഭാഗം മാത്രമാണ്. നമ്മുടെ രാജ്യത്ത് പരിമിതമായെങ്കിലും നിലനിൽക്കുന്ന ജനാധിപത്യ അവകാശങ്ങളുംകൂടെ ഇതോടെ ഇല്ലാതാകും. എല്ലാ ജനാധിപത്യ വിശ്വാസികളോടും ഈ പദ്ധതിയുടെ ഗൂഢലക്ഷ്യങ്ങൾ മനസ്സിലാക്കണമെന്നും അതിനെതിരെ ഒറ്റക്കെട്ടായി പ്രതിഷേധിക്കണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

## പ്രബുദ്ധമായ ജനകീയ മുന്നേറ്റത്തിലൂടെ മാത്രമേ ഫാസിസ്റ്റ് വിപത്തിനെ ചെറുക്കാനാകൂ – ജയ്സൺ ജോസഫ്




എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് കണ്ണൂർ സ്റ്റേഡിയം കോർണറിൽ പ്രസംഗിക്കുന്നു.

**എസ്**യുസിഐ(കമ്മ്യൂണിസ്റ്റ്) കണ്ണൂർ ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ സ്റ്റേഡിയം കോർണറിൽ പൊതുയോഗം സംഘടിപ്പിച്ചു. സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ് മുഖ്യപ്രസംഗം നടത്തി.

"കേവലം പാർലമെന്ററി രാഷ്ട്രീയത്തിന്റെ കുറുക്കുവഴികൊണ്ട് ബിജെപിയുടെ ഫാസിസ്റ്റ് നയങ്ങളെ ചെറുത്തു തോൽപ്പിക്കാനാകില്ല. യഥാർത്ഥ ശത്രുവിനെ തിരിച്ചറിഞ്ഞുകൊണ്ടുള്ള, രാഷ്ട്രീയ പ്രബുദ്ധതയുടെ അടിത്തറയിലുള്ള, വിട്ടുവീഴ്ചയില്ലാത്ത ജനകീയ പ്രക്ഷോഭത്തിലൂടെ മാത്രമേ ഫാസിസ്റ്റ് വിപത്തിനെ ചെറുക്കാനാകൂ.

ഒറ്റക്കെട്ടായ പ്രക്ഷോഭം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ, കേന്ദ്രസർക്കാറിന്റെ അതേ നയങ്ങൾ ഇടത് ലേബലിൽ സിപിഐ(എം) നയിക്കുന്ന സംസ്ഥാന സർക്കാരും നടപ്പാക്കിക്കൊണ്ടിരിക്കുന്നു. എഡിഎം നവീൻ ബാബു എന്ന ഉയർന്ന ഉദ്യോഗസ്ഥനെ കൊലയ്ക്കു കൊടുത്തത് കേവലം പി.പി. ദിവ്യ എന്ന നേതാവിന്റെ മാത്രം പ്രശ്നംകൊണ്ട് സംഭവിച്ചതല്ല. ആരോഗ്യകരമായ സംവാദ രാഷ്ട്രീയത്തെ കുഴിച്ചുമൂടിയ സിപിഐ(എം)ന്റെ ജനാധിപത്യവിരുദ്ധതയുടെ മുഖമാണ് പി.പി. ദിവ്യ എന്ന നേതാവ്. ബിജെപി സാമ്പത്തിക മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന എല്ലാ നയങ്ങളും അതേപടി നടപ്പാക്കിയതിന്റെ ഫലമായാണ് കേന്ദ്ര സർക്കാറിന്റെ പുരസ്കാരം പിണറായി വിജയന് ലഭിച്ചത്. ജിഎസ്ടിയും ലേബർകോഡും മറ്റ് തൊഴിലാളി വിരുദ്ധ നയങ്ങളും കേന്ദ്രനയങ്ങൾക്ക് അനുസൃതമായി നടപ്പാക്കുന്നവർ രക്തസാക്ഷികളുടെ എണ്ണം പറഞ്ഞ് ആർഎസ്എസിനെതിരാണ് ഞങ്ങൾ എന്ന് പറഞ്ഞാൽ പ്രബുദ്ധ കേരളം വിശ്വസിക്കണോ? മുതലാളിത്ത നയങ്ങൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത ജനകീയ സമരം സംഘടിപ്പിക്കുന്ന പാർട്ടിയാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്). ആ ഉയർന്ന രാഷ്ട്രീയ പ്രബുദ്ധതയിലൂന്നിയ ജനകീയ സമരങ്ങൾക്കു മാത്രമേ സമൂഹത്തിൽ മാറ്റം കൊണ്ടുവരാൻ സാധിക്കൂ", അദ്ദേഹം കൂട്ടിച്ചേർത്തു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി കെ.കെ.സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. ഡോ.ഡി. സുരേന്ദ്രനാഥ്, സംസ്ഥാന സെക്രട്ടേറിയറ്റംഗം എസ്.രാജീവൻ, സംസ്ഥാന കമ്മിറ്റിയംഗം കെ.പി. സജി എന്നിവർ പ്രസംഗിച്ചു. അഡ്വ. വിവേക് വേണുഗോപാൽ സ്വാഗതവും എം.കെ. ജയരാജൻ നന്ദിയും പറഞ്ഞു. ■

# സമ്പദ്‌വ്യവസ്ഥ വളരുന്നുവെന്ന അവകാശവാദവും തകർന്നടിയുന്ന ജനങ്ങളും

**രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ 5 ട്രില്യൺ ഡോളറിലേക്ക് ഉയരുകയാണെന്നും ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ക്യാബിനറ്റ് സഹപ്രവർത്തകരും ആവർത്തിച്ച് അവകാശപ്പെട്ടുകൊണ്ടിരിക്കുന്നു. (പ്രസ് ഇൻഫർമേഷൻ ബ്യൂറോ, 12.11.2022) കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അഭിപ്രായത്തിൽ, രാഷ്ട്രീയസ്ഥിരതയും സുതാര്യമായ ഭരണവുമാണ് ഈ വളർച്ചയ്ക്ക് കാരണം. സമ്പദ് വ്യവസ്ഥയുടെ വളർച്ചയെക്കുറിച്ചുള്ള കൊട്ടിഘോഷം ഒരുവശത്ത് നടക്കുമ്പോൾ ഇന്ത്യയിലെ കോടിക്കണക്കിന് സാധാരണക്കാരുടെ ജീവിതത്തിൽ ഇത് എങ്ങനെ പ്രതിഫലിപ്പിക്കുന്നു എന്നത് പരിശോധിക്കേണ്ടിയിരിക്കുന്നു.**

ഇന്ത്യ അതിവേഗ സമ്പദ്‌വ്യവസ്ഥയായി മാറിയിരിക്കുകയാണെന്നും മോദി സർക്കാരിന്റെ ദാരിദ്ര്യ ലഘൂകരണ പരിപാടികൾ കാരണം സാധാരണക്കാരുടെ സാമ്പത്തിക സ്ഥിതി വളരെ മെച്ചപ്പെട്ടുവെന്നും ഇന്ത്യയിലെ 60 കോടിയിലധികം ആളുകൾസമ്പദ്‌വ്യവസ്ഥയുടെമുഖ്യധാരയിലേക്ക് വന്നിട്ടുണ്ടെന്നുമാണ് അമിത് ഷാ അവകാശപ്പെടുന്നത്. 70 കോടി ജനങ്ങളുള്ള രാജ്യത്തിന്റെ വിപണി 130 കോടിയായി വികസിപ്പിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു. *(ഉറവിടം: വൈബ്രന്റ് ഗുജറാത്ത് ഗ്ലോബൽ സമ്മിറ്റിലെ പ്രസംഗം, 11-01-24)* സമ്പദ്‌വ്യവസ്ഥഇത്ര വേഗത്തിൽകുതിക്കുന്നുവെങ്കിൽ, സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ സ്ഥിരമായ ഇടിവ് സൂചിപ്പിക്കുന്നതെങ്ങനെ എന്നതാണ് ചോദ്യം? എത്ര പൂജ്യങ്ങൾ ഒരു ട്രില്യൺ ഉണ്ടാക്കുമെന്ന് സാധാരണക്കാർക്ക് അറിയില്ലായിരിക്കാം. എന്നാൽ ഭക്ഷണസാധനങ്ങൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ അവർ കടയിൽ പോകുമ്പോഴോ അവരുടെ കീശയിൽ നോക്കുമ്പോഴോ, വളരെയധികം കൊട്ടിഘോഷിക്കപ്പെട്ട ഈ വളർച്ചയുടെ കഥ എത്ര വ്യാജമാണെന്ന് അവർ തിരിച്ചറിയുന്നു. കഠിനാധ്വാനത്തിലൂടെ തങ്ങൾ സമ്പാദിക്കുന്ന തുച്ഛമായ പണവുമായി അവർ കടയിൽ പോകുന്നു, മിക്കവാറും ഒഴിഞ്ഞ സഞ്ചികളുമായി മടങ്ങുന്നു.

## കുറയുന്ന ഗാർഹിക ഉപഭോഗവും ചുരുങ്ങുന്ന മധ്യവർഗവും

ഗാർഹിക ഉപഭോഗ ചെലവ് സർവേ സൂചിപ്പിക്കുന്നത് പോലെ, സമീപ വർഷങ്ങളിൽ ഇന്ത്യയിലെ ഗാർഹിക ഉപഭോഗം കുറഞ്ഞു. ഇത് 2020-21 ലെ മഹാമാരി വർഷത്തിന്റെ നിലവാരത്തേക്കാൾ ജിഡിപിയുടെ 57.2% താഴെയാണെന്ന് കണക്കാക്കപ്പെടുന്നു. ആളുകൾക്ക് അവരുടെ വാങ്ങൽശേഷി ക്രമേണ നഷ്ടപ്പെടുന്നു എന്നാണ് ഇതിനർത്ഥം. എന്തുകൊണ്ടാണിത്? കാരണം, ഒരുപിടി അതിസമ്പന്നരുടെ കീശ വീർപ്പിക്കുന്നതുമാത്രം ഉറപ്പാക്കുന്ന മുതലാളിത്ത സാമ്പത്തിക വ്യവസ്ഥിതിയിൽ, വിലനിലവാരം ആകാശത്തോളം കുതിച്ചുയരുകയാണ്. അതേസമയം വരുമാനമാർഗങ്ങൾ കൂടുതൽ കൂടുതൽ തകർന്നുകൊണ്ടിരിക്കുകയുമാണ്. ഇടത്തരക്കാരുൾപ്പെടെ, അധ്വാനിക്കുന്ന ദശലക്ഷക്കണക്കിന് ആളുകളെ തുടർച്ചയായി ദരിദ്രരാക്കുന്നതിന്റെ ചെലവിലാണ് ഇത്. 'മഹാമാരി മൂലമുണ്ടായ സാമ്പത്തികമാന്ദ്യം' എന്ന് വിളിക്കപ്പെടുന്ന അവസ്ഥയിൽ നിന്ന് കരകയറുന്നതിനെക്കുറിച്ചുള്ള എല്ലാ വാചാടോപവും ഉണ്ടായിട്ടും, ജനങ്ങൾക്ക് വേണ്ടത്ര വാങ്ങൽശേഷി ഇല്ലെന്ന് വ്യക്തമാണ്. സമ്പദ്‌വ്യവസ്ഥയിൽ ആവശ്യമായ ഡിമാൻഡ് സൃഷ്ടിക്കാൻ ഈ വാങ്ങൽശേഷി സഹായിക്കേണ്ടതായിരുന്നു. അങ്ങനെ വന്നിരുന്നെങ്കിൽ, കൂടുതൽ നിക്ഷേപം, കൂടുതൽ ഉൽപ്പാദനം, കൂടുതൽ തൊഴിലവസരങ്ങൾ അങ്ങനെ മൊത്തത്തിലുള്ള വീണ്ടെടുക്കലിലേയ്ക്ക് അത് നയിച്ചേനേ. ഓർക്കുക: സമ്പദ്‌വ്യവസ്ഥ (ജിഡിപി) 7 ശതമാനത്തിലധികം വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്ന സാഹചര്യത്തിലാണിത്.

തീർച്ചയായും, പ്രധാനമന്ത്രി മോദി വളരെ ശുഭാപ്തിവിശ്വാസിയാണ്. അദ്ദേഹം ഒരു പുതിയ സാമ്പത്തിക ആശയം അവതരിപ്പിച്ചു. "കേക്കിന്റെ വലിപ്പം പ്രധാനമാണ്. കേക്കിന്റെ വലിപ്പം കൂടുന്തോറും ആളുകൾക്ക് വലിയ കഷണങ്ങൾ ലഭിക്കും. അതിനാൽ ഇന്ത്യയെ 5 ട്രില്യൺ യുഎസ് ഡോളറിന്റെ സമ്പദ്‌വ്യവസ്ഥയാക്കാൻ ഞങ്ങൾ ലക്ഷ്യമിടുന്നു. സമ്പദ്‌വ്യവസ്ഥയുടെ വലുപ്പം വലുതായാൽ അത് രാജ്യത്തിന് വലിയ സമൃദ്ധി നൽകും"- പ്രധാനമന്ത്രി പറഞ്ഞു. ആഗോള ഉദാഹരണങ്ങൾ ഉദ്ധരിച്ച്, പ്രതിശീർഷ വരുമാനത്തിലെ കുതിച്ചുചാട്ടത്തിന്റെ പിൻബലത്തിൽ വികസ്വരരാജ്യങ്ങൾ വികസിത നിലയിലേക്ക് കുതിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. "ഇന്ത്യയ്ക്കും അത് ചെയ്യാൻ കഴിയും, ലക്ഷ്യം ബുദ്ധിമുട്ടുള്ളതല്ല," അദ്ദേഹം കൂട്ടിച്ചേർത്തു. എന്നാൽ, അദ്ദേഹം വെളിപ്പെടുത്താത്തത്, പ്രതിശീർഷ വരുമാനത്തിലെ ഈ വർദ്ധനവ് എല്ലാവരുടെയും അഭിവൃദ്ധി അർത്ഥമാക്കുന്നില്ല എന്നതാണ്. സമ്പത്തിന്റെ അസമമായ വിതരണത്തിന്റെ പശ്ചാത്തലത്തിൽ, ഫലത്തിൽ അർത്ഥമില്ലാത്ത ഒരു സ്ഥിതിവിവര ശരാശരിയാണിത്. അഞ്ച് അതിസമ്പന്നർ 10,000 രൂപയും അഞ്ച് ദരിദ്രർ 100 രൂപയും സമ്പാദിച്ചാൽ ആളോഹരി വരുമാനം 1010 രൂപയാണ്. എന്ത് കണക്കനുസരിച്ചാണെങ്കിലും ഇത് ഏതെങ്കിലും തരത്തിൽ ഒരു ഗുണനിലവാര അളവുകോലാണോ?

## കുതിച്ചുയരുന്ന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെന്ന കെട്ടുകഥ

**ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടെയുള്ള അവശ്യവസ്തുക്കളുടെ വില കുതിച്ചുയരുന്നു:** ഉപഭോക്തൃ വില സൂചികയുടെ ഏകദേശം 40% ഭക്ഷണച്ചെലവുമായി ബന്ധപ്പെട്ടതാണ്. ഭക്ഷ്യവിലപ്പെരുപ്പം പരിഹരിക്കാതെ മൊത്തത്തിലുള്ള പണപ്പെരുപ്പം ഫലപ്രദമായി നിയന്ത്രിക്കാനാവില്ലെന്ന് മുൻകാല ഡാറ്റ അടിവരയിടുന്നു. 2023 മുതൽ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം ഭക്ഷ്യ വിലക്കയറ്റം ഒരു സ്ഥിരമായ പ്രശ്നമാണ്. സർക്കാർ കണക്കുകൾ തന്നെ വർഷാവർഷമുള്ള വിലക്കയറ്റം സൂചിപ്പിക്കുന്നു - ഉദാഹരണത്തിന്, പച്ചക്കറികൾ 28%, പയർവർഗ്ഗങ്ങൾ 17%, ധാന്യങ്ങൾ 8.6%, മാംസം, മത്സ്യം 8.2 %, സുഗന്ധവ്യഞ്ജനങ്ങൾ 7.8%, മുട്ട 7.1%, എന്നിങ്ങനെ. തക്കാളി, കിഴങ്ങ് തുടങ്ങിയ ചില പച്ചക്കറികളുടെ വിലയിൽ 50 ശതമാനത്തിലധികം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമീണ-നഗര ഉപഭോക്താക്കൾ ഒരുപോലെ ദുരിതം അനുഭവിക്കുന്നു എന്നു കാണാം. ഗ്രാമീണമേഖലയിലെ പണപ്പെരുപ്പം ഒരു മാസം മുമ്പ് 5.3% ആയിരുന്നത് ഇപ്പോൾ 5.66% ആയി ഉയർന്നു. നഗരമേഖലയിലെ പണപ്പെരുപ്പം 4.2% ൽ നിന്ന് 4.4% ആയി ഉയർന്നു. ഔദ്യോഗിക കണക്കുകൾ എന്തുതന്നെയായാലും, ചില്ലറവിൽപ്പന വിപണിയിലെ വിലകൾ മൊത്തവില സൂചികയുടെ ഏതാണ്ട് ഇരട്ടിയാണ്. അതായത് പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത, ഇടനിലക്കാരുടെ ഭാഗത്തുനിന്നുള്ള പണം വെട്ടിക്കൽ എന്നിവ തടസ്സമില്ലാതെ നടക്കുന്നു. കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നവരെയും അനധികൃത കച്ചവടക്കാരെയും പിടികൂടാൻ സർക്കാരിന്റെ സംവിധാനങ്ങൾ ഉണർന്ന് പ്രവർത്തിക്കുന്നതിന് പകരം കുറ്റവാളികളുമായി ഒത്തുകളിച്ചാൽ അത് നടക്കുമോ? പലിശനിരക്ക് കുറയ്ക്കുന്നതിലുള്ള റിസർവ് ബാങ്കിന്റെ വിമുഖത പോലും പണപ്പെരുപ്പം കുതിച്ചുയരുന്നതിന് മേൽനിയന്ത്രണമില്ലെന്ന് സ്ഥിരീകരിക്കുന്നു. കുറഞ്ഞ പലിശ നിരക്ക് എന്നാൽ കൂടുതൽ കടം വാങ്ങുക, അതുവഴി വിപണിയിൽ കൂടുതൽ പണമെത്തി പണപ്പെരുപ്പം വർദ്ധിപ്പിക്കും എന്ന മുതലാളിത്ത സാമ്പത്തിക ശാസ്ത്രത്തിലെ പാഠപുസ്തകസിദ്ധാന്തമാണ് അവർ അന്ധമായി പിന്തുടരുന്നത്.

**വർദ്ധിച്ചുവരുന്ന കടം:** 2022-23-ൽ, ആകെ ബാധ്യതകൾ 15.8 ലക്ഷം കോടി രൂപയായി ഉയർന്നു. ഉപഭോക്തൃ ഉൽപന്ന വ്യവസായത്തിന്റെ പ്രധാന ലക്ഷ്യമായ ആളുകൾ, പ്രത്യേകിച്ച് മധ്യവർഗം, കൂടുതൽ കടക്കെണിയിലായിക്കൊണ്ടിരിക്കുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. അടുത്തിടെ നടത്തിയ ഒരു സർവേ ഞെട്ടിപ്പിക്കുന്ന ഒരു സ്ഥിതിവിവരക്കണക്ക് വെളിപ്പെടുത്തി-ഇന്ത്യയിലെ ജോലി ചെയ്യുന്ന പ്രൊഫഷണലുകളിൽ 77% പേരും ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ വ്യക്തിഗത വായ്പകളെ ആശ്രയിക്കുന്നു എന്നാണത്. എന്നാൽ ഇങ്ങനെ വ്യാപകമായി കടത്തെ ആശ്രയിക്കുന്നതിനു പിന്നിലെ പ്രാഥമിക കാരണങ്ങൾ എന്തൊക്കെയാണ്? ആസൂത്രിതമല്ലാത്ത ചെലവുകൾ (പെട്ടെന്നുള്ള മെഡിക്കൽ അത്യാഹിതങ്ങൾ, അപ്രതീക്ഷിതമായ കുടുംബ ബാധ്യതകൾ പോലെയുള്ളവ), വർദ്ധിച്ചുവരുന്ന ജീവിത ച്ചെലവ്, ആരോഗ്യ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനുമുള്ള ചെലവിന്റെ കുതിച്ചുചാട്ടം - ഇതെല്ലാം വായ്പയെടുത്ത്, വരുമാനവും ചെലവും തമ്മിലുള്ള വർദ്ധിച്ചുവരുന്ന വിടവ് നികത്താൻ ആളുകളെ പ്രേരിപ്പിക്കുന്നു. എന്നാൽ, മതിയായ വരുമാനത്തിന്റെ അഭാവം തിരിച്ചടവിനെ തടസ്സപ്പെടുത്തുന്നതിനാൽ, അവർ കടക്കെണിയിലാകുന്നു. തുടർന്ന് അവർ കഠിനാധ്വാനം ചെയ്തുണ്ടാക്കിയ സമ്പാദ്യം (ബാങ്ക് നിക്ഷേപം, ഇൻഷുറൻസ് മുതലായവ) പിൻവലിക്കുന്നു, അല്ലെങ്കിൽ പണയപ്പെടുത്തിയ ആസ്തികൾ (വീട്, ഭൂമി മുതലായവ) നഷ്ടപ്പെടുന്നു. ഈ ആസ്തികളിൽ ഏകദേശം 35% ബാങ്ക് നിക്ഷേപങ്ങളാണ്, തുടർന്ന് പബ്ലിക് പ്രൊവിഡന്റ് ഫണ്ട് (22%), ലൈഫ് ഇൻഷുറൻസ് ഫണ്ടുകൾ (18%), ചെറുകിട സമ്പാദ്യം(7%)എന്നിവയുൾപ്പെടെയുള്ളവയും.

അറ്റ സാമ്പത്തിക ആസ്തി 13.8 ലക്ഷം കോടി രൂപയായി കുത്തനെ കുറയുന്നതിന് ഇത് കാരണമാകുന്നു. റിസർവ് ബാങ്കിൽ നിന്ന് ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, 2022-23ൽ കുടുംബങ്ങളുടെ അറ്റ സാമ്പത്തിക ആസ്തി ജിഡിപിയുടെ (മൊത്ത ആഭ്യന്തര ഉൽപ്പാദനം) വെറും 5.1% ആയി കുറഞ്ഞു. ഇന്ത്യയിലെ കുടുംബങ്ങളുടെ അറ്റ സാമ്പത്തിക സമ്പാദ്യം, അഞ്ച് പതിറ്റാണ്ടിലെ ഏറ്റവും താഴ്ന്ന നിലയിലേക്ക് ഇടിഞ്ഞിരിക്കുന്നു. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം, ഇന്ത്യയിലെ കുടുംബങ്ങളുടെ ബാധ്യത 6 ലക്ഷം കോടി രൂപ വർധിച്ച് 83.65 ലക്ഷം കോടി രൂപയായിട്ടുണ്ട്. കടത്തിന്റെ ഈ വർദ്ധനവ് സൂചിപ്പിക്കുന്നത്, ആളുകൾ അടിസ്ഥാന ആവശ്യങ്ങൾക്കായി ചെലവഴിക്കാനും മുൻകാല വായ്പകൾ അടയ്ക്കാനും കടം വാങ്ങിയിരിക്കാം എന്നതാണ്. ചരക്കുകളുടെയും സേവനങ്ങളുടെയും ഉപഭോഗം സമ്പദ്‌വ്യവസ്ഥയുടെ പ്രധാന ചാലകമാണ്. എന്നാൽ അവശ്യവസ്തുക്കൾ വാങ്ങുന്നതിന് ആളുകൾക്ക് അവരുടെ സമ്പാദ്യം ബലികഴിക്കേണ്ടിവരുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

**മെഡിക്കൽ പണപ്പെരുപ്പം:** ഭക്ഷ്യവിലക്കയറ്റത്തോടൊപ്പം തന്നെ, ഇന്ത്യയിൽ വർധിച്ചുവരുന്ന ചികിത്സാചെലവിനെക്കുറിച്ചും പ്രത്യേക പരാമർശം ആവശ്യമാണ്. അനിയന്ത്രിതമായ സ്വകാര്യവൽക്കരണവും, ആതുരശുശ്രൂഷ എന്ന സേവനത്തെ ഏറ്റവും ഉയർന്ന ലാഭത്തിന് വിൽക്കാനുള്ള ഒരു വാണിജ്യ ചരക്കായി മാത്രം കാണുന്ന നയവും പിന്തുടർന്ന സർക്കാരുകൾ, ചികിത്സാ ചെലവുകൾ നിറവേറ്റുന്നത് പല കുടുംബങ്ങൾക്കും ഗണ്യമായ സാമ്പത്തിക ബാധ്യതയാക്കി മാറ്റിയിരിക്കുന്നു. 2023 ൽ, ഇന്ത്യയുടെ മെഡിക്കൽ പണപ്പെരുപ്പ നിരക്ക് 14% ആയിരുന്നു. ഇത് ഏഷ്യൻ രാജ്യങ്ങളിലെ ഏറ്റവും ഉയർന്ന നിരക്കാണ്. ഇന്ത്യയിലെ ആരോഗ്യ പരിപാലന ച്ചെലവിന്റെ 62 ശതമാനവും ജനം സ്വന്തം പോക്കറ്റിൽ നിന്നാണ് നൽകുന്നത്. ഇന്ത്യയിലെ മരുന്ന് വിലനിർണ്ണയ അതോറിറ്റി ഒക്ടോബർ പകുതിയോടെ ചില അവശ്യ മരുന്നുകളുടെ വില 50% വർദ്ധിപ്പിച്ചു. ആസ്ത്മ, ഗ്ലൂക്കോമ, തലസീമിയ, ക്ഷയം, മാനസികാരോഗ്യ വൈകല്യങ്ങൾ എന്നിവ പോലുള്ള അവസ്ഥകളുടെ ചികിത്സയ്ക്ക് ഈ മരുന്നുകൾ (ഇവയിൽ മിക്കതും വിലകുറഞ്ഞതാണ്) പ്രധാനമാണ്. രോഗനിർണ്ണയ പരിശോധനകളുടെ ചെലവും കുത്തനെ ഉയരുകയാണ്. ഒരു ലളിതമായ 'സമ്പൂർണ രക്ത കൗണ്ട് പരിശോധന'യ്ക്ക് ഇപ്പോൾ ഏകദേശം 400 രൂപയാണ് ചെലവ്. എക്സ്-റേയുടെ ശരാശരി ചെലവ് 200 മുതൽ 2000 രൂപ വരെയാണ്. ആൻജിയോപ്ലാസ്റ്റിയുടെ ചെലവ് 2018-ൽ 1-1.5 ലക്ഷം രൂപയായിരുന്നത് 2024-ൽ 2-3 ലക്ഷം രൂപയായി. 2030-ഓടെ വൃക്ക മാറ്റിവയ്ക്കൽ ചെലവ് 20 ലക്ഷം കവിയുമെന്നാണ് വിലയിരുത്തുന്നത്. രാജ്യത്ത് ആരോഗ്യ സംരക്ഷണത്തിനുള്ള ചെലവുകൾ വാർഷിക നിരക്കിൽ 14% വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് ഇൻഷുറൻസ് കമ്പനിയായ

*(ശേഷം 7-ാം പേജിൽ)*

# ദൈവിക ഇടപെടലിനെ സംബന്ധിച്ച പ്രധാനമന്ത്രിയുടെയും മുൻ ചീഫ് ജസ്റ്റിസിന്റെയും അവകാശവാദങ്ങളുടെ പ്രത്യാഘാതങ്ങൾ

**മതേതരത്വം അവകാശപ്പെടുന്ന ഒരു ജനാധിപത്യവ്യവസ്ഥയിൽ, മതം വ്യക്തിപരമായ വിശ്വാസത്തിന്റെ വിഷയമായിരിക്കണം. ഭരണപരവും സാമൂഹികവുമായ വിഷയങ്ങളിൽ അത് ഇടപെടാതിരിക്കുക എന്നത് അലംഘനീയവുമായിരിക്കണം. എന്നാൽ, ഇന്ത്യയുടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും മുൻ ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡും നടത്തിയ ആത്മീയവാദപരമായ പ്രഖ്യാപനങ്ങൾ യുക്തിബോധത്തെയും നീതിയുക്തമായ ഭരണത്തെയും ഭരണഘടനാപരമായി പ്രതിഷ്ഠിക്കപ്പെട്ട മതനിരപേക്ഷതയെയും വെല്ലുവിളിക്കുന്നവയാണ്.**

**രാ**മജന്മഭൂമി-ബാബരി മസ്ജിദ് തർക്ക പരിഹാരത്തിനായി താൻ ദൈവത്തോട് പ്രാർത്ഥിച്ചുവെന്നും, ഒരാൾക്ക് വിശ്വാസമുണ്ടെങ്കിൽ ദൈവം ഉറപ്പായി ഒരു വഴി കാണിക്കുമെന്നും ജസ്റ്റിസ് ചന്ദ്രചൂഡ് പറഞ്ഞു. 2024 നവംബർ 10ന് വിരമിച്ച ജസ്റ്റിസ് ചന്ദ്രചൂഡ് സ്വന്തം ഗ്രാമത്തിൽ നടന്ന ആദരിക്കൽ ചടങ്ങിൽ പറഞ്ഞത്, "പല കേസുകളിലും ഞങ്ങൾക്ക് ഒരു തീരുമാനത്തിലെത്താൻ കഴിയാതെ വന്നിട്ടുണ്ട്. രാമജന്മഭൂമി-ബാബരി മസ്ജിദ് തർക്കം അതിലൊന്നാണ്. ഈ കേസ് മൂന്നു മാസത്തോളം എന്റെ മുന്നിൽ ഉണ്ടായിരുന്നു. ഞാൻ ഒരു പരിഹാരത്തിനായി ദൈവത്തോട് പ്രാർത്ഥിച്ചു."

ചീഫ് ജസ്റ്റിസെന്ന നിലയിൽ, ബാബരി മസ്ജിദ് തർക്കം 'ഹിന്ദുക്കൾക്ക്' അനുകൂലമായി തീർപ്പുകൽപ്പിച്ചത് ദൈവേച്ഛയാലാണെന്ന തുറന്നുപറച്ചിൽ വിധിയുടെ സത്യസന്ധതയെക്കുറിച്ച് വിമർശനാത്മക ചോദ്യങ്ങൾ ഉയർത്തുന്നു. ഗണേശ പൂജയിൽ പങ്കെടുക്കാൻ നരേന്ദ്ര മോദിയെ സ്വന്തം വസതിയിലേക്ക് ക്ഷണിച്ച അദ്ദേഹത്തിന്റെ നടപടി കോടതിയിലും ബാറിലുമുള്ള അദ്ദേഹത്തിന്റെ മുൻ സഹപ്രവർത്തകരിൽ നിന്നും വിമർശനം ക്ഷണിച്ചു വരുത്തിയിട്ടുണ്ട്.

കഴിഞ്ഞ മെയ് 14ന്, വാരണാസി ലോക്സഭാമണ്ഡലത്തിൽ നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിനുമുമ്പ്, ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ എന്തുകൊണ്ടാണ് താൻ തളരാത്തത് എന്ന ചോദ്യത്തിന് മറുപടിയായി പ്രധാനമന്ത്രി മോദി പറഞ്ഞത്, "എന്റെ അമ്മ ജീവിച്ചിരുന്നപ്പോൾ, എന്നെ അമ്മ പ്രസവിച്ചതാണെന്ന് ഞാൻ വിശ്വസിച്ചിരുന്നു. അമ്മ മരിച്ചതിനുശേഷം, എന്റെ എല്ലാ അനുഭവങ്ങളുടെയും വെളിച്ചത്തിൽ ദൈവമാണ് എന്നെ അയച്ചതെന്ന് എനിക്ക് ബോധ്യപ്പെട്ടു. ഈ ഊർജ്ജം എന്റെ ശരീരത്തിൽ നിന്നുണ്ടാകുന്നതല്ല, ദൈവം എനിക്ക് വരദാനമായി തന്നതാണ് എന്നെനിക്കുറപ്പാണ്. ദൈവം എനിക്ക് കഴിവും പ്രചോദനവും സദുദ്ദേശ്യങ്ങളും തന്നിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ ഒരു ഉപകരണം മാത്രമാണ്. അതുകൊണ്ട് എന്തുചെയ്യുമ്പോഴും ദൈവമാണ് എന്നെ നയിക്കുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു."

മെയ് 22ന് ഉത്തർപ്രദേശിലെ ബസ്തിയിൽ ബിജെപി സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ, 'ബിജെപിക്ക് വോട്ടുചെയ്യുന്നവർക്ക് സത്കർമ്മങ്ങളുടെ പുണ്യം ലഭിക്കും'എന്നു പറഞ്ഞുകൊണ്ട് സ്വന്തം മാഹാത്മ്യവും ദൈവനിയോഗവും അദ്ദേഹം വീണ്ടും ഓർമ്മിപ്പിച്ചു. തന്നെ 'അമ്മ പ്രസവിച്ചതല്ലെന്നും ദൈവത്തിന്റെ സന്തതിയാണെന്നും 2040വരെ രാജ്യം ഭരിക്കാൻ നിയോഗിക്കപ്പെട്ടവനാണെന്നും' മറ്റുമുള്ള പ്രധാനമന്ത്രി മോദിയുടെ പ്രസ്താവനകൾ യാഥാർത്ഥ്യത്തിന് ഒട്ടും നിരക്കുന്നതല്ല. ദൈവനാമത്തിൽ വോട്ട് ചോദിക്കുകയും ഒരു അവതാരത്തിന്റെ പരിവേഷം പ്രധാനമന്ത്രി മോദി സ്വയം അണിയുകയും ചെയ്യുന്നത് തീർച്ചയായും ഒരു കടന്നകൈയാണ്. ഇപ്പോൾ ഇന്ത്യയുടെ ചീഫ് ജസ്റ്റിസും, തന്റെ വിധികൾ ദൈവകൽപ്പനയാണെന്ന് അഭിപ്രായപ്പെടുന്നു. ഈ പ്രസ്താവനകൾ ഗൗരവമേറിയ ചോദ്യങ്ങൾ ഉയർത്തുന്നു. ഇന്ത്യയിലെ രാഷ്ട്രീയ നേതാക്കൾക്കും ജഡ്ജിമാർക്കും മറ്റും അവരുടെ മതപരമായ താൽപ്പര്യങ്ങൾ മാറ്റിവെച്ചുകൊണ്ട് നീതിയുക്തമായി പ്രവർത്തിക്കാനാകുമോ? അതോ സാമൂഹ്യഉത്തരവാദിത്തവും വിശ്വാസവും തമ്മിലുള്ള വേർതിരിവ് അപകടകരമാംവിധം ഇല്ലാതാകുകയാണോ?

## 'ദൈവികമായി ലഭിച്ച' മോദിയുടെ അധികാരം

പ്രധാനമന്ത്രി മോദിയുടെ ഈ വാക്കുകൾ കേവലം വ്യക്തിപരമായ വിശ്വാസങ്ങൾക്കപ്പുറത്ത്, തീവ്ര ഹിന്ദുദേശീയതാവാദത്തെ ഉറപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു പദ്ധതിയുടെ ഭാഗമാണ്. ദൈവസൃഷ്ടിയായി സ്വയം ഉയർത്തിക്കാട്ടുന്ന മോദി തന്റെ നേതൃത്വത്തെ ഒരു പ്രാപഞ്ചിക ദൗത്യവുമായി യോജിപ്പിക്കുന്നു, ഇന്ത്യൻ ഭരണകൂടത്തിന്റെ 'ഹിന്ദുവൽക്കരണം' ശക്തിപ്പെടുത്താനും അതുവഴി ഒരു പരിഷ്കൃത ജനാധിപത്യ രാഷ്ട്രത്തിന്റെ മതേതര തത്വങ്ങൾക്ക് വിരുദ്ധമായി മതാധിഷ്ഠിത ഭരണത്തിലേക്ക് മാറാനും ശ്രമിക്കുന്നു. ജനാധിപത്യത്തിൽ, രാഷ്ട്രീയ നേതാക്കൾ ഭരണകാര്യങ്ങളിലും നയങ്ങളിലുമൊക്കെ ഏതെങ്കിലും മതത്തിന്റെ മേധാവിത്വം അംഗീകരിക്കാത്തവരും ജനാധിപത്യതത്വങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്നവരുമായിരിക്കണം. പാർലമെന്റിന്റെ പരമാധികാരം പ്രതിനിധികളെ തിരഞ്ഞെടുക്കുന്ന ജനങ്ങളുടെ പരമാധികാരത്തെ ആശ്രയിച്ചിരിക്കുന്നു. ഇന്ത്യ അനേകം മതങ്ങളും ദേശീയതകളുമുള്ള രാജ്യമാണ്. അതിനാൽ ഇവിടെ ഗവൺമെന്റിന്റെ പ്രവർത്തനം, ഒരു പ്രത്യേക മതത്തെ പ്രോത്സാഹിപ്പിക്കുന്നതിനെ തടയുന്നു. എന്നാൽ മോദിയുടെ പ്രഖ്യാപനം സൂചിപ്പിക്കുന്നത്, അദ്ദേഹത്തിനധികാരം ലഭിച്ചത്, അജ്ഞാതവും വിശദീകരിക്കാനാവാത്തതുമായ ഒരു പ്രകൃത്യാതീത ശക്തിയിൽനിന്നാണ് എന്നത്രെ; ജനാധിപത്യ വ്യവസ്ഥയുടെ പരിശോധനകൾക്കും മേൽനോട്ടത്തിനും അപ്പുറമുള്ള ഒന്ന്. അതിനാൽ, ഗവൺമെന്റിന്റെ തലപ്പത്തുള്ള വ്യക്തി, തന്റേത് ദൈവനിയോഗത്താലുള്ള അധികാരമാണെന്ന് സൂചന നൽകുമ്പോൾ, അത് ജനങ്ങൾക്ക് തുല്യത നൽകുന്ന, അവരോടുള്ള പ്രതിബദ്ധത ഉറപ്പാക്കുന്ന വ്യവസ്ഥാപിതമായ ജനാധിപത്യ നിയമങ്ങളെ നിരാകരിക്കുന്നു. പ്രധാനമന്ത്രി മോദിയുടെ കാഴ്ചപ്പാടിൽ, രാജ്യത്തിന്റെ നേതൃത്വം ജനാധിപത്യ സംവിധാനത്തിന്റെ ദാനമല്ല, മറിച്ച് ചോദ്യംചെയ്യാനാവാത്ത ദൈവിക അവകാശമാണ്.

## ജുഡീഷ്യറിക്ക് ദൈവത്തിന്റെ കല്പന

പ്രധാനമന്ത്രി മോദിയുടെ അവകാശവാദങ്ങൾ അസ്വാസ്ഥ്യമുണ്ടാക്കുന്നതുപോലെതന്നെ, മുൻ ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ വെളിപാടുകൾ ഇന്ത്യൻ നീതിന്യായ വ്യവസ്ഥയ്ക്കും സങ്കീർണ്ണതകൾ സൃഷ്ടിക്കുന്നു. ഭരണഘടനാ ചട്ടക്കൂടുകളിലും നിയമതത്വങ്ങളിലും അധിഷ്ഠിതമായ ഒരു മഹനീയമായ പദവിയാണ് ചീഫ് ജസ്റ്റിസ് വഹിക്കുന്നത്. പാർലമെന്റിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണ് നിയമങ്ങൾ രൂപീകരിക്കുന്നത്. ഇവർ ദൈവം നിയോഗിച്ചവരോ, ദൈവേച്ഛയ്ക്കനുസരിച്ച് നിയമനിർമ്മാണം നടത്തുന്നവരോ അല്ല. രണ്ടാമതായി, എല്ലാ നിയമസഭാംഗങ്ങളും ഹിന്ദുമതവിശ്വാസികളല്ല. നിയമങ്ങൾ ശരി

(ശേഷം 8–ാം പേജിൽ)

# അതിസമ്പന്നരായ 1% രാജ്യത്തിന്റെ സമ്പത്തിന്റെ 40% കൈവശം വയ്ക്കുന്നു

(6–ാം പേജിൽ നിന്ന്)

അക്കോയുടെ 'ഇന്ത്യ ഹെൽത്ത് ഇൻഷുറൻസ് ഇൻഡക്സ് 2024' കാണിക്കുന്നു. ഓരോ വർഷവും വർദ്ധിച്ചുവരുന്ന ആരോഗ്യ സംരക്ഷണ ചെലവുകൾ 6.3 കോടി ഇന്ത്യക്കാരെ പുതുതായി ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നു. അതായത് ഓരോ സെക്കൻഡിലും ഏകദേശം രണ്ട് പേർ. ആരോഗ്യ ഇൻഷുറൻസിലൂടെ മതിയായ പരിരക്ഷ ലഭിക്കുന്നുണ്ടെന്ന് പ്രചരിപ്പിച്ച് സർക്കാരുകൾ ആശ്വാസം നേടുകയാണ്. എന്നാൽ ഇവിടെയും പ്രീമിയം താരിഫ് കുതിച്ചുയരുകയാണ്. 52% ആരോഗ്യ ഇൻഷുറൻസ് പോളിസി ഉടമകൾക്ക്, കഴിഞ്ഞ 12 മാസത്തിനിടെ പ്രീമിയം 25 ശതമാനത്തിലധികം വർദ്ധിച്ചതായി 'ലോക്കൽ സർക്കിൾസ്' നടത്തിയ ഒരു സർവേയിൽ പറയുന്നു. ഒരു പുതിയ ആരോഗ്യ ഇൻഷുറൻസ് പോളിസി വാങ്ങുന്നതിനോ നിലവിലുള്ള പോളിസി പുതുക്കുന്നതിനോ ശ്രമിക്കുന്ന ആളുകൾക്ക്, ദീർഘകാല ആരോഗ്യ പരിരക്ഷയിൽ ഏർപ്പെടുന്നതിന് മുമ്പ് ഭാവിയിലെ പ്രീമിയം വർദ്ധനവുകൾ കൂടി കണക്കിലെടുക്കേണ്ടത് വളരെ പ്രധാനമാണ്. ഇപ്പോൾ വീണ്ടും പ്രീമിയത്തിൽ കൂടുതൽ വർധനവിന് ഒരുങ്ങുകയാണെന്നും പറയപ്പെടുന്നു.

**വിദ്യാഭ്യാസച്ചെലവ് കുതിച്ചുയരുന്നു:** ഇന്ത്യയിലെ വിദ്യാഭ്യാസച്ചെലവും സാധാരണ പണപ്പെരുപ്പത്തേക്കാൾ ഉയർന്ന നിരക്കിൽ വർദ്ധിക്കുകയാണ്. സ്വകാര്യവൽക്കരണ വേളയിൽ വിദ്യാഭ്യാസവും ഒരു ലാഭകരമായ ചരക്കായി മാറി. വിദ്യാഭ്യാസരംഗത്തെ പണപ്പെരുപ്പ നിരക്ക് ഏകദേശം 8-10% ആണ്. അതേസമയം പൊതു പണപ്പെരുപ്പം ഏകദേശം 5-6% ആണ്. ഓരോ 6-7 വർഷത്തിലും വിദ്യാഭ്യാസച്ചെലവ് ഇരട്ടിയാകാം എന്നാണ് ഇതിനർത്ഥം.

## മധ്യവർഗം പാപ്പരാക്കപ്പെടുന്നു

ഇരുചക്രവാഹനങ്ങൾ മുതൽ വിലകൂടിയ എസ്‌യുവി വരെയുള്ള വാഹനങ്ങളുടെ ഉയർന്ന വിൽപ്പന ഉദ്ധരിച്ച് ഇന്ത്യയിലെ മധ്യവർഗം അഭിവൃദ്ധിപ്രാപിക്കുന്നതായി ചിത്രീകരിക്കാൻ ഔദ്യോഗിക വക്താക്കൾ ശ്രമിക്കുന്നു. എന്നാൽ, രാജ്യത്തെ വാഹന വിൽപ്പനക്കാർ 86,000 കോടി രൂപ വില മതിക്കുന്ന 7 ലക്ഷം വാഹനങ്ങളുടെ അഭൂതപൂർവമായ സ്റ്റോക്കിന് മുകളിൽ ഇരിക്കുകയാണെന്ന് റിപ്പോർട്ടുകൾ പറയുന്നു. അമേരിക്കൻ പ്യൂ റിസർച്ച് സെന്റർ പുറത്തുവിട്ട കണക്കുകൾ പ്രകാരം, 2010ൽ ഇന്ത്യയിലെ മധ്യവർഗം ഏകദേശം 50 ദശലക്ഷത്തിനും 70 ദശലക്ഷത്തിനും ഇടയിൽ ആയിരുന്നു. ഇത് 2020-ഓടെ 150 ദശലക്ഷത്തിനും 200 ദശലക്ഷത്തിനും ഇടയിലായി വളർന്നു. പക്ഷേ, വർധിക്കുന്ന ജീവിതച്ചെലവുകളും വരുമാനത്തിലെ ഇടിവും ക്രയശേഷിയെ കുറച്ച് അതിവേഗം അവരെ പാപ്പരാക്കുന്നു.

ഹിന്ദുസ്ഥാൻ യൂണിലിവർ, ഗോദ്‌റെജ്, മാരികോ, ഐടിസി, നെസ്‌ലെ തുടങ്ങിയ ഉപഭോക്തൃ ഉൽപന്ന നിർമ്മാണ ഭീമൻമാർ ജൂലൈ-സെപ്റ്റംബർ പാദത്തിൽ മാർജിനിൽ ഇടിവ് രേഖപ്പെടുത്തിയിരുന്നു. തന്റെ കമ്പനി നഗര മേഖലയിലെ വിൽപ്പന വളർച്ചയിൽ കടുത്ത മാന്ദ്യം അനുഭവിക്കുന്നുവെന്നും, ഈ തകർച്ചയ്ക്ക് കാരണമായത് "ചുരുങ്ങിക്കൊണ്ടിരിക്കുന്ന ഇടത്തരക്കാരാണ്", എന്നാണ് നെസ്‌ലെ ഇന്ത്യയുടെ സിഎംഡി പറഞ്ഞത്.

## വർധിക്കുന്ന അസമത്വം ആരോഗ്യത്തിന്റെയല്ല, രോഗത്തിന്റെ ലക്ഷണമാണ്

നമുക്കറിയാം, അതിസമ്പന്നരായ വെറും 1% ഇന്ത്യക്കാർ രാജ്യത്തിന്റെ സമ്പത്തിന്റെ 40% കൈവശം വയ്ക്കുന്നു. അതേസമയം താഴെക്കിടയിലുള്ള 50 ശതമാനമാളുകൾക്ക് രാജ്യത്തിന്റെ സമ്പത്തിന്റെ 6.4% മാത്രമാണ് സ്വന്തമായുള്ളത്. ദേശീയ ആരോഗ്യ സർവ്വേ പ്രകാരം, ഇന്ത്യയിൽ 19 കോടി ആളുകൾ ദിവസവും പട്ടിണി കിടക്കുന്നു. പട്ടിണിയും പോഷകാഹാരക്കുറവും കാരണം അഞ്ച് വയസ്സിന് താഴെയുള്ള ഏകദേശം 4,500 കുട്ടികളാണ് രാജ്യത്ത് പ്രതിദിനം മരിക്കുന്നത്. 100 കോടി ഇന്ത്യക്കാർക്ക്, അതായത് രാജ്യത്തെ ജനസംഖ്യയുടെ 74% ആളുകൾക്ക് പോഷകസമൃദ്ധമായ ഒരു നേരത്തെ ഭക്ഷണമെന്നത് താങ്ങാനാവുന്നില്ല. അതിനാൽ, 2023-ലെ ആഗോള പട്ടിണി സൂചികയിൽ 125 രാജ്യങ്ങളിൽ 111-ാം സ്ഥാനത്താണ് ഇന്ത്യ. ഇതാണ് "5 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയിലേക്കുള്ള കുതിപ്പിന്റെ" നേർക്കാഴ്ച. ■

# ഒരു ജനാധിപത്യ സമൂഹത്തിൽ ജുഡീഷ്യറിയുടെ അടിത്തറ യുക്തിയും വസ്തുനിഷ്ഠതയുമായിരിക്കണം

(7–ാം പേജിൽ നിന്ന്)

യത്തിനോ ഇസ്ലാമിക പ്രമാണങ്ങൾക്കോ അനുസരിച്ചായിരിക്കണം എന്ന് പാർലമെന്റിലെ ഒരു മുസ്ലീം അംഗം പറഞ്ഞാൽ അത് അംഗീകരിക്കാനാകുമോ? അതുപോലെ, ക്രിസ്ത്യാനിയായ ഒരു ന്യായാധിപൻ തന്റെ വിധികൾ ബൈബിളിലെ സുവിശേഷങ്ങൾക്കനുസൃതമായി എഴുതപ്പെട്ടതാണെന്ന് അവകാശപ്പെടുകയാണെങ്കിൽ, അത് സ്വീകാര്യമാകുമോ? തർക്കമുള്ള ഒരു ആരാധനാലയത്തിന്റേമേൽ അവകാശവാദമുന്നയിച്ച ഹിന്ദുക്കൾക്ക് അത് അനുവദിച്ചുകൊണ്ടുള്ളതായിരുന്നു അയോധ്യാ വിധി. ഈ വിധിയുമായി ബന്ധപ്പെട്ട് ദൈവഹിതം ആരാഞ്ഞു എന്ന ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡിന്റെ അവകാശവാദം, ജുഡീഷ്യൽ നിഷ്പക്ഷതയിൽ കരിനിഴൽ വീഴ്ത്തിയെന്നത് നിസ്സംശയമാണ്.

ദൈവം 'സർവ്വജ്ഞനും' 'നിഷ്പക്ഷനു'മാണെങ്കിൽ, സുപ്രീം കോടതിയുടെ അഞ്ചംഗ ബെഞ്ച് (ജസ്റ്റിസ് ചന്ദ്രചൂഡ് ഉൾപ്പെടെ) കുറ്റകൃത്യമെന്ന് വിധിച്ച മസ്ജിദ് തകർക്കലിനെ എങ്ങനെ സാധൂകരിക്കാനാകും? 1934ൽ ബാബറി മസ്ജിദിനു വരുത്തിയ കേടുപാടുകൾ, 1949ൽ അശുദ്ധിയാരോപിച്ച് മുസ്ലീങ്ങളെ പുറത്താക്കിയത്, ഒടുവിൽ 1992 ഡിസംബർ 6ന് നടന്ന പള്ളിപൊളിക്കൽ എന്നിവ നിയമവാഴ്ചയുടെ കടുത്ത ലംഘനമാണെന്നും ചെയ്ത തെറ്റ് പരിഹരിക്കപ്പെടണമെന്നും സുപ്രീം കോടതി ബെഞ്ച് നിരീക്ഷിച്ചു. എന്നാൽ പിന്നീട് മസ്ജിദ് തകർത്ത സ്ഥലത്ത് ക്ഷേത്രം നിർമ്മിക്കാമെന്ന് വിധിച്ചു. എന്തുകൊണ്ടെന്നാൽ, ബെഞ്ച് അതിന്റെ വിധിയിൽ ഇങ്ങനെയാണ് നിരീക്ഷിച്ചത്: "ശ്രീരാമന്റെ ജന്മസ്ഥലത്താണ് മൂന്ന് താഴികക്കുടങ്ങളോടെ ബാബറി മസ്ജിദ് പണിതുയർത്തിയതെന്ന ഹിന്ദുക്കളുടെ വിശ്വാസം വ്യക്തമായി സ്ഥാപിക്കുന്നതാണ് ഹാജരാക്കിയ തെളിവുകൾ." ഒരു ചരിത്രസ്മാരകം നശിപ്പിച്ച ക്രിമിനൽ നടപടിക്ക് കോടതിവിധിയിൽ ന്യായീകരണം കണ്ടെത്താമെന്നതുകൊണ്ടുതന്നെ സ്വാഭാവികമായും ഈ വിധി ബിജെപിക്കും സംഘപരിവാറിനും ആഹ്ലാദമുണ്ടാക്കി. എന്നാൽ ഇത് രാജ്യത്തെ ജനാധിപത്യ, മതേതര ചിന്താഗതിയുള്ള, വിവേകശാലികളായ ജനങ്ങളിൽ ഗുരുതരമായ ആശങ്കയും വേദനയും ഉളവാക്കുകയും ജുഡീഷ്യറിയുടെ നിഷ്പക്ഷതയെ കുറിച്ച് സംശയം ജനിപ്പിക്കുകയുംചെയ്തു. നീതിന്യായ വ്യവസ്ഥയുടെ ചരിത്രത്തിൽ ഒരിടത്തും നിയമത്തിനും ചരിത്രപരമായ തെളിവുകൾക്കും മുകളിൽ മതവിശ്വാസത്തെ പ്രതിഷ്ഠിച്ചിട്ടില്ല.

നിഷ്പക്ഷവും മുൻവിധികളില്ലാത്തതുമായ നീതി എല്ലാവർക്കും ഉറപ്പാക്കുവാൻ നീതിന്യായവ്യവസ്ഥ മതവിശ്വാസങ്ങളിൽ നിന്ന് മുക്തമായിരിക്കണം, വിശേഷിച്ചും, ഇന്ത്യപോലെ വ്യത്യസ്ത മതവിശ്വാസങ്ങൾ വെച്ചുപുലർത്തുന്ന ഒരു രാജ്യത്ത്. തന്റെ വിധികൾ ദൈവഹിതത്തിന് അനുസൃതമായിരിക്കാമെന്ന് ഒരു ചീഫ് ജസ്റ്റിസ് പറയുമ്പോൾ അത് മതവിശ്വാസത്താൽ സ്വാധീനിക്കപ്പെടുകയെന്ന അപകടം ഉൾക്കൊള്ളുന്നുണ്ട്. ഇത് നീതിന്യായ വ്യവസ്ഥയുടെ മർമ്മപ്രധാനമായ വസ്തുനിഷ്ഠതയുടെയും, മതവിശ്വാസത്തെ ജുഡീഷ്യൽ പ്രവർത്തനത്തിൽനിന്ന് അകറ്റിനിർത്തുന്നതിന്റെയും അടിസ്ഥാന പ്രമാണങ്ങളെയാണ് ഹനിക്കുന്നത്. ജസ്റ്റിസ് ചന്ദ്രചൂഡാണ് അയോധ്യ വിധി എഴുതിയതെന്ന് പലരും അഭിപ്രായപ്പെട്ടിരുന്നു. ഈ വിധിന്യായം ദൈവകല്പിതമായിരുന്നു എന്ന് പറഞ്ഞതിലൂടെ അതിന്റെ സാധുത ചോദ്യം ചെയ്യപ്പെടുന്നത് ന്യായീകരിക്കത്തക്കതാണ്.

### ജനാധിപത്യ ചട്ടക്കൂടിൽ ജുഡീഷ്യറിയുടെ പങ്ക്

ഒരു സ്ഥാപനമെന്ന നിലയിൽ, ജുഡീഷ്യറി ഒരു ജനാധിപത്യ സമൂഹത്തിൽ യുക്തിയുടെയും, വസ്തുനിഷ്ഠതയുടെയും അടിത്തറയിലാണ് പ്രവർത്തിക്കേണ്ടത്. ജഡ്ജിമാർ വ്യക്തിപരമായ വിശ്വാസങ്ങളെയോ, മതപ്രമാണങ്ങളെയോ ഒക്കെ വിധികളെ സ്വാധീനിക്കാൻ അനുവദിക്കുമ്പോൾ, അവർ ഈ വസ്തുനിഷ്ഠതയിൽ വിട്ടുവീഴ്ച ചെയ്യുകയും പൊതുജനങ്ങളുടെ വിശ്വാസം തകർക്കുകയും ചെയ്യുന്നു. അയോധ്യ വിധിക്കു മുമ്പ് ദൈവഹിതം ആരാഞ്ഞ ചന്ദ്രചൂഡിന്റെ നടപടി ഇതിന് ഉദാഹരണമാണ്. ദൈവഹിതം തേടുന്നത്, പ്രതീകാത്മകമായിട്ടാണെങ്കിൽപോലും, നിയമപരമായ തത്വങ്ങളിലും ലൗകിക നീതിയിലും മാത്രം അധിഷ്ഠിതമായി എടുക്കേണ്ടുന്ന ഒരു തീരുമാനത്തിൽ മതപരമോ നിഗൂഢമോ ആയ പരിഗണനകൾ ഉൾച്ചേർക്കുകയെന്ന അപകടം പേറുന്നുണ്ട്. ഇത് മതപരമായ പക്ഷപാതത്തെ വളർത്തുകയും ഭരണകൂടത്തിന്റെ മതേതര സ്വഭാവത്തെ ഹനിക്കുകയും ചെയ്യുന്നു.

### അന്ധമായ ആത്മീയതയെ മുൻനിർത്തിയുള്ള ഭരണ നിർവഹണം

പ്രധാനമന്ത്രിയെപ്പോലൊരാൾ ആദ്ധ്യാത്മികതയെ സ്തുതിച്ചുകൊണ്ട് പ്രവർത്തിക്കുമ്പോൾ രണ്ടു കാര്യങ്ങൾ സംഭവിക്കുന്നു: ഒന്ന്, സത്യത്തിന്റെയും വസ്തുനിഷ്ഠമായ രീതിശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ ചിന്താപ്രക്രിയയ്ക്കുപകരം യുക്തിരാഹിത്യവും മതാന്ധതയും പ്രതിഷ്ഠിക്കപ്പെടുന്നു. രണ്ട്, ഗവൺമെന്റിന്റെ ഭരണപരാജയങ്ങളിൽനിന്നും, എല്ലാ തിന്മകൾക്കും അപഭ്രംശങ്ങൾക്കും കാരണമായ മുതലാളിത്തസേവയിൽനിന്നും ജനങ്ങളുടെ ശ്രദ്ധ തിരിക്കുന്നു. സാമ്പത്തിക അസമത്വം, കാർഷിക പ്രതിസന്ധി, ഉയർന്ന തൊഴിലില്ലായ്മ നിരക്ക് എന്നിങ്ങനെ നിരവധി മൂർത്തമായ വെല്ലുവിളികൾ ഇന്ത്യ അഭിമുഖീകരിക്കുന്നുണ്ട്. തൊഴിലാളിവർഗത്തിനും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും ഈ പ്രശ്നങ്ങൾ യഥാർത്ഥവും അടിയന്തര പ്രാധാന്യമുള്ളതുമാണ്.

പ്രധാനമന്ത്രി മോദിയുടെ ആദ്ധ്യാത്മികത അവർക്ക് ഒരു പരിഹാരവും വാഗ്ദാനം ചെയ്യുന്നില്ല. പകരം, തന്റെ ഭരണം മുൻകൂട്ടി നിശ്ചയിച്ചതാണെന്നും, നിലവിലെ ബുദ്ധിമുട്ടുകൾ ഒരു 'ദൈവിക പദ്ധതിയുടെ' ഭാഗമാണെന്നുമുള്ള ഒരു മിഥ്യാധാരണ പടർത്തുന്നു. ദൈവനിയോഗമെന്ന് സ്വയം പ്രചരിപ്പിച്ചുകൊണ്ട്, മുതലാളിത്തത്തിന്റെ വിധേയത്വമുള്ള രാഷ്ട്രീയ കാര്യസ്ഥനായി പ്രവർത്തിക്കുന്ന പ്രധാനമന്ത്രി മോദി, വർദ്ധിച്ചുവരുന്ന അസമത്വത്തിന്റെയും ജനാധിപത്യ വിരുദ്ധതയുടെയും ദാരിദ്ര്യത്തിന്റെയും ഇല്ലായ്മകളുടെയും ഭൗതിക വൈരുദ്ധ്യങ്ങളുടെയും മൂലകാരണം അന്വേഷിക്കുന്നതിൽനിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിക്കാൻ ആദ്ധ്യാത്മികതയെ ഉപയോഗിക്കുന്നു. അതുപോലെ, ദൈവിക അംഗീകാരത്തിന്റെയോ, ന്യായീകരണത്തിന്റെയോ വിചിത്രമായ ഈ സിദ്ധാന്തം ഇപ്പോൾ ജുഡീഷ്യറിയും ആവർത്തിക്കുന്നു. നിർഭാഗ്യകരമെന്നു പറയട്ടെ, അന്ധമായ മതവിശ്വാസം പൊതുനയത്തിന്റെയും നിയമവാഴ്ചയുടെയും കാര്യത്തിൽ യുക്തിയെ നിഴലിലാഴ്ത്തുകയും, എല്ലാ പൗരന്മാരെയും നിഷ്പക്ഷമായി സേവിക്കേണ്ട സ്ഥാപനങ്ങളിലുള്ള ജനങ്ങളുടെ വിശ്വാസത്തെ ദുർബലപ്പെടുത്തുകയുംചെയ്യും. തങ്ങളുടെപ്രഖ്യാപനങ്ങളിലൂടെ, പ്രധാനമന്ത്രി മോദിയും ജസ്റ്റിസ് ചന്ദ്രചൂഡുംജനങ്ങളോടുള്ളപ്രതിബദ്ധതയിൽനിന്നും നീതി നടപ്പാക്കുന്നതിൽനിന്നും ഒഴിഞ്ഞു മാറാനാണ് ശ്രമിച്ചത്. ഇവരുടേത് വെറുമൊരു വെളിപാടല്ല. ഭരണ വർഗത്തിന്റെ അന്തർലീനമായ താൽപ്പര്യങ്ങളെ മറയ്ക്കുന്ന ഒരു പ്രത്യയശാസ്ത്ര മറയാണ്. അതിനാൽ, ഇന്ത്യയുടെ ഭാവി യുക്തിബോധം, സുതാര്യത, നിഗൂഢവാദപരമായ വ്യതിചലനങ്ങളെ നിരാകരിക്കുന്ന സുവ്യക്തമായ നീതിന്യായ സംഹിത എന്നിവയിൽ വേരൂന്നിയ ഒരു മതേതര അടിത്തറ പുനഃസ്ഥാപിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. യുക്തിബോധത്തിലും, ഉന്നതമായ ധാർമ്മികതയിലും, സംസ്കാരത്തിലും അധിഷ്ഠിതമായ ബോധപൂർവമായ സംഘടിത ബഹുജന പ്രസ്ഥാനത്തിന് മാത്രമേ ഈ മുതലാളിത്ത ഗൂഢപദ്ധതിയെ പരാജയപ്പെടുത്താൻ കഴിയൂ. ■

## 'ജനതാൽപര്യം മുൻനിർത്തിയുള്ള' മരുന്നുവില വർദ്ധന!

ആസ്ത്മ, ക്ഷയം തുടങ്ങിയ ഗുരുതരരോഗങ്ങൾക്കുള്ള എട്ട് അവശ്യമരുന്നുകളുടെ വില ബിജെപി നയിക്കുന്ന കേന്ദ്രഗവൺമെന്റ് കഴിഞ്ഞ ഒക്ടോബർ 14മുതൽ 50ശതമാനം വരെ വർദ്ധിപ്പിച്ചിരിക്കുന്നു. മരുന്നുകളുടെ വില നിർണയിക്കുന്നത് കേന്ദ്രഗവൺമെന്റിന്റെ കെമിക്കൽസ്, രാസവളം മന്ത്രാലയത്തിനുകീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിട്ടിയാണ്. ഗുരുതരമായ അസുഖങ്ങൾക്ക് ദീർഘകാലം കഴിക്കേണ്ടതും പാവപ്പെട്ടവർ കഴിക്കുന്നതുമായ മരുന്നുകളുടെ വില 'വിശാലമായ പൊതുജനതാൽപര്യം കണക്കിലെടുത്ത് ' വർദ്ധിപ്പിച്ചിരിക്കുന്നു എന്നാണ് അവർ പ്രഖ്യാപിച്ചത്. അങ്ങേയറ്റം നിന്ദ്യമായ പ്രസ്താവന എന്നല്ലാതെ എന്തുപറയാൻ.

പൊതുജനനന്മയ്ക്കായി അവശ്യമരുന്നുകളുടെ വില കുത്തനെ കൂട്ടുന്നത് കേട്ടുകേഴ്വിയില്ലാത്ത കാര്യമാണ്. എന്തൊരസംബന്ധമാണിത്. ഉൽപ്പാദന സ്ഥിരത കൈവരിക്കുന്നതിൽ പരാജയപ്പെടുന്നു, അതുകൊണ്ട് ചില മരുന്നുകളുടെ ഉൽപ്പാദനം നിർത്താൻ ചില മരുന്നൽപ്പാദകർ അനുവാദം ചോദിച്ചിരിക്കുന്നത്രേ. വിലവർദ്ധിപ്പിക്കാനുള്ള ന്യായമിതാണ്! കഴിഞ്ഞ സെപ്റ്റംബറിൽ കേന്ദ്രഗവൺമെന്റ് പുറത്തുവിട്ട നാഷണൽ ഹെൽത്ത് അക്കൗണ്ട്സ് പ്രകാരം ആരോഗ്യരംഗത്ത് വിനിയോഗിക്കുന്ന പണത്തിന്റെ മൂന്നിലൊന്ന് മരുന്നുകൾക്കായാണ് ചിലവഴിക്കുന്നത് എന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ ജനക്ഷേമത്തിന് എന്ന പേരിൽ കൈക്കൊള്ളുന്ന ഈ നടപടി ഇടിവെട്ടിയവനെ പാമ്പുകടിച്ചു എന്നു പറയുന്നതുപോലെയാണതാനും.

ഇലക്ടറൽ ബോണ്ടുവഴിയും മറ്റും ബിജെപിക്ക് ഭീമമായ തുകകൾ സംഭാവന നൽകുന്ന ഫാർമസ്യൂട്ടിക്കൽ കമ്പനികൾ അതെല്ലാം ദരിദ്രന്റെ ചോരയൂറ്റി തിരിച്ചുപിടിക്കുന്നു എന്നതല്ലേ ഇവിടെ സംഭവിക്കുന്നത്. അസാധാരണ സാഹചര്യത്തിൽ കൈക്കൊള്ളുന്ന നടപടി എന്ന് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ഉദ്ദേശിച്ചതും ഇതുതന്നെയാകാം. ■

## ജനകീയ പ്രതിരോധ സമിതി ആലപ്പുഴ ജില്ലാ കൺവൻഷൻ

കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആലപ്പുഴ ജില്ലാ കൺവൻഷൻ ഹരിപ്പാട് ഗാന്ധി സ്ക്വയറിൽനടന്നു. പ്രമുഖ ഗാന്ധിയനും സാംസ്കാരിക പ്രവർത്തകനുമായ ഡോ.എം.പി. മത്തായി കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ജനകീയ പ്രതിരോധ സമിതി ആലപ്പുഴ ജില്ലാ സെക്രട്ടറി എസ്.സീതിലാലിന്റെ അധ്യക്ഷത വഹിച്ചു, സമിതി സംസ്ഥാന ജനറൽ സെക്രട്ടറി എം.ഷാജർഖാൻ മുഖ്യപ്രസംഗം നടത്തി.



ജനകീയ പ്രതിരോധ സമിതിയുടെ ആലപ്പുഴ ജില്ലാകൺവൻഷൻ പ്രൊഫ.എം.പി.മത്തായി ഉദ്ഘാടനം ചെയ്യുന്നു.

ഡോ.ചേരാവള്ളി ശശി, ബി. ദിലീപൻ, അഡ്വ.എ.ജെ.ഷാജഹാൻ, ടി.ബി.വിശ്വനാഥൻ, അഡ്വ. ഒ. ഹാരിസ്, എസ്.സുരേഷ് കുമാർ, അഡ്വ.ബി.കെ.രാജഗോപാൽ, മായ വാസുദേവ്, അഡ്വ.ഇ.എൻ.ശാന്തിരാജ്, മുഹമ്മദ് ബഷീർ, കെ.ബാലകൃഷ്ണൻ, ബി.ഭദ്രൻ, അഡ്വ. പ്രസന്ന ചുനക്കര, സജീർ കുന്നുകണ്ടം, എസ്.ദീപു, സോമനാഥൻ നായർ, എസ്.സൗഭാഗ്യകുമാരി, ടി.മുരളി എന്നിവർ പ്രസംഗിച്ചു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആലപ്പുഴ ജില്ലാ പ്രസിഡന്റായി ബി.ദിലീപനെയും സെക്രട്ടറിയായി ടി.മുരളിയെയും 70 അംഗ ജില്ലാ കമ്മിറ്റിയെയും കൺവൻഷൻ തിരഞ്ഞെടുത്തു. ■

# തൊഴിലാളികൾക്ക് അന്തസ്സാർന്ന ജീവിതം നൽകിയ സോവിയറ്റ് സോഷ്യലിസ്റ്റ് വ്യവസ്ഥ

ലോകമാകെയുള്ള തൊഴിലാളി വർഗ്ഗം ഇന്ന് അഭിമുഖീകരിക്കുന്ന കടുത്ത ചൂഷണവും അനീതിയും ജീവിത പ്രതിസന്ധികളും മുതലാളിത്ത ഉൽപ്പാദനഘടനയുടെ സൃഷ്ടിയാണ്. പ്രത്യേകിച്ച് അതിന്റെ ജീർണ്ണഘട്ടത്തിൽ. പരമാവധി ലാഭം കുന്നുകൂട്ടാനുള്ള മരണവെപ്രാളത്തിൽ കോർപ്പറേറ്റ് ശക്തികൾ ഭൂലോകത്തെ നരകതുല്യമാക്കി മാറ്റുകയാണ്. മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയുടെ സഹജമായ നിയമങ്ങൾ പ്രവർത്തിക്കുന്നതിനാലാണ് ഇത് സംഭവിക്കുന്നത്. മുതലാളിവർഗ്ഗ ഭരണകൂടങ്ങൾ ദയാരഹിതമായ ഈ ചൂഷണത്തിന്റെ ഉപകരണം മാത്രമാണ്. ഭരണസംവിധാനമാകെ ഉപയോഗിച്ചുകൊണ്ട് ജനങ്ങളുടെയാകെ സമ്പത്ത് കൈക്കലാക്കാൻ വേണ്ടിയുള്ള മാർഗങ്ങൾ അവലംബിക്കുന്നു. അതിനു ഉപയുക്തമായ നിയമങ്ങൾ സൃഷ്ടിക്കുന്നു. ഉരുക്കുമുഷ്ടി ഉപയോഗിച്ച് അവ നടപ്പിലാക്കുന്നു. വിധിയെന്നോണം അതൊക്കെ സഹിക്കാൻ ജനങ്ങളെ തയ്യാറെടുപ്പിക്കുന്നു.



പക്ഷേ, ഈ നരകതുല്യ ജീവിതം അനിവാര്യമല്ലെന്നും മുതലാളിത്തം സൃഷ്ടിക്കുന്ന വ്യാധികളില്ലാത്ത ഒരു ലോകം സാധ്യമാണെന്നും ലോകത്താദ്യമായി മുതലാളി വർഗ്ഗത്തെ അധികാരത്തിൽനിന്ന് നിഷ്കാസിതമാക്കി തൊഴിലാളിവർഗ്ഗ ഭരണകൂടം സ്ഥാപിച്ച സോവിയറ്റ് യൂണിയൻ തെളിയിച്ചു, സ്ഥാപിച്ചു. 70 വർഷക്കാലം നിലനിന്ന ചൈതന്യ പൂർണമായ തൊഴിലാളി ഭരണസംവിധാനം, ആ രാജ്യത്തെ തൊഴിലാളികൾക്ക് ഒന്നാകെ നൽകിയ ഉദാത്തമായ പുതിയ ജീവിതം തൊഴിലാളികളുടെ മനസ്സിൽനിന്നും മറയ്ക്കുവാനാണ് ഇന്ന് ചൂഷക വൃന്ദം ശ്രമിക്കുന്നത്. സോവിയറ്റ് യൂണിയനിൽ നടപ്പാക്കിയ സോഷ്യലിസ്റ്റ് നയങ്ങൾ ആ നാട്ടിലെ മാത്രമല്ല, ലോകമാകെയുള്ള തൊഴിലാളികളുടെ ജീവിതത്തിൽ വമ്പിച്ച പരിവർത്തനങ്ങൾക്ക് കാരണമായി. സോവിയറ്റ് മാതൃകയിലുള്ള തൊഴിലവകാശങ്ങൾ സ്ഥാപിച്ചെടുക്കുവാൻ നടത്തിയ പോരാട്ടങ്ങളെത്തുടർന്ന് എല്ലാ രാജ്യങ്ങളിലും തൊഴിലാളി ക്ഷേമത്തിനു വേണ്ടിയുള്ള നിയമനിർമ്മാണങ്ങൾക്ക് ഭരണകൂടങ്ങൾ നിർബന്ധിതമായി. ഇരുപതാം നൂറ്റാണ്ടിൽ തൊഴിലാളികൾക്ക് അനുകൂലമായ നിയമനിർമാണങ്ങളുടെയെല്ലാം പിന്നിൽ സോവിയറ്റ് മാതൃകയുടെ അനിഷേധ്യമായ സ്വാധീനം ദൃശ്യമായിരുന്നു.

സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയെ തുടർന്ന്, ആഗോളവൽക്കരണനയത്തിന്റെ ആവിർഭാവത്തോടെ, അത്തരം നിയമങ്ങളെല്ലാം ബലാൽക്കാരേണ കുഴിവെട്ടി മൂടുകയാണ്. കൂലി, തൊഴിൽ സമയം, തൊഴിൽ സുരക്ഷ, തൊഴിൽ സ്ഥിരത, സംഘടിക്കാനുള്ള അവകാശം എന്നിങ്ങനെയുള്ള എല്ലാ മേഖലകളിലും പതിനെട്ടാം നൂറ്റാണ്ടിലെ കിരാതയുഗത്തിലേക്ക് മടങ്ങുകയാണ്. ഈ സാഹചര്യത്തിൽ സോഷ്യലിസ്റ്റ് വ്യവസ്ഥ തൊഴിലാളികൾക്ക് നൽകിയ മഹത്തരമായ ജീവിതം ഓർമ്മിക്കുന്നത് മുതലാളിത്ത ചൂഷണത്താൽ ചവിട്ടിയരക്കപ്പെടുന്ന തൊഴിലാളികൾക്ക് ആത്മവിശ്വാസവും പ്രതീക്ഷയും മാത്രമല്ല, പോരാട്ടത്തിന്റെ ദിശയും നൽകുവാൻ ആവശ്യമാണെന്ന് ഞങ്ങൾ കരുതുന്നു.

മുതലാളിത്തത്തിൽ അദ്ധ്വാനം അനിവാര്യമായ ഒരു ദുരിതം മാത്രമാണ്. ഈ നുകമൊന്ന് ഇറക്കിവച്ച് ആശ്വസിക്കുവാൻ ഏതൊരു തൊഴിലാളിയും ആഗ്രഹിച്ചുപോകും വിധമാണ് അദ്ധ്വാനത്തിന്റെ ഭാരം. മനുഷ്യന്റെ സ്വാഭാവികമായ സർഗ്ഗപ്രവർത്തനമല്ല, മറിച്ച് മുതലാളിത്തത്തിൽ അദ്ധ്വാനം ഏറ്റവും യാന്ത്രികവും വിരസവുമാണ്. അദ്ധ്വാനത്തിന്റെ ഫലം, തൊഴിലാളികൾക്കും സമൂഹത്തിന് ഒന്നാകെയും നിഷേധിച്ചുകൊണ്ട് ഉടമകൾ കവരുന്നതു കാണുന്ന തൊഴിലാളി, താൻ വഞ്ചിതനാകുകയാണെന്ന ബോധത്തോടെയാണ് പണിയെടുക്കുന്നത്. തന്റെ ആയുസ്സ് അപ്പാടെ കഴുത്തറപ്പൻ ലാഭമോഹികളായ ഏതാനും മുതലാളിമാർക്കുവേണ്ടി ഹോമിക്കപ്പെടുകയാണെന്ന വേദനയോടെയാണ് തൊഴിലാളികൾ ഇന്ന് അദ്ധ്വാനത്തിലേർപ്പെടുന്നത്. അതിനാൽ മുതലാളിത്തത്തിൽ അദ്ധ്വാനം തൊഴിലാളിയെ കെടുത്തിക്കളയുന്നു. പണിചെയ്ത് തളരുന്ന ശരീരവും രോഗപീഢകളും അന്തമില്ലാത്ത ജീവിത യാതനകളും കുടുംബാംഗങ്ങളുടെ ഇരുളടഞ്ഞ ഭാവിയുമെല്ലാം തകർത്തെറിഞ്ഞ ഒരു ചണ്ടിയായി ഒടുവിലൊടുങ്ങുന്ന മുതലാളിത്തത്തിൽ തൊഴിലാളിയുടെ ജീവിതം.

ഇതിനു നേർവിപരീതമായ ജീവിതം ഈ ഭൂമുഖത്ത് സാധ്യമാണെന്ന് മഹത്തായ സോഷ്യലിസ്റ്റ് വ്യവസ്ഥ തൊഴിലാളി വർഗ്ഗത്തെ ബോധ്യപ്പെടുത്തി. സോവിയറ്റ് സോഷ്യലിസ്റ്റ് വ്യവസ്ഥ തൊഴിലാളിവർഗ്ഗത്തിനൊന്നാകെ പകർന്നുനൽകിയത് സാമൂഹ്യബോധത്താൽ നയിക്കപ്പെടുന്ന അത്യുദാത്തമായ തൊഴിലാളിവർഗ്ഗ സംസ്കാരമാണ്. നിരാശയുടെയും ഭയാനകമായ വിരസതയുടെയും സ്ഥാനത്ത് പ്രകാശമാനമായ ഒരു ജീവിതത്തിന്റെ വാതായനം തുറന്നു. തന്റെ അദ്ധ്വാനത്തിന്റെ ഫലം സമൂഹത്തിലൊന്നാകെ പുരോഗതിയുടെയും മാറ്റത്തിന്റെയും അത്ഭുതങ്ങൾ സൃഷ്ടിക്കുന്നതു കാണുമ്പോൾ കൂടുതൽ കൂടുതൽ പണിയെടുക്കാൻ തൊഴിലാളി ആഹ്ലാദത്തോടെ സന്നദ്ധനായി. സോഷ്യലിസം അദ്ധ്വാനത്തെ ഏറ്റവും ആനന്ദകരവും സർഗ്ഗാത്മകവുമായ അനുഭവമാക്കി മാറ്റി.

സമൂഹത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടിയുള്ള സമർപ്പണത്തിന്റെ സംസ്കാരം മനുഷ്യാദ്ധ്വാനത്തിന്റെ ചരിത്രത്തിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചു. അദ്ധ്വാനം ഒരു വൈകാരിക പ്രവർത്തനമായി മാറി. ശിൽപ്പരചനയിൽ മുഴുകുന്ന ഒരു ശിൽപ്പിയുടെ ആഹ്ലാദത്തോടെ തൊഴിലാളികൾ പണിയെടുത്തു. എട്ട് ഷിഫ്റ്റ് അദ്ധാനംകൊണ്ട് ഉൽപ്പാദിപ്പിക്കുന്ന കൽക്കരി, ഒറ്റ ഷിഫ്റ്റുകൊണ്ട് ഉൽപ്പാദിപ്പിച്ച അലക്സാണ്ടർ സ്റ്റഖ്നോവൈറ്റിനെയും റെക്കാർഡ് ഉൽപ്പാദനം സൃഷ്ടിച്ച മേരി ഡെംചെങ്കോവിനെയും സോവിയറ്റ് സോഷ്യലിസം വാർത്തെടുത്തു. രണ്ടാം ലോക മഹായുദ്ധത്തിൽ തകർന്ന ഉൽപ്പാദന – സാമ്പത്തിക മേഖലയെ ചാരത്തിൽ നിന്ന് പറന്നുയരുന്ന ഫീനിക്സിനെപ്പോലെ പുതുക്കിപ്പണിതത് തൊഴിലാളി വർഗ്ഗത്തിന്റെ ഈ സംസ്കാരമായിരുന്നു. ലോകം അത്ഭുതാദരങ്ങളോടെ നോക്കിനിന്ന ഈ ഉയിർത്തെഴുന്നേൽപ്പ് സാധ്യമാക്കിയത്, ഒരു പുതുശക്തിയായി മാറിയ സോവിയറ്റ് തൊഴിലാളിയുടെ ആത്മസമർപ്പണമായിരുന്നു.

## തൊഴിലില്ലായ്മ പരിപൂർണ്ണമായി തുടച്ചുനീക്കപ്പെട്ടു

മുതലാളിത്ത സാമൂഹികക്രമത്തോടൊപ്പം പിറവികൊണ്ട് അതിന്റെ അന്ത്യം വരെ തുടരുന്ന വ്യാധിയാണ് തൊഴിലില്ലായ്മ. മറ്റു ജീവികളിൽനിന്ന് മനുഷ്യനെ വേർതിരിക്കുന്നത് അധ്വാനമാണ്; പുതിയ മൂല്യസൃഷ്ടിയാണ്. അധ്വാനശേഷിയുള്ള കോടാനുകോടി മനുഷ്യർക്ക് അധ്വാനിക്കാനുള്ള അവസരം നിഷേധിച്ചുകൊണ്ട്, തൊഴിൽരഹിതരായി നിലനിർത്തിക്കൊണ്ട് മാത്രമേ ആ വ്യവസ്ഥിതിക്ക് നിലനിൽക്കാനാവൂ. മുതലാളിത്തത്തെ സംബന്ധിച്ച് തൊഴിലില്ലാത്തവർ ഒരു കരുതൽ സേനയാണ്. അവരെ കാട്ടിയാണ് തൊഴിലാളികളെ ഭീകരമായ ചൂഷണത്തിന് വിധേയമാക്കുന്നത്, കൂലി കുറയ്ക്കുന്നത്. പ്രവൃത്തിസമയം കൂട്ടുന്നത്; യഥേഷ്ടം പിരിച്ചുവിടുന്നത്.

മുതലാളിത്ത രാജ്യങ്ങളെ മുഴുവൻ ഞെട്ടിച്ചുകൊണ്ട് 1930ഓടെ, വിപ്ലവം നടന്ന് ഒരു ദശകം കഴിഞ്ഞപ്പോൾ സോവിയറ്റ് യൂണിയനിൽ തൊഴിലില്ലായ്മ പൂർണ്ണമായും തുടച്ചുനീക്കപ്പെട്ടു. ലോകത്താദ്യമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അടച്ചുപൂട്ടിയ രാജ്യമായി 1935ൽ സോവിയറ്റ് റഷ്യ മാറി. തൊഴിലില്ലായ്മയെന്ന സാമൂഹിക അർബുദത്തെ തുടച്ചു മാറ്റിയത് ഒരു സോഷ്യലിസ്റ്റ് വിജയഹർഷമാണ്. ലോകത്താദ്യമായാണ് അധ്വാനശേഷിയുള്ളവരിൽ തൊഴിലില്ലാത്തവരായി ആരുമില്ലാത്ത ഒരു രാജ്യം ഉയർന്നുവരുന്നത്. മുതലാളിത്ത ലോകത്തെ സകല കുടുംബങ്ങളും ഭീതിയോടെ കണ്ടിരുന്ന ഒരു ദുർവിധിയിൽ നിന്ന് സോവിയറ്റ് യൂണിയൻ കരകയറിയത് ലോകമാകെ ഭീകരമായ സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിൽപ്പെട്ട് ഫാക്ടറികൾ അടച്ചുപൂട്ടി തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ടിരുന്ന കാലത്താണ് എന്നതും ശ്രദ്ധേയം. ലോകത്തെമ്പാടുമുള്ള തൊഴിലാളികളിലും തൊഴിലില്ലായ്മക്കെതിരെ മനുഷ്യ സ്നേഹ തൽപരതയോടെ, മനോവിഷമത്തോടെ പ്രവർത്തിച്ച മഹാന്മാരായ സാമൂഹ്യ പരിഷ്കർത്താക്കളിലും സോഷ്യലിസ്റ്റ് വ്യവസ്ഥയോട് വല്ലാത്തൊരു ആഭിമുഖ്യം വളർത്തിയ ഒരു നേട്ടമാണിത്. തൊഴിലില്ലായ്മ ഇല്ലാതാക്കി എന്ന് മാത്രമല്ല മതിയായ എണ്ണം തൊഴിലാളികളെ ലഭിക്കാത്ത ഒരു സാഹചര്യവും സൃഷ്ടിക്കപ്പെട്ടു എന്നത് കൗതുകകരമാണ്. തൊഴിലിനുള്ള അവകാശം ഭരണഘടനയിൽ എഴുതിച്ചേർത്തു എന്നതുകൊണ്ട് മാത്രമല്ല, കായിക ശേഷിയുള്ള മുഴുവൻ ആളുകളെയും രാജ്യത്തെ നിർമ്മിക്കാനും പരിപോഷിപ്പിക്കാനും അതിന്റെ സദ്ഫലങ്ങൾ എല്ലാവരിലും എത്തിക്കാനുമുള്ള ശ്രമത്തിന്റെ ഫലമായാണ് അതുണ്ടായത്. തൊഴിലില്ലായ്മ ഇല്ലാതായത് സോഷ്യലിസത്തിന്റെ ഒരു ഉപോൽപന്നമായാണ്. 1936ലെ സോവിയറ്റ് ഭരണഘടനയിൽ പൗരന്മാർക്ക് നൽകിയ തൊഴിലാവകാശത്തിൽ,ഓരോരുത്തരുടെയും ശേഷിയും ആഭിമുഖ്യവും പരിശീലനവും വിദ്യാഭ്യാസവും അനുസരിച്ച് തൊഴിൽ മേഖല തിരഞ്ഞെടുക്കാനുള്ള അവകാശവും ഉൾപ്പെട്ടിരുന്നു. സാമൂഹികമായ ആവശ്യകത തീർച്ചയായും കണക്കിലെടുക്കപ്പെടും. ഏവരും സാമൂഹികമായി പ്രയോജനമുള്ള ഏതെങ്കിലും ഒരു മേഖലയിൽ പ്രവർത്തിക്കുക എന്നത് അഭിമാനകരമായ ഒരു ചുമതലയായി കണ്ടു.

## കൂലിയും തൊഴിലും ആനുകൂല്യങ്ങളും തൊഴിൽ സാഹചര്യങ്ങളും– സോവിയറ്റ് മാതൃക

തൊഴിലാളിയുടെ കൂലി പരമാവധി കുറച്ചു കൊണ്ടുവരിക എന്നതിലും ഉൽപാദനക്ഷമത കൂട്ടുക എന്നതിലുമാണ്, മൂലധനശക്തികൾ തമ്മിൽ അടിസ്ഥാന മത്സരം നടക്കുന്നത്. തൊഴിലാളിക്ക് മനുഷ്യോചിതമായ ഒരു ജീവിതം അസാധ്യമാവുക എന്ന അവസ്ഥയിലേക്കാണ് അത് നയിക്കുന്നത്. അങ്ങനെയാണ് മുതലാളിത്ത സമ്പദ്ക്രമത്തിന്റെ നിയമങ്ങൾ പ്രവർത്തിക്കുന്നത്.

സോവിയറ്റ് യൂണിയനിൽ പണമായി നൽകുന്ന കൂലിയും യഥാർത്ഥ വേതനവും ക്രമേണ വർദ്ധിച്ചു വന്നു. വിലക്കയറ്റം ഇല്ലാതായി എന്ന് മാത്രമല്ല,വിലകൾ അനുക്രമമായി കുറഞ്ഞുവന്നതു കൊണ്ടുമാണ് യഥാർത്ഥ വേതനം വർദ്ധിച്ചത്. ഒരു തൊഴിലാളിയുടെ വരുമാനത്തിന്റെ 80 ശതമാനമാണ് വേതനം. ബാക്കി 20 ശതമാനം ബോണസുകളുടെ രൂപത്തിലാണ് വരുന്നത്. കൂടിയ വേതനവും കുറഞ്ഞ വേതനവും തമ്മിലുള്ള അന്തരം പരമാവധി കുറച്ചു കൊണ്ടുവന്നു. പണമായി നൽകുന്ന വേതനത്തിന് പുറമേ പല സാമൂഹിക ആനുകൂല്യങ്ങളും നൽകപ്പെടുന്നു. അവരുടെ കുടുംബജീവിതത്തിന്റെ നിലവാരം ഉയർത്തുന്നതിൽ വലിയൊരു പങ്കുവഹിക്കുന്ന സാമൂഹിക വേതനമാണത്. സൗജന്യമായോ കുറഞ്ഞ വാടക നിരക്കിലോ നൽകുന്ന വീടുകൾ,സൗജന്യമായി നൽകുന്ന ഇന്ധനം, വെള്ളം, വൈദ്യുതി, ഗതാഗതം, ആരോഗ്യപരിപാലനം എന്നിവയൊക്കെ ഈ ഗണത്തിൽപെടും. പുരുഷനും സ്ത്രീക്കും ഒരേ വേതനം ഉറപ്പുവരുത്തിയിരുന്നു. ഇതിന്റെയൊക്കെ ഫലമായി പ്രതിശീർഷ വരുമാനത്തിന്റെ വളർച്ച, ഉൽപാദനക്ഷമതയുടെ വളർച്ചയേക്കാൾ കൂടി. 1938 ൽ അവസാനിച്ച 10 വർഷം കൊണ്ട് തൊഴിലാളികളുടെ വരുമാനം മൂന്നര ഇരട്ടി വർദ്ധിച്ചു. വിപ്ലവ പൂർവ്വ റഷ്യയിൽ തൊഴിലാളികൾ പ്രതിദിനം 10 മുതൽ 12 മണിക്കൂർ വരെ പ്രവൃത്തിയെടുക്കണമായിരുന്നു. വിപ്ലവാനന്തരം ആദ്യത്തെ നിയമനിർമ്മാണത്തിലൂടെ 8 മണിക്കൂർ തൊഴിൽ ഏർപ്പെടുത്തി. 1926ൽ അത് 7.5 മണിക്കൂർ ആയി കുറച്ചു. 1927ൽ ആറ് പ്രവർത്തി ദിനങ്ങളും പ്രതിദിനം ഏഴ് മണിക്കൂറുമാക്കി. അപകട സാധ്യതയുള്ള ഇടങ്ങളിൽ ആറുമണിക്കൂറായിരുന്നു. 1929 ൽ പ്രതിദിനം അഞ്ചുമണിക്കൂറാക്കാൻ തീരുമാനിച്ചു. രണ്ടാം ലോക യുദ്ധത്തിനുതൊട്ടുമുമ്പ് യുദ്ധകാല ഉത്പാദനം പരിഗണിച്ച് അത് വീണ്ടും എട്ടുമണിക്കൂർ ആക്കി. 1961ൽ ആഴ്ചയിൽ 5 തൊഴിൽ ദി

(ശേഷം 10–ാം പേജിൽ)

# സോഷ്യലിസം: അധ്വാനം സർഗ്ഗാത്മകവും ആനന്ദകരവുമാക്കി

(9–ാം പേജിൽ നിന്ന്)

നങ്ങളാക്കി കുറച്ചു.നാല് ആഴ്ചവരെ ശമ്പളത്തോടുകൂടിയ അവധിക്കാലം അനുവദിച്ചിരുന്നു. പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിച്ചു. മിനിമം പെൻഷൻ, വേതനത്തിന്റെ 50% ആയി നിജപ്പെടുത്തിയിരുന്നു. സുരക്ഷ ഇൻസ്പെക്ഷൻ വിട്ടുവീഴ്ചയില്ലാതെ നടന്നതുകൊണ്ട് അപകടങ്ങളും തൊഴിൽ ജന്യരോഗങ്ങളും തീരെ കുറഞ്ഞതായി.

## തൊഴിലവകാശങ്ങളുടെ കാവൽക്കാരായ ട്രേഡ് യൂണിയനുകൾ

ട്രേഡ് യൂണിയൻ അവകാശങ്ങൾ ഉറപ്പാക്കി എന്ന് മാത്രമല്ല, തൊഴിൽ സംബന്ധമായി വരുന്ന എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യാനുള്ള അവകാശങ്ങളും ട്രേഡ് യൂണിയനുകൾക്ക് നൽകപ്പെട്ടു. ഫാക്ടറികളിലെ സോവിയറ്റുകൾ ജനാധിപത്യ അന്തരീക്ഷം ദൃഢമായി പരിപാലിച്ചു. തൊഴിൽവ്യവസ്ഥ നിർണയിക്കുന്നതിലും ഉൽപാദന അന്തരീക്ഷം ഒരുക്കുന്നതിലും തൊഴിലാളി യൂണിയനുകൾ തീരുമാനമെടുത്തു. യാതൊന്നും മുകളിൽ നിന്ന് അടിച്ചേൽപ്പിക്കപ്പെട്ടില്ല. സോവിയറ്റ് യൂണിയനിൽ 23 വൻ ട്രേഡ് യൂണിയനുകൾ ഉണ്ടായിരുന്നു. സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും യൂണിയനുകൾ ഏറ്റെടുത്തു. ക്ലബ്ബുകളും ലൈബ്രറികളും സ്റ്റഡീസ് സർക്കിളുകളും സാഹിത്യ പ്രസിദ്ധീകരണങ്ങളും അവർ പുറത്തിറക്കി.

## സാമൂഹ്യ സുരക്ഷ

1936ലെ ഭരണഘടന നൽകിയിട്ടുള്ള സാമൂഹ്യ സുരക്ഷാവകാശത്തിന് അനുരോധമായി ഏവർക്കും വാർദ്ധക്യകാല പെൻഷനും സാമൂഹ്യ ഇൻഷ്വറൻസുകളും ഏർപ്പെടുത്തി. സോവിയറ്റ് കാലത്തിന്റെ അവസാനംവരെ ഈ ആനുകൂല്യങ്ങൾ വർദ്ധിച്ചുകൊണ്ടേയിരുന്നു. കൂടുതൽ കുട്ടികൾ ഉള്ളവർക്ക് കൂടുതൽ ആനുകൂല്യങ്ങളും നൽകപ്പെട്ടു. ഈ സാമൂഹ്യ സുരക്ഷയ്ക്കുവേണ്ടിവരുന്ന തുക ഗവൺമെന്റ് തന്നെയായിരുന്നു നൽകിയിരുന്നത്. വ്യക്തിപരമായി യാതൊരു പങ്കും നൽകേണ്ടിയിരുന്നില്ല. വിരമിച്ചവർക്കും പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റിക്കൊണ്ടുതന്നെ തുടർന്നും പണിയെടുക്കാൻ അവകാശമുണ്ടായിരുന്നു.

## ബാലവേല നിഷ്കാസനം ചെയ്തു

വിപ്ലവപൂർവ്വകാലത്ത് ബാലവേല റഷ്യയിൽ എല്ലാ മേഖലകളിലും നിലനിന്നിരുന്നു. അതിനെതിരെ നടന്ന പ്രക്ഷോഭങ്ങളുടെ ഫലമായി തൊഴിലെടുക്കാനുള്ള മിനിമം പ്രായം 12 ആയി നിശ്ചയിച്ചു. 12 മുതൽ 15 വരെപ്രായമുള്ളവർക്ക് രാത്രികാല ജോലിയും നിഷേധിച്ചു. പക്ഷേ ഒന്നാം ലോക യുദ്ധകാലത്ത് ഈ നിയന്ത്രണങ്ങൾ പിൻവലിച്ചുകൊണ്ട് നിയമം പാസ്സാക്കി. കുട്ടികൾക്ക് രാത്രികാല പണിയും ഖനികളിലെ പണിയും നിയമംമൂലം തിരിച്ചുകൊണ്ടുവന്നു.

തൊഴിലാളിവർഗ്ഗ വിപ്ലവം നടന്നതിനു ശേഷം ആദ്യമായി പാസാക്കിയ ഡിക്രികളിലൊന്ന് ബാലവേല നിരോധിച്ചുകൊണ്ടുള്ളതായിരുന്നു. 16 വയസ്സിൽ താഴെയുള്ളവരെ പണിയെടുപ്പിക്കുന്നത് നിരോധിച്ചു. 18 വയസ്സിൽ താഴെയുള്ളവരെ അപകടസാധ്യതയുള്ള ഇടങ്ങളിൽ തൊഴിൽ നിയോഗിക്കുന്നതും നിരോധിച്ചു. കുടുംബത്തിലെ മുതിർന്നവർക്കെല്ലാം തൊഴിലുള്ള ഭൗതിക സാഹചര്യം ബാലവേല അപ്രത്യക്ഷമാകാൻ ഇടയാക്കി. ഉന്നത വിദ്യാഭ്യാസവും സൗജന്യമായതോടെ യുവാക്കൾ കൂടുതൽ അക്കാദമിക പഠനങ്ങളിൽ മുഴുകി.

മുതലാളിത്ത വ്യവസ്ഥയുടെ ഏറ്റവും ഭീകരമായ മുഖമാണ് ബാലവേല. ഇന്ത്യയിൽ ഒരു കോടി പത്തുലക്ഷം ബാലവേലക്കാർ ഉണ്ടെന്ന് ഐഎൽഒ പഠനം വ്യക്തമാക്കുന്നു. 'റാറ്റ് ഹോൾ മൈനേഴ്സ്' എന്നറിയപ്പെടുന്ന കുട്ടികൾ ചെറിയ എലി മാളം പോലുള്ള ഇരുങ്ങുകളിലൂടെ നുഴഞ്ഞുകയറി കൽക്കരി ഖനനം നടത്തുന്നത് ഇന്നും ഇന്ത്യയിൽ തുടരുന്നു.

## വനിതാ തൊഴിലാളികൾ

വിപ്ലവം വനിതാ തൊഴിലാളികൾക്ക് മുമ്പ് സങ്കൽപ്പിക്കാനാവാത്ത പദവിയും പ്രാമുഖ്യവും നൽകി. അന്നുമുതൽ തൊഴിലിന്റെയും ഭരണസംവിധാനത്തിന്റെ നടത്തിപ്പിലും സമ്പൂർണ്ണമായ തുല്യത നൽകപ്പെട്ടു. സമൂഹത്തിന്റെ പകുതിയോളം വരുന്ന സ്ത്രീ സമൂഹം വീടിന്റെ നാലതിരുകളിൽ നിന്ന് പുറത്തുവന്ന് എല്ലാ രംഗത്തും തങ്ങളുടെ ശോഭ തെളിയിച്ചു. ആ തൊഴിൽശേഷി സമ്പദ് വ്യവസ്ഥക്ക് കുതിച്ചുചാട്ടമുണ്ടാവാൻ ഒരു പ്രധാന കാരണമായി. തുല്യജോലിക്ക് തുല്യവേതനം ലോകത്ത് ആദ്യമായി യാഥാർത്ഥ്യമാക്കിയ രാജ്യം സോവിയറ്റ് യൂണിയനാണ്. പ്രസവത്തിനു മുമ്പും ശേഷവും പൂർണ ശമ്പളത്തോടെ അവധി നൽകപ്പെട്ടു. നാലുമാസത്തെ ശമ്പളത്തോടുകൂടിയ മാതൃത്വ അവധി ആദ്യമായി നൽകിയത് സോവിയറ്റ് യൂണിയനാണ്. കുട്ടികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ക്രഷുകളുടെയും നഴ്സറികളുടെയും മാതൃശിശു പരിചരണാലയങ്ങളുടെയും ശൃംഖല വൻതോതിൽ ഏർപ്പാടാക്കിയതുവഴി സ്ത്രീകൾ അമ്മമാരെന്ന നിലയിൽ അനുഭവിച്ച കഷ്ടപ്പാടുകളിൽനിന്നും മോചിതമായി. അവരുടെ സേവനം സമൂഹനിർമ്മിതിക്കായി കൂടുതൽ ലഭ്യമായി.

തൊഴിലാളിവർഗ്ഗ ഭരണകൂടത്തിന്റെ ആദ്യ നടപടികളിൽ ഒന്നായിരുന്നു വ്യഭിചാരം നിരോധിച്ചുകൊണ്ടുള്ള തീരുമാനം. ഏതൊരു സ്ത്രീക്കും ജീവിതമാർഗം എന്ന നിലയിൽ മാന്യമായ തൊഴിൽ ഉറപ്പായതും സമൂഹത്തിന്റെ ആകെ സാംസ്കാരികമായ ഔന്നിത്യം ഉയർന്നതുമെല്ലാം സോവിയറ്റ് ഭരണത്തിൽ വ്യഭിചാരം ഇല്ലാതാവാൻ കാരണമായി. സോവിയറ്റ് ചേരി തകർന്നതിന്റെ ഏറ്റവും കരളലിയിപ്പിക്കുന്ന, വേദനയോടെ മാത്രം കാണാവുന്ന ഒന്നാണ് സോഷ്യലിസ്റ്റ് വ്യവസ്ഥ പ്രദാനം ചെയ്ത അത്യുന്നത ബഹുമതിയാർന്ന പദവിയിൽ നിന്ന് സ്ത്രീസമൂഹം നിലംപതിച്ചത്. മുതലാളിത്തം പുനഃസ്ഥാപിക്കപ്പെട്ടതോടെ റഷ്യൻ വനിതകൾ ജീവിക്കാൻ മാർഗ്ഗമില്ലാതെ യൂറോപ്പിലെ തെരുവുകളിൽ വേശ്യകളായി അലയുന്നരംഗം സോഷ്യലിസ്റ്റ് വിരുദ്ധർക്ക് ആനന്ദം നൽകുന്ന കാഴ്ചയായി.

യാചകരും അലഞ്ഞു തിരിയുന്ന വരും എന്ന വിഭാഗം സമ്പൂർണ്ണമായി ഇല്ലാതായതാണ് സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ മറ്റൊരു മഹിമ. തൊഴിലില്ലായ്മ ഇല്ലാതായതോടെ ആർക്കും തന്നെ യാചകവൃത്തിയിലേക്ക് പോകേണ്ടിവന്നില്ല. വീടില്ലാത്ത, വികലാംഗരായ, ഉപേക്ഷിക്കപ്പെട്ട കുട്ടികളും വൃദ്ധന്മാരുമായ സകലരെയും സംരക്ഷിക്കുവാനും അവർക്ക് മാന്യമായ ജീവിത സാഹചര്യം ഒരുക്കുവാനും കഴിഞ്ഞതോടെ ഇതഃപര്യന്തമുള്ള കാലത്താകെ ഉണ്ടായിരുന്ന ഈ വ്യാധിയെ ഇല്ലാതാക്കാൻ കഴിഞ്ഞു. മുതലാളിത്ത ലോകത്തെ പറുദീസ എന്ന് കരുതപ്പെടുന്ന യു എസിലെ എല്ലാ നഗരങ്ങളിലും ഭിക്ഷാടനവും അലഞ്ഞു തിരിയുന്ന വൃദ്ധരും കുട്ടികളും വീടില്ലാതെ തെരുവിൽ കഴിയുന്നവരും ധാരാളമുണ്ട്. ഒരൊറ്റ ദിവസത്തെ കണക്കെടുപ്പിൽ അഞ്ചരലക്ഷം പേർ വീടില്ലാതെ തെരുവിൽ കഴിയുന്നു എന്ന് വെളിപ്പെട്ടു. യഥാർത്ഥ കണക്ക് ഇതിൽ എത്രയോ അധികമുണ്ടാകും എന്നതാണ് യാഥാർത്ഥ്യം.

മനുഷ്യരാശിയുടെ ഇതഃപര്യന്തമുള്ള ചരിത്രത്തിലെ ഒരു ചെറിയ ഖണ്ഡം മാത്രമാണ് സോവിയറ്റ് യൂണിയനിലെ തൊഴിലാളിവർഗ്ഗ ഭരണകൂടം അധികാരത്തിലിരുന്ന 70 വർഷങ്ങൾ. ഈ കാലയളവിൽ ചൂഷണമില്ലാത്ത, ചൂഷകന്റെ ആധിപത്യമില്ലാത്ത ഒരു ലോകത്ത് മനുഷ്യജീവിതത്തിന്റെ മഹത്വമാർന്ന, അഭിമാനപൂർവമായ ജൈവചിത്രങ്ങളാണ് നാം ദർശിച്ചത്. ശാസ്ത്രത്തിന്റെ വികാസത്തോടെയുണ്ടായ ഉത്പാദനശക്തികളുടെ വികാസം ഭൂമിയിലെ സകല മനുഷ്യർക്കും സുഭിക്ഷമായ ഒരു ജീവിത സാഹചര്യമൊരുക്കാൻ ഇരുപതാം നൂറ്റാണ്ടിന്റെ ഉദയത്തോടെ അവസരമൊരുങ്ങി. അതിന്റെ സ്വാഭാവികമായ സാക്ഷാത്കാരമാണ് സോവിയറ്റ് യൂണിയനിൽ തൊഴിലാളിവർഗ്ഗ വിപ്ലവത്തോടെ സംഭവിച്ചത്.

സോവിയറ്റ് യൂണിയനിൽ സോഷ്യലിസ്റ്റ് വ്യവസ്ഥ തകർന്നതിന് തുടർന്ന് മുതലാളിത്തം പുനഃസ്ഥാപിക്കപ്പെട്ടതോടെ ആ രാജ്യം അധഃപതനത്തിന്റെ എല്ലാ സീമകളും കടന്നു. തൊഴിലാളി വർഗ്ഗ ഭരണകൂടവും മുതലാളിത്ത ഭരണകൂടവും തമ്മിലുള്ള വ്യത്യസ്തത എന്തെന്ന് ലോകത്തിന് പൊടുന്നനെ വ്യക്തമായി. തൊഴിലാളിവർഗ്ഗം അടിമ സമാനമായ അവസ്ഥയിലേക്ക് മാറി. ജീവിതം താറുമാറായി. ആയുസ്സ് കുറഞ്ഞു. സമ്പത്താകെ ഒരുപറ്റം മുതലാളിത്ത കഴുകന്മാരുടെ കൈയിലായി.


മഹത്തായ സോഷ്യലിസ്റ്റ് സമൂഹത്തിന്റെ സുരഭിലമായ ആ കാലത്തിന്റെ സൃഷ്ടിക്ക് നാന്ദി കുറിച്ച മഹാനായ ലെനിനെ തുടർന്ന് സോഷ്യലിസത്തെ ഉത്തുംഗ പദവിയിലേക്ക് എത്തിക്കാൻ നേതൃത്വം കൊടുത്ത മഹാനായ സ്റ്റാലിന്റെ വാക്കുകൾ കേൾക്കുക. "സോവിയറ്റ് റിപ്പബ്ലിക്കിനെ തകർക്കുന്നതിൽ മൂലധനശക്തികൾ വിജയിച്ചാൽ എന്താവും സംഭവിക്കുക? എല്ലാ മുതലാളിത്ത– കൊളോണിയൽ രാജ്യങ്ങളിലും ഏറ്റവും കടുത്ത പിന്തിരിപ്പൻ യുഗം വന്നു മൂടും. തൊഴിലാളി വർഗ്ഗത്തിന്റെയും അടിച്ചമർത്തപ്പെടുന്ന ജനങ്ങളുടെയും കഴുത്തിൽ കരാളമായ നഖങ്ങളാഴ്ത്തപ്പെടും. സാർവ്വദേശീയ കമ്മ്യൂണിസത്തിന്റെ സ്ഥാനമാനങ്ങൾ നഷ്ടപ്പെടും". എത്ര പ്രവചന തുല്യമായ വാക്കുകൾ.

സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയോടെ ഇന്ന് റഷ്യയിലെ മാത്രമല്ല, ലോകമാകെയുള്ള തൊഴിലാളി വർഗ്ഗത്തിന്റെ ജീവിതം നരകസമാനമായിരിക്കുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ മാത്രമല്ല മനുഷ്യരാശിയുടെ തന്നെ പതനത്തിന് വഴിയൊരുക്കുന്ന സർവാംഗം ജീർണിച്ച മുതലാളിത്തത്തിനെതിരെ ലോക തൊഴിലാളി വർഗ്ഗം ശരിയായ തൊഴിലാളി വർഗ്ഗ രാഷ്ട്രീയം കൈമുതലാക്കിക്കൊണ്ട് ഉണർന്നെണീക്കുക മാത്രമാണ് മനുഷ്യ ജീവിതത്തിൽ മഹത്വം പുനഃസ്ഥാപിക്കാനും പരിപോഷിക്കാനുമുള്ള ഒരേയൊരു മാർഗം. മനുഷ്യസമൂഹത്തിന്റെ വികാസത്തിന്റെ അലംഘനീയമായ ശാസ്ത്രീയ തത്വങ്ങൾ പ്രവർത്തിക്കും എന്നതിനാൽ മുതലാളിത്തം അന്തിമ വ്യവസ്ഥിതി അല്ല എന്നും സോഷ്യലിസത്തിലൂടെ മനുഷ്യരാശി വർഗ്ഗരഹിത സമൂഹത്തിൽ എത്തിച്ചേരുമെന്നുമുള്ള യാഥാർത്ഥ്യം സുനിശ്ചിതമാണ്. തൊഴിലാളിവർഗ്ഗ മുന്നേറ്റങ്ങൾ വീണ്ടും ശക്തിപ്പെട്ടു വരും എന്നതും സുനിശ്ചിതമാണ്. ■

# നാലുവർഷ ബിരുദവും ദേശീയ വിദ്യാഭ്യാസ നയവും: സേവ് എജ്യുക്കേഷൻ കമ്മിറ്റി തൃശൂർ ജില്ലാ കൺവൻഷൻ

മൂന്നുവർഷ ബിരുദത്തിന്റെ കഴപ്പം ബോധ്യപ്പെടുത്താതെ നാലുവർഷ ബിരുദം ആരംഭിക്കുവാൻ കഴിയുമോയെന്നും അതിനുള്ള ഉത്തരം സർവകലാശാലകളോ ഉന്നതവിദ്യാഭ്യാസ കൗൺസിലോ ഇതുവരെയും നൽകിയിട്ടില്ലെന്നും മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി അസോസിയേറ്റ് പ്രൊഫസർ ഡോ. രാജേഷ് കോമത്ത് പറഞ്ഞു. അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി തൃശ്ശൂർ ചാപ്റ്റർ നവംബർ 24ന് തൃശ്ശൂർ പിഡബ്ല്യുഡി റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച നാലുവർഷ ബിരുദവും ദേശീയ വിദ്യാഭ്യാസ നയവുമെന്ന സംവാദം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അഖിലേന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന വൈസ് പ്രസിഡണ്ട് ജി.നാരായൺ മോഡറേറ്ററായിരുന്നു. ഡോ.രാജേഷ് കോമത്ത്, എം.ഷാജർ ഖാൻ എന്നിവർ വിഷയാവതരണം നടത്തി. എം.കെ.ഷഹസാദ്, പ്രൊഫ.ജോൺ തോമസ്, മുഹ്സിൻ പാട്ടൂർ, മനുപ്രകാശ്, ജോമി.പി.എൽ, ജെയിംസ് മുട്ടിക്കൽ, ഡോ.എം.പ്രദീപൻ, അബ്ദുൾ നവാസ് എന്നിവർ പ്രസംഗിച്ചു.



എഫ്‌വൈയുജിപിയും ദേശീയവിദ്യാഭ്യാസ നയവും എന്ന വിഷയത്തിൽ സേവ് എജ്യുക്കേഷൻ കമ്മിറ്റി തൃശൂർ പിഡബ്ല്യുഡി റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച സെമിനാർ ഡോ.രാജേഷ് കോമത്ത് ഉദ്ഘാടനം ചെയ്യുന്നു.

സേവ് എഡ്യൂക്കേഷൻ കമ്മറ്റി തൃശൂർ ചാപ്റ്റർ പ്രസിഡന്റായി ശ്രീകേരള വർമ്മ കോളേജ് മുൻപ്രിൻസിപ്പൽ ഡോ.കെ.കൃഷ്ണകുമാരിയെ തിരഞ്ഞെടുത്തു.

ഡോ.പി.വി.കൃഷ്ണൻനായർ രക്ഷാധികാരിയായും സംസ്ഥാന വൈസ് പ്രസിഡന്റ് ജി.നാരായണൻ, കെ.ആർ. ആനന്ദൻ, ഡോ. പി.എസ്. ബാബു എന്നിവർ ഉൾപ്പെടുന്ന ഉപദേശക സമിതിക്കും രൂപംനൽകി. വി.എസ്. ഗിരീശൻ, പ്രൊഫ.ജയലക്ഷ്മി, ഡോ.എം. മുകുന്ദൻ, ഡോ.എം. പ്രദീപൻ എന്നിവർ വൈസ് പ്രസിഡന്റുമാരും അബ്ദുൾ നവാസ് സെക്രട്ടറിയും വി.എസ്. രമ്യ, രാധിക റ്റി.ആർ എന്നിവർ ജോയിന്റ് സെക്രട്ടറിമാരും സി. ആർ. ഉണ്ണികൃഷ്ണൻ ട്രഷററുമായി കമ്മിറ്റിയും തിരഞ്ഞെടുത്തു. ■

# കർഷകദ്രോഹ നയങ്ങൾക്കെതിരെ ജില്ലാ കേന്ദ്രങ്ങളിൽ പ്രക്ഷോഭം



കോഴിക്കോട് കളക്ട്രേറ്റിന് മുന്നിൽ നടന്ന ധർണ്ണ എഐകെകെഎം എസ് സംസ്ഥാന പ്രസിഡന്റ് കെ.അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്യുന്നു.

**കാ**ർഷിക ഉൽപ്പന്നങ്ങൾക്ക് C2+50% ഫോർമുലയിൽ താങ്ങുവില നിയമപരമാക്കുക, സബ്സിഡികൾ ഇല്ലാതാക്കുന്ന വൈദ്യുതി ഭേദഗതി നിയമം 2023 പിൻവലിക്കുക; സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിക്കുക, കർഷകരുടെ കടങ്ങൾ എഴുതി തള്ളുക, ഗ്രാമീണ ദരിദ്രർക്ക് വർഷംമുഴുവൻ തൊഴിലും മതിയായ വേതനവും ഉറപ്പാക്കുക, കർഷകർക്കും കർഷക തൊഴിലാളികൾക്കും പ്രതിമാസം 10,000 രൂപ പെൻഷൻ അനുവദിക്കുക, വന്യമൃഗശല്യം ശാശ്വതമായി പരിഹരിക്കുക തുടങ്ങിയ ദേശീയ ഡിമാന്റുകളോടൊപ്പം, നെല്ലിന് കിലോക്ക് 35രൂപയും റബ്ബറിന് 250രൂപയും കർഷകർക്ക് ഉറപ്പാക്കുക എന്നീ ആവശ്യങ്ങളും ഉയർത്തി എഐകെകെഎംഎസിന്റെ ആഭിമുഖ്യത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധ ധർണ്ണയും കളക്ടർക്ക് നിവേദന സമർപ്പണവും നടന്നു. ഇന്ത്യയിലെ ആദ്യത്തെ ദേശീയ കർഷക പ്രക്ഷോഭമായി അറിയപ്പെടുന്ന പഗ്ഡി സംഭാൾ ജാട്ട പ്രക്ഷോഭത്തിന്റെ സഹനായകനും സ്വാതന്ത്ര്യ സമരത്തിലെ സന്ധിയില്ലാ സമരത്തിന്റെ പ്രതീകവുമായ മഹാനായ ലാലാ ലജപത് റായിയുടെ ചരമ വാർഷികദിനമായ നവംബർ 17 രാജ്യമെമ്പാടും ആചരിച്ചുകൊണ്ട്, നവംബർ 18ന് ജില്ലാ കേന്ദ്രങ്ങളിൽ കർഷകരെ അണിനിരത്തി പ്രതിഷേധ പരിപാടികളോടെ ജില്ലാകളക്ടർക്ക് നിവേദനം സമർപ്പിക്കുവാനും, 2025 ഫെബ്രുവരി മാസത്തിൽ സംസ്ഥാന തലസ്ഥാനങ്ങളിൽ കർഷകരുടെ വൻപ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കാനുമാണ് കിസാൻ മഹാപഞ്ചായത്ത് ആഹ്വാനം ചെയ്തിരിക്കുന്നത്.

എഐകെകെഎംഎസ് ഹരിപ്പാട് ബ്ലോക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പള്ളിപ്പാട് ചന്തയിൽ നവംബർ 17ന് പൊതുയോഗം സംഘടിപ്പിച്ചു. നവംബർ 18ന് ആലപ്പുഴ ജില്ലാ കളക്ട്രേറ്റിൽ സംഘടിപ്പിച്ച ധർണ്ണയും നിവേദനം സമർപ്പണവും ജില്ലാ പ്രസിഡന്റ് സഖാവ് ടി.കെ.ഗോപിനാഥൻ ഉദ്ഘാടനം ചെയ്തു. എഐകെകെഎംഎസ് ദേശീയ സമിതിയംഗം പി.ആർ.സതീശൻ ബി.ഭദ്രൻ, മധു പള്ളിപ്പാട്ട്, പി.കെ.ശശി, അനീഷ് കുമാർ തുടങ്ങിയവർ പ്രസംഗിച്ചു.



കറവിലങ്ങാട് നടന്ന ധർണ്ണ എഐകെകെഎം എസ് സംസ്ഥാന സെക്രട്ടറി എൻ.വിനോദ് കുമാർ ഉദ്ഘാടനം ചെയ്യുന്നു.

ഇടുക്കിയിൽ ജോയി പുളിയംമാക്കലിന്റെ അദ്ധ്യക്ഷതയിൽ കളക്ട്രേറ്റിനു മുന്നിൽ നടന്ന കർഷക ധർണ്ണയും നിവേദന സമർപ്പണവും എഐകെകെഎംഎസ് സംസ്ഥാന സെക്രട്ടറി എൻ.വിനോദ് കുമാർ ഉദ്ഘാടനം ചെയ്തു. സിബി സി.മാത്യു, എൻ.കെ. സുരേഷ്, മാത്യു ജേക്കബ്, എം.എസ്.ചിന്താമണി, രമ സുരേഷ്, ജെറീഷ് ആലക്കോട് തുടങ്ങിയവർ പ്രസംഗിച്ചു.

കൊല്ലം, കോഴിക്കോട്, കോട്ടയം, എറണാകുളം, പത്തനംതിട്ട ജില്ലകളിൽ നവംബർ 19നാണ് പരിപാടികൾ സംഘടിപ്പിക്കപ്പെട്ടത്. കൊല്ലം ഹെഡ്പോസ്റ്റാഫീസിനു മുന്നിൽ എഐകെകെഎംഎസ് ജില്ലാ പ്രസിഡന്റ് എൻ.വിജയകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നടന്ന ധർണ്ണ എഐയുറ്റിയുസി സംസ്ഥാനസെക്രട്ടറിബി.വിനോദ് ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി ജി.ധ്രുവകുമാർ, ഫിലിപ്പ് ജോസഫ്, ഫിലിപ്പ് തോമസ്, ടി.ശശിധരൻ, എസ്.രാഘവൻ തുടങ്ങിയവർ പ്രസംഗിച്ചു. കളക്ടർക്ക് നിവേദനം സമർപ്പിച്ചു.



ആലപ്പുഴ കളക്ട്രേറ്റ് ധർണ്ണ എഐകെകെഎംഎസ് ജില്ലാ പ്രസിഡന്റ് ടി.കെ.ഗോപിനാഥൻ ഉദ്ഘാടനം ചെയ്യുന്നു.

കോട്ടയത്ത് നിവേദന സമർപ്പണത്തിനുശേഷം ജില്ലാ പ്രസിഡന്റ് ടി.ജെ.ജോണിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ കറവിലങ്ങാട് നടന്ന ധർണ്ണ സംസ്ഥാന സെക്രട്ടറിഎൻ.വിനോദ് കുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റി അംഗങ്ങളായ കെ.പി.വിജയൻ, എ.ജി.അജയകുമാർ, എം.ജെ.സണ്ണി, കുഞ്ഞുമോൻ കല്ലറ, വ്യാസൻ കല്ലറ എന്നിവർ പ്രസംഗിച്ചു.



കൊല്ലം ഹെഡ് പോസ്റ്റാഫീസ് ധർണ്ണ എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി ബി.വിനോദ് ഉദ്ഘാടനം ചെയ്യുന്നു

കോഴിക്കോട് കളക്ട്രേറ്റ് ധർണ്ണയും നിവേദന സമർപ്പണവും നടന്നു. കോഴിക്കോട് ജില്ലാ കൺവീനർ എം.കെ.രാജന്റെ അദ്ധ്യക്ഷതയിൽ നടന്ന ധർണ്ണ സംസ്ഥാന പ്രസിഡന്റ് കെ.അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.രാജീവൻ, പി.കെ.ഭഗത്, എം.പി. അനിൽകുമാർ, വി.രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. എം.കെ. രാജന്റെ നേതൃത്വത്തിലുള്ള നിവേദക സംഘം എഡിഎമ്മിന് നിവേദനം സമർപ്പിച്ചു. എറണാകുളത്ത്, സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി.ജോളി, സംസ്ഥാന ട്രഷറർ പി.പി.എബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ എഡിഎമ്മിന് നിവേദനം സമർപ്പിച്ചു. പത്തനംതിട്ടയിൽ എസ്.രാധാമണിയുടെ നേതൃത്വത്തിലുള്ള നിവേദക സംഘംകളക്ടർക്ക് നിവേദനം സമർപ്പിച്ചു. തൃശ്ശൂരിൽ ജില്ലാ സെക്രട്ടറി എം.കുമാരന്റെ നേതൃത്വത്തിൽ കളക്ടർക്ക് നിവേദനം സമർപ്പിച്ചു. ■



ഇടുക്കി കളക്ട്രേറ്റ് ധർണ്ണയ്ക്കുമുന്നോടിയായി നടന്ന പ്രകടനം

## മുനമ്പം: ജനകീയ ഐക്യം കാത്തുപുലർത്തുക...



എറണാകുളം ഹൈക്കോടതി ജംഗ്ഷനിൽ ജനകീയ പ്രതിരോധ സമിതി സംഘടിപ്പിച്ച ജാഗ്രത സദസ്സ് സംസ്ഥാന പ്രസിഡന്റ് പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു.

## അങ്കമാലി കുണ്ടന്നൂർ ബൈപ്പാസ് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നടന്ന കളക്ട്രേറ്റ് ധർണ്ണയ്ക്ക് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ഐക്യദാർഢ്യം

**അ**ങ്കമാലിയിൽനിന്ന് തുടങ്ങി 18 വില്ലേജുകളിലൂടെ കടന്ന് കുണ്ടന്നൂരിൽ എത്തിച്ചേരുന്ന ഗ്രീൻഫീൽഡ് ബൈപ്പാസി(ദേശീയപാത 544 അങ്കമാലി കുണ്ടന്നൂർ ബൈപ്പാസ്)നുവേണ്ടി കടപ്പാടങ്ങളും തൊഴിൽസ്ഥാപനങ്ങളും നഷ്ടപ്പെടുന്ന ജനങ്ങളുടെ ആശങ്കകൾ അകറ്റണമെന്ന് ജനകീയ പ്രതിരോധ സമിതി ആവശ്യപ്പെട്ടു.

സ്വകാര്യവസ്തു പൊതുവായ ആവശ്യങ്ങൾക്ക് ഏറ്റെടുക്കുമ്പോൾ സ്വീകരിക്കേണ്ട നിലപാടുകളെ സംബന്ധിച്ച് നിരവധി വിധികളിലൂടെ സുപ്രീംകോടതി വ്യക്തത വരുത്തിയിട്ടുണ്ട്. ഈ മാർഗ്ഗ നിർദ്ദേശക തത്വങ്ങൾ പാലിച്ചുകൊണ്ട് ഇരകളാക്കപ്പെടുന്ന കുടുംബങ്ങളുടെ ന്യായമായ ആവശ്യങ്ങൾ സർക്കാർ അംഗീകരിക്കാൻ തയ്യാറാകുക, കൊളോണിയൽ മനഃസ്ഥിതി വെച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കരുത്, നിയമത്തിലുള്ള വ്യക്തതക്കുറവ് ഉപയോഗപ്പെടുത്തി ജനങ്ങളുടെ മുകളിൽ കുതിര കയറുന്ന ഉദ്യോഗസ്ഥരെ അനുവദിക്കരുത്, മൂലംപള്ളി പോലുള്ള സംഭവങ്ങൾ ആവർത്തിക്കില്ലെന്ന് ഉറപ്പാക്കുക. പദ്ധതിയുടെ പേരിൽ ആശങ്കയിലായ ജനങ്ങളോട് ചർച്ചയുടെയും സമവായത്തിന്റെയും മാർഗ്ഗം സർക്കാർ സ്വീകരിക്കുക, സ്വതന്ത്ര ചുമതലയുള്ള പുനരധിവാസ ഉദ്യോഗസ്ഥനെ പുനരധിവാസ നടപടികൾ പൂർത്തീകരിക്കുംവരെ നിയോഗിക്കുക തുടങ്ങിയ കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് ജനകീയ പ്രതിരോധ സമിതി സമരത്തിന് പരിപൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു.

ബൈപ്പാസ് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നവംബർ 19 ന് കളക്ട്രേറ്റിനു മുന്നിൽ സംഘടിപ്പിച്ച ഇരകളുടെ പ്രതിഷേധ ധർണ്ണയിൽ ആയിരങ്ങൾ പങ്കെടുത്തു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി പ്രവർത്തകരും ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് സമരത്തോടൊപ്പം അണിചേർന്നു. ജനകീയ പ്രതിരോധ സമിതി സംഘാടകരായ എൻ.ആർ. മോഹൻകുമാർ, കെ.പി. സാൽവിൻ, സി.ബി. അശോകൻ, പി.പി. എബ്രഹാം, എം.കെ. ഉഷ, എ. റെജീന, കെ.എ. സതീശൻ എന്നിവർ ഐക്യദാർഢ്യ പരിപാടിക്ക് നേതൃത്വം നൽകി ■

### ദേശീയ വിദ്യാഭ്യാസ നയം 2020നെതിരെ കരുത്തുറ്റ വിദ്യാർത്ഥി-ബഹുജനമുന്നേറ്റത്തിന് ആഹ്വാനം ചെയ്തുകൊണ്ട്

# എഐഡിഎസ്ഒ സംഘടിപ്പിച്ച അഖിലേന്ത്യാ വിദ്യാർത്ഥി സമ്മേളനം

ദേശീയ വിദ്യാഭ്യാസ നയം 2020നെതിരെ രാജ്യമെമ്പാടും ശക്തമായ പ്രചാരണം നടത്തിക്കൊണ്ട് ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ(എഐഡിഎസ്ഒ) നവംബർ 28,29,30 തീയതികളിൽ ഡൽഹിയിൽസംഘടിപ്പിച്ചപത്താമത് അഖിലേന്ത്യാ വിദ്യാർത്ഥി സമ്മേളനം ജനവിരുദ്ധ നയത്തിനെതിരെ വിദ്യാർത്ഥി-ബഹുജന മുന്നേറ്റത്തിന് മുൻകൈയെടുക്കാൻ വിദ്യാർത്ഥികളോടും വിദ്യാഭ്യാസ സ്നേഹികളോടും ആഹ്വാനം ചെയ്തു.

ഡൽഹി തൽക്കത്തോറ സ്റ്റേഡിയത്തി(ഷഹീദ് ഉദ്ദം സിംഗ് നഗർ)ൽ നടന്ന പൊതുസമ്മേളനത്തിന്റെ ഉദ്ഘാടന വേദിയിൽ ഭഗത്സിംഗ് ആർക്കൈവ്സ് ആന്റ് റിസോഴ്സ് സെന്റർ ഉപദേഷ്ടാവ് ചമൻലാൽ മുഖ്യപ്രഭാഷണം നടത്തി. ദേശീയ വിദ്യാഭ്യാസ നയം (എൻഇപി) 2020 നടപ്പിലാക്കിയതിലൂടെ വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണവും വാണിജ്യവൽക്കരണവും ത്വരിതഗതിയിൽ വർദ്ധിച്ചുവെന്ന് അദ്ദേഹം പറഞ്ഞു.

പ്രമുഖ ചരിത്രകാരൻ പ്രൊഫ. ഇർഫാൻഹബീബിന്റെവീഡിയോ സന്ദേശം പ്രദർശിപ്പിച്ചു. പ്രൊഫ. റോമില ഥാപ്പറുടെ സന്ദേശം വായിച്ചു. എഐഡിഎസ്ഒ ജനറൽ സെക്രട്ടറി സൗരവ് ഘോഷ് അധ്യക്ഷത വഹിച്ചു. എഐഡിഎസ്ഒ അഖിലേന്ത്യാപ്രസിഡന്റ് വി.എൻ. രാജശേഖർ, മുൻ അഖിലേന്ത്യാ പ്രസിഡന്റ് അരുൺ കുമാർ സിംഗ് എന്നിവർ പ്രസംഗിച്ചു.

തുടർന്ന് നടന്ന ഇടതു വിദ്യാർത്ഥി സംഘടനാപ്രതിനിധികളുടെ സെഷനിൽ എഐഎസ്എ ജനറൽ സെക്രട്ടറി പ്രസെൻജിത് കുമാർ, എഐഎസ്ബി സെക്രട്ടറി ജയവർദ്ധൻ, പിഎസ്‌യു ജനറൽ സെക്രട്ടറി നൗഫൽ ഇഡ്രിസഫിയുള്ള, എഐഎസ്എഫ് നാഷണൽ പ്രസിഡന്റ് വിരാജ് ദേവാങ്, എഐഡിഎസ്ഒ സെൻട്രൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം മണിശങ്കർ പട്നായിക് എന്നിവർ പങ്കെടുത്തു. എഐഡിഎസ്ഒ സെൻട്രൽ എക്സിക്യൂട്ടീവ് അംഗം അജിത് സിംഗ് പൻവാർ അധ്യക്ഷത വഹിച്ചു.

നവംബർ 28 ന് സമ്മേളന നഗരിയിൽ നടന്ന അക്കാദമിക് സെഷനിൽ പങ്കെടുത്ത മുംബൈ ഐഐടി റിട്ട.പ്രൊഫ.രാം പുനിയാനി ദേശീയ വിദ്യാഭ്യാസ നയം 2020 രാജ്യത്തിന്റെ വികാസത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നുവെന്ന് അഭിപ്രായപ്പെട്ടു. എൻഇപി 2020ന്റെ ഭാഗമായി കൊണ്ടുവന്നിരിക്കുന്ന ഭാരതീയ ജ്ഞാന സംഹിതയിലൂടെ ഇന്ത്യയുടെ ചരിത്രം തന്നെപൊളിച്ചെഴുതുകയാണെന്ന് ആദ്ദേഹം ചൂണ്ടിക്കാട്ടി. പരിണാമ സിദ്ധാന്തവും പീരിയോഡിക് ടേബിളുമെല്ലാം പാഠപുസ്തകത്തിൽ നിന്ന് നീക്കം ചെയ്ത് അശാസ്ത്രീയതയും അന്ധവിശ്വാസവും വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിൽപെടുത്തിയിരിക്കുന്നു. ഇതിലൂടെ യഥാർത്ഥ വിജ്ഞാനമാണ് തടഞ്ഞുവെയ്ക്കപ്പെടുന്നത്. ഭരണകൂടത്തിന്റെ ഇത്തരത്തിലുള്ള നടപടികളിലൂടെ യുക്തിരഹിതരായ ഒരു സമൂഹം സൃഷ്ടിക്കപ്പെടുകയും അത് രാജ്യത്തിന്റെ ആകമാനമുള്ള വികാസത്തിന് വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യും. അതിനാൽ വിനാശകരമായ വിദ്യാഭ്യാസ പദ്ധതികൾക്കെതിരെ വിദ്യാഭ്യാസ സംരക്ഷണ സമരം വളർത്തിയെടുക്കാൻ സമൂഹമൊന്നാകെ മുന്നോട്ട് വരണമെന്നും അദ്ദേഹം തുടർന്നുപറഞ്ഞു.




അക്കാദമിക് സെഷനിൽ മുംബൈ ഐഐടി റിട്ട.പ്രൊഫ.രാം പുനിയാനി പ്രസംഗിക്കുന്നു.

എഐഡിഎസ്ഒ സെൻട്രൽ എക്സിക്യൂട്ടീവ് മെമ്പറും കേരള സംസ്ഥാന പ്രസിഡന്റുമായ ഡോ. എസ്.അലീന മോഡറേറ്ററായിരുന്നസെഷനിൽഅലിഗഢ്മുസ്ലീം യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ലെഫ്.ജനറൽ സമീർ ഉദ്ദീൻ ഷാ, മേഘാലയിലെ പ്രശസ്ത വിദ്യാഭ്യാസ പ്രവർത്തകൻ പ്രൊഫ.വാൻഡൽ പാസെ, പ്രൊഫ.എൽ.ജവഹർ നേശൻ (മൈസൂർ ജെഎസ്എസ് ടെക്നിക്കൽ യൂണിവേഴ്സിറ്റി), പ്രൊഫ. നവനീത് ശർമ(ഹിമാചൽപ്രദേശ് സെൻട്രൽ യൂണിവേഴ്സിറ്റി), മുൻ എംപിയും പീപ്പിൾസ് ഹെൽത്ത് മൂവ്മെന്റിന്റെ നേതാവുമായ ഡോ. തരുൺ മണ്ഡൽ എന്നിവർ പ്രസംഗിച്ചു.

രാവിലെ നടന്ന അന്താരാഷ്ട്ര വിദ്യാർത്ഥി സംഘടനാ നേതാക്കളുടെ സെമിനാറിൽ ഓൾ നേപ്പാൾ നാഷണൽ ഫ്രീ സ്റ്റുഡന്റ്സ് യൂണിയൻ പ്രതിനിധി ആർതി ലാമ, ഓൾ നേപ്പാൾ സ്റ്റുഡന്റ്സ് യൂണിയൻ (സോഷ്യലിസ്റ്റ്) പ്രസിഡന്റ് സി.നരേന്ദ്ര, എഐഡിഎസ്ഒ സെൻട്രൽ എക്സിക്യൂട്ടീവ് അംഗം കെ.എസ്.അശ്വിനി എന്നിവർ സംസാരിച്ചു. ശ്രീലങ്കൻ റെവല്യൂഷണറി സ്റ്റുഡന്റ്സ് യൂണിയൻ, ബംഗ്ലാദേശ് സോഷ്യലിസ്റ്റ് സ്റ്റുഡന്റ്സ് ഫ്രണ്ട്, യൂഗോസ്ലാവിയയിലെ സോഷ്യലിസ്റ്റ് യൂത്ത് ലീഗ് എന്നിവയുടെ പ്രതിനിധികളുടെ വീഡിയോ സന്ദേശവും ഉണ്ടായിരുന്നു.

പ്രതിനിധി സമ്മേളനത്തിന്റെ സമാപനയോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പോളിറ്റ് ബ്യൂറോ അംഗം ചണ്ഡീദാസ് ഭട്ടാചാര്യ മുഖ്യപ്രസംഗം നടത്തി. ദേശീയ വിദ്യാഭ്യാസ നയം 2020നെതിരെ ജനകീയ സമരവേദി പടുത്തുയർത്തേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസത്തെ സ്വകാര്യവൽക്കരിക്കുകയും വാണിജ്യവൽക്കരിക്കുകയും വർഗ്ഗീയവൽക്കരിക്കുകയും കേന്ദ്രീകരിക്കുകയും ചെയ്യുന്ന എൻഇപി 2020നെതിരെ വിദ്യാർത്ഥികളെയും അധ്യാപകരെയും വിദ്യാഭ്യാസ സ്നേഹികളെയും അണിനിരത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്. ഈ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടത് വിദ്യാർത്ഥികളുടെ കടമയുമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ശാസ്ത്രീയ - മതേതര - ജനാധിപത്യ വിദ്യാഭ്യാസത്തെ എല്ലാവരിലേക്കും എത്തിക്കുക എന്ന ദൗത്യമേറ്റെടുത്തുകൊണ്ട് പ്രവർത്തിക്കാൻ വിദ്യാർത്ഥികൾ തയ്യാറാകണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.




ഭഗത്സിംഗ് ആർക്കൈവ്സ് ആന്റ് റിസോർഴ്സ് സെന്റർ ഉപദേഷ്ടാവ് ചമൻലാൽ മുഖ്യപ്രഭാഷണം നടത്തുന്നു.

അഖിലേന്ത്യാപ്രസിഡന്റായി സൗരവ് ഘോഷിനെയും ജനറൽ സെക്രട്ടറിയായി ശിബാശിശ് പ്രഹരാജിനെയും 202 അംഗ സെൻട്രൽ കൗൺസിലിനെയും തിരഞ്ഞെടുത്തു. കേരള സംസ്ഥാന പ്രസിഡന്റ് എസ്.അലീന, സെക്രട്ടറി ആർ.അപർണ എന്നിവരെ ജോയിന്റ് സെക്രട്ടറിമാരായും അകിൽ മുരളി, ഗോവിന്ദ് ശശി, അജിത് മാത്യു, നിലീന മോഹൻകുമാർ, ആർ. ജതിൻ എന്നിവരെ സെൻട്രൽ വർക്കിംഗ് കമ്മിറ്റിയിലേക്കും തിരഞ്ഞെടുത്തു.

രാജ്യത്തെ 29 സംസ്ഥാനങ്ങളിൽ നിന്നും 4 കേന്ദ്രഭരണപ്രദേശങ്ങളിൽനിന്നുമായി 1800 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. ദേശീയവിദ്യാഭ്യാസനയം 2020 പിൻവലിക്കുക, വിജ്ഞാനത്തെയും സംസ്കാരത്തെയും മാനവികതയെയും സംരക്ഷിക്കുക തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് സംഘടന രാജ്യമെമ്പാടും നടത്തിവരുന്ന ചിട്ടയായ പ്രവർത്തനങ്ങളുടെ തുടർച്ചയിലാണ് ഈ സമ്മേളനം സംഘടിപ്പിക്കപ്പെട്ടത്. അഖിലേന്ത്യാ സമ്മേളനത്തിന്റെ അതീവ ഗൗരവസ്വഭാവം പങ്കെടുത്തവരെല്ലാം ഉൾക്കൊണ്ടിരുന്നുവെന്ന് സമ്മേളനത്തിന്റെ ഓരോ സെഷനിലും നടന്ന ചർച്ചകൾ വ്യക്തമാക്കി. വിവിധ സംസ്ഥാനങ്ങളിൽനിന്നുവന്ന പ്രതിനിധികൾ വേദിയിൽ അവതരിപ്പിച്ച വൈവിധ്യമാർന്ന കലാ-സാംസ്കാരിക പരിപാടികൾ പങ്കെടുത്ത ഏവർക്കും കൂടുതൽ മെച്ചപ്പെട്ട അനുഭവം സമ്മാനിച്ചു.

മുതലാളിത്ത ഇന്ത്യയിലെ ഭരണവർഗ്ഗം തങ്ങളുടെ താൽപ്പര്യസംരക്ഷണാർത്ഥം രാജ്യത്ത് പടർത്തുന്ന വർഗ്ഗീയ-വംശീയ അന്ധകാരത്തിനെതിരെ വളർന്നുവരുന്ന അതിശക്തമായ ഒരു പ്രതിപ്രവാഹത്തിന്റെ ദിശയാണ് എഐഡിഎസ്ഒ സമ്മേളനം രാജ്യത്തിനുമുന്നിൽ ചൂണ്ടിക്കാട്ടിയത്. മഹാനായ തൊഴിലാളിവർഗ്ഗനേതാവും സംഘടനയുടെ മാർഗ്ഗദർശിയുമായ സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠങ്ങളിൽ നിന്നും കരുത്താർജ്ജിച്ച് ഉയർന്നുവരുന്ന ഈ തലമുറ രാജ്യത്തെ ദരിദ്രരും അടിച്ചമർത്തപ്പെട്ടവരുമായ ജനങ്ങളുടെ പുതിയവെളിച്ചവും പ്രതീക്ഷയുമാണെന്ന് അടിവരയിട്ട സമ്മേളനമാണ് ഹിന്ദിഹൃദയമേഖലയിൽ സംഘടിപ്പിക്കപ്പെട്ടത്. ■






Volume: 51 No: 9 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.